കൈപ്പുസ്തകം

# ഗ്രാമസഭ

**കെ. ബി. മദൻമോഹൻ**




Schweizerische Eidgenossenschaft
Confédération suisse
Confederazione Svizzera
Confederaziun svizra

**Swiss Agency for Development and Cooperation SDC**

SDC CapDecK

CAPACITY DEVELOPMENT FOR DECENTRALISATION IN KERALA

**GRAMSABHA**
A handbook

*Prepared by*
**K.B. Madan Mohan**

*First Edition:* 2005
*Second Edition:* 2006
*Third Edition : 2007*

*Typesetting*
Lipi Laser Media

*Cover Design*
Shamnad Rasool

*Drawings, Design*
*& Production*
Word Pecker
wordpeckerkerala@gmail.com

*Published by*

**SDC CapDecK**

**Programme on Capacity Development for Decentralisation in Kerala**
**Swiss Agency for Development and Cooperation SDC**

SBI Buildings, Pattom P.O, Thiruvananthapuram 695 004
Email: capdeck@asianetindia.com
Phone: 0471-2543392 Fax: 0471-2543391

# ആമുഖം

**പ്രാ**ദേശിക ഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തി സ്വയംഭരണാവകാശത്തിലേക്ക് നയിക്കേണ്ടത് പ്രധാനമാണെന്ന ആശയം ദേശീയപ്രസ്ഥാനത്തിന്റെ കാലംമുതൽ തന്നെ ശക്തമായിരുന്നു. ജനങ്ങളുടെ പങ്കാളിത്തം ഭരണനിർവ്വഹണപ്രവർത്തനങ്ങളെ അഴിമതിവിമുക്തവും കാര്യക്ഷമവുമാക്കും. ജനങ്ങൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും അധികാരത്തിന്റെ ദുർവിനിയോഗം തടയുന്നതിനും ജനങ്ങളെ ശാക്തീകരിക്കേണ്ടതുണ്ട്; അതിനായി ജനങ്ങളിലേക്ക് അധികാരം എത്തിപ്പെടേണ്ടതാണെന്നും പ്രാദേശിക ഭരണസ്ഥാപനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ടുമാത്രമേ ജനങ്ങൾക്ക് അവരുടെ അധികാരം വിനിയോഗിക്കുന്നതിനും വികസനപ്രക്രിയയിൽ പങ്കാളികളാകുന്നതിനും കഴിയൂ എന്നും ഇന്ന് പരക്കെ എല്ലാവരും അംഗീകരിച്ചിട്ടുണ്ട്.

ഈ കാഴ്ചപ്പാടോടെയാണ് മഹാത്മാ ഗാന്ധി 'ഗ്രാമസ്വരാജ്' എന്ന ആശയം അവതരിപ്പിച്ചത്. ഗ്രാമസ്വരാജിനെ വിസ്മരിച്ചുകൊണ്ടുള്ള ഒരു ഭരണവ്യവസ്ഥ ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനോ ജനവികാരങ്ങൾ പ്രതിഫലിപ്പിക്കുന്നതിനോ സഹായകമല്ല എന്ന് ഗാന്ധിജി ഉറച്ചുവിശ്വസിച്ചിരുന്നു. സ്വാതന്ത്ര്യലബ്ധിയോടെ ഇക്കാര്യത്തിൽ ചില തർക്കങ്ങൾ നിലനിന്നിരുന്നുവെങ്കിലും ജനാധിപത്യം താഴെത്തട്ടിൽ ആരംഭിക്കുകയും ശക്തി പ്രാപിക്കുകയും ചെയ്തെങ്കിലേ പൂർണ്ണമാവൂ എന്ന് പിൽക്കാലത്ത് തിരിച്ചറിഞ്ഞു. ഇതിനെത്തുടർന്ന് പ്രാദേശികതലത്തിലുള്ള സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു.

സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും അവരുടെ അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ, അഭിലാഷങ്ങൾ, പ്രശ്നങ്ങൾ എന്നിവ പ്രകടിപ്പിക്കുന്നതിന് പ്രാദേശിക ഭരണകൂടത്തിൽക്കൂടി മാത്രമേ കഴിയൂ. ജനങ്ങളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള ആസൂത്രണത്തിനും വികസനത്തിനും ഭരണസംവിധാനത്തിലും അതിന്റെ ഘടനയിലും മാറ്റങ്ങൾ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. സ്ഥായിയായ വികസനനേട്ടങ്ങൾ കൈവരിക്കുന്നതിന് ജനകീയപങ്കിളത്തവും മേൽനോട്ടവും അത്യന്താപേക്ഷിതമാണെന്നും, അതിനുള്ള

*ചർച്ചകൾക്കായി അവതരിപ്പിക്കുന്ന ഒരു ലഘുലേഖയായാണ് ഇതിനെ സമീപിക്കേണ്ടത്. 2004 ഡിസംബർ 10ന് എറണാകുളത്തുവച്ച് 'ഗ്രാമസഭ'യെക്കുറിച്ചു നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, നിയമപരമായുള്ള കാര്യങ്ങൾക്കൊപ്പം കൂടുതൽ ചിന്തകൾക്കായുള്ള സൂചകങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*



വേദികൾ ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും ഇന്ന് പരക്കെ ചർച്ചചെയ്യപ്പെടുന്നുണ്ട്. എന്നാൽ പങ്കാളിത്തം എങ്ങനെ, ഏതെല്ലാം കാര്യത്തിൽ എന്നിവയിൽ ഇനിയും ആശയവ്യക്തത ഉണ്ടാകേണ്ടതുണ്ട്.

ഇന്ന് നിലവിലുള്ള ഭരണസംവിധാനത്തിൽ ഭരണത്തിലും വികസനപ്രക്രിയയിലും ജനങ്ങൾക്ക് നേരിട്ട് പങ്കെടുക്കാൻ കഴിയുന്ന തലം ഗ്രാമസഭയാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നോക്കിയാൽ കേരളത്തിൽ ഇത് തികച്ചും പുതിയ സംവിധാനമാണ്. അതിനാൽ ഇവ എങ്ങനെ ശരിയായ പങ്കാളിത്തതലമാക്കി മാറ്റാം, അതിനായി എന്തെല്ലാം രീതിശാസ്ത്രങ്ങളാണ് പരീക്ഷിക്കേണ്ടത് എന്ന അന്വേഷണത്തിലാണു നാം. അതിനാൽ ഇത്തരം പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവരുടെയും അവയെക്കുറിച്ചു ചിന്തിക്കുന്നവരുടെയും കൂടിച്ചേരലിനും ആശയവിനിമയത്തിനും വളരെ പ്രാധാന്യമുണ്ട്.







ഇത്തരത്തിൽ ചർച്ചകൾക്കായി അവതരിപ്പിക്കുന്ന ഒരു ലഘുലേഖയായാണ് ഇതിനെ സമീപിക്കേണ്ടത്. 2004 ഡിസംബർ 10ന് എറണാകുളത്തുവച്ച് 'ഗ്രാമസഭ'യെക്കുറിച്ചു നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, നിയമപരമായുള്ള കാര്യങ്ങൾക്കൊപ്പം കൂടുതൽ ചിന്തകൾക്കായി പ്രായോഗികതലത്തിൽ നടത്തിയ പരീക്ഷണ-നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലുള്ള സൂചകങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിപുലമായ ചർച്ചകൾക്കും പ്രയോഗതലത്തിലെത്തിക്കുന്നതിനുമായി ഈ ലഘുലേഖ സമർപ്പിക്കുന്നു.



# 1
# അധികാര വികേന്ദ്രീകരണം

**ഏ**താണ്ട് രണ്ടു നൂറ്റാണ്ടുകാലത്തോളം ഇന്ത്യാ രാജ്യം മുഴുവൻ ബ്രിട്ടീഷ് അധീനതയിൽ ആയിരുന്നുവെങ്കിലും വളരെ വ്യത്യസ്തമായ ഭരണസമ്പ്രദായങ്ങളാണ് ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ നിലനിന്നിരുന്നത് എന്നു കാണാം. ബ്രിട്ടീഷ് ഗവർണർമാർ നേരിട്ട് ഭരണംനടത്തുന്ന പ്രദേശങ്ങൾ, നാടുവാഴികളുടെ കീഴിലുള്ള പ്രദേശങ്ങൾ, മുസ്ലീം രാജാക്കന്മാരുടെ കീഴിലുള്ള പ്രദേശങ്ങൾ, കന്റോൺമെന്റുകൾ എന്നിങ്ങനെ പലവിധം.

ഇന്ത്യയിൽ വേദകാലത്തോളം പഴക്കമുള്ള ചരിത്രമാണ് പഞ്ചായത്തിരാജിനുള്ളത്. നീതിന്യായ പരിപാലനം ഉൾപ്പെടെ ജനജീവിതത്തെ ബാധിക്കുന്ന എല്ലാ മേഖലകളിലും ക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ ഗ്രാമങ്ങൾ നിർണായക പങ്കു വഹിച്ചിരുന്നു. ഇന്ത്യയിലെ ഗ്രാമഭരണസംവിധാനം നിർവീര്യമായത് ബ്രിട്ടീഷ് ആധിപത്യത്തോടെയാണ്.

സ്വാതന്ത്ര്യാനന്തരം, ചരിത്രപരമായി നിലനിൽക്കുന്ന വൈവിധ്യങ്ങളെ അംഗീകരിച്ചു കൊണ്ട് ഇന്ത്യയ്ക്ക് ഒരു കേന്ദ്രീകൃത ഭരണമല്ല, മറിച്ച് ഒരു ഫെഡറൽ സംവിധാനമാണ് വേണ്ടത് എന്നു തീരുമാനിച്ചു. സ്വതന്ത്രഭാരതത്തിലും പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകാൻ ഉതകുന്നതരത്തിലുള്ള പല ശ്രമങ്ങളും അതതു കാലങ്ങളിൽ നടന്നിരുന്നു.

### ഭരണപരിഷ്ക്കാരശ്രമങ്ങൾ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ

സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ ഭരണഘടന രൂപകല്പനചെയ്യുമ്പോൾ ഓരോ ഗ്രാമവും പൂർണമായ അധികാരങ്ങളുള്ള ഒരു പഞ്ചായത്തു റിപ്പബ്ലിക്കാവണമെന്ന ഗാന്ധിജിയുടെ ഗ്രാമസ്വരാജ് സങ്കല്പനത്തിന് സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ വേണ്ടത്ര സ്വാധീനം ഉണ്ടായില്ല. ഗ്രാമസ്വരാജിനായി അഞ്ചുതട്ടുകളുള്ളതും ഗ്രാമ-താലൂക്ക്-ജില്ലാ-സംസ്ഥാന-കേന്ദ്രതലങ്ങൾ ഉൾക്കൊള്ളുന്നതുമായ രാഷ്ട്രീയസിദ്ധാന്തമായിരുന്നു ഗാന്ധിജിക്കു പഥ്യം. എന്നാൽ ജാതീയമായും അല്ലാതെയും ഉച്ചനീചത്വം നില

*നീതിന്യായ പരിപാലനം ഉൾപ്പെടെ ജനജീവിതത്തെ ബാധിക്കുന്ന എല്ലാ മേഖലകളിലും ക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ പണ്ടുകാലത്ത് ഗ്രാമങ്ങൾ നിർണായക പങ്കു വഹിച്ചിരുന്നു.*





*ആസൂത്രണക്കമ്മീഷൻ ജനശക്തി കോർത്തിണക്കാൻ നടത്തിയ പരിശ്രമത്തിന്റെ ഭാഗമായിരുന്നു ബൽവന്തറായ് മേത്ത കമ്മിറ്റി.*

നിൽക്കുന്ന ഗ്രാമങ്ങളിലേക്ക് അധികാരം കൈമാറിയാൽ അത് വീണ്ടും മേൽജാതിക്കാരുടെ കോയ്മ വർദ്ധിപ്പിക്കാൻ ഇടയാക്കും എന്ന് അംബേദ്കർ അടിയുറച്ചു വിശ്വസിക്കുകയും ഗാന്ധിജിയുടെ ആശയത്തെ ശക്തിയുക്തം എതിർക്കുകയും ചെയ്തു. ഗ്രാമസ്വരാജിനെ അംഗീകരിക്കാത്ത ഭരണഘടനാശില്പികളെ ഗാന്ധിജി ഈ അവസരത്തിൽ വിമർശിച്ചിരുന്നു. ഏതായാലും 1948 നവംബർ 4ന് ഭരണഘടനയുടെ കരട്, ഭരണഘടനാനിർമ്മാണസഭയിൽ ആദ്യമായി അവതരിപ്പിക്കുമ്പോൾ പഞ്ചായത്തുകളെ ഭരണസംവിധാനത്തിന്റെ അടിസ്ഥാനശിലകളായി പരിഗണിക്കുന്ന പരാമർശമേ ഉണ്ടായില്ല. സ്വാഭാവികമായുണ്ടായ വിമർശനങ്ങൾക്കും വിവാദങ്ങൾക്കും ഒടുവിൽ കെ.സന്താനത്തിന്റെ ഒത്തുതീർപ്പുഭേദഗതി അംഗീകരിക്കുകയാണുണ്ടായത്. സംസ്ഥാനങ്ങൾക്കുള്ള ധാർമിക പ്രബോധനമായി ഭരണഘടനയുടെ നാലാംഭാഗത്ത് നിർദ്ദേശകതത്ത്വങ്ങളിൽ അനുച്ഛേദം 40 ആയി ഇങ്ങനെ എഴുതിച്ചേർത്തു:

*‘സംസ്ഥാനം ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കേണ്ടതും ഭരണകൂടത്തിന്റെ ഘടകമായി സ്വയം പ്രവർത്തിക്കാൻ ആവശ്യമായ അധികാരശക്തിയും പ്രവർത്തനാധികാരങ്ങളും അവയ്ക്ക് നൽകേണ്ടതുമാണ്.’*

ഭരണഘടനാരൂപവത്കരണത്തിനുമുമ്പു തന്നെ ഉത്തർപ്രദേശിൽ പഞ്ചായത്തുനിയമം പാസ്സാക്കുകയും 1948 ൽ തിരഞ്ഞെടുപ്പു നടത്തുകയും ചെയ്തിരുന്നു. 1954 മാർച്ച് മാസത്തോടെ ഇന്ത്യയിലൊട്ടാകെയായി 98,255 പഞ്ചായത്തുകൾ ഉണ്ടായി. വലിയൊരളവു ഗ്രാമങ്ങൾ പഞ്ചായത്തു ഭരണസമിതിയുടെ അധികാരാതിർത്തിയിൽ വന്നു. കേന്ദ്രസർക്കാർ മുൻകൈയെടുത്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കൗൺസിലിനു രൂപംകൊടുത്തു. കുറഞ്ഞ ചെലവിൽ നീതി ലഭിക്കുവാനായി ന്യായപഞ്ചായത്തുകൾ ബീഹാർ പോലുള്ള പല സംസ്ഥാനങ്ങളിലും നിലവിൽവന്നു.

1951–56 കാലഘട്ടത്തിലെ ഒന്നാം പഞ്ചവത്സരപദ്ധതിക്കുശേഷം 1956–61 കാലത്ത് രണ്ടാം പഞ്ചവത്സരപദ്ധതി നടപ്പാക്കി. ആസൂത്രണം തങ്ങളുടെ സഹകരണത്തിൽനിന്ന് ആവിർഭവിച്ചതാണെന്ന തോന്നൽ ജനങ്ങൾക്കുണ്ടായാലേ അവയുടെ വിജയത്തിനും ജനങ്ങൾ ഒപ്പമുണ്ടാവുകയുള്ളൂ എന്ന കാഴ്ചപ്പാടുണ്ടായിരുന്ന ആസൂത്രണക്കമ്മീഷൻ ജനശക്തി കോർത്തിണക്കാൻ നടത്തിയ പരിശ്രമത്തിന്റെ ഭാഗമായിരുന്നു ബൽവന്തറായ് മേത്ത കമ്മിറ്റി. 1958

ഡിസംബറിൽ ഈ കമ്മിറ്റി റിപ്പോർട്ടു സമർപ്പിച്ചു സാമൂഹികവികസനത്തിന് ജനാധിപത്യവികേന്ദ്രീകരണം അനിവാര്യമാണെന്നു റിപ്പോർട്ട് നിർദ്ദേശിച്ചു. ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പരിഷത്തും അടങ്ങുന്ന ത്രിതലപഞ്ചായത്തി രാജ് സംവിധാനവും മുന്നോട്ടുവച്ചു. നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ ഗ്രാമപഞ്ചായത്തും പരോക്ഷ തിരഞ്ഞെടുപ്പുതത്ത്വത്തിലൂടെ ബ്ലോക്കുപഞ്ചായത്തു സമിതിയും രൂപവത്കരിക്കാനായിരുന്നു ശുപാർശ.

റിപ്പോർട്ടിന് 1958 ൽ ദേശീയ വികസനസമിതിയുടെ അംഗീകാരം ലഭിച്ചതോടെ വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും പ്രാദേശികഭേദങ്ങളോടെ പഞ്ചായത്തു നിയമങ്ങളും തിരഞ്ഞെടുപ്പുരീതികളും നിലവിൽവന്നു. ഏകതലവും ദ്വിതലവും ത്രിതലവുമായി പല ഗ്രാമങ്ങൾ ഉൾപ്പെടുത്തിയാണ് ഗ്രാമപഞ്ചായത്ത് മിക്ക സംസ്ഥാനങ്ങളിലും ഉടലെടുത്തതെങ്കിൽ, കേരളത്തിൽ വില്ലേജ് അടിസ്ഥാനത്തിലാണ് പഞ്ചായത്ത് നിലവിൽ വന്നത്. 1959–64 കാലഘട്ടം പഞ്ചായത്തുകളുടെ വളർച്ചയുടെ നാളുകളായിരുന്നു. മൂന്നാം പഞ്ചവത്സര പദ്ധതി (61–66) ഇതിനു കളമൊരുക്കുകയും ചെയ്തു.

തദ്ദേശഭരണം സംസ്ഥാനലിസ്റ്റിൽ ഉൾപ്പെട്ടതിനാലും കമ്മിറ്റി റിപ്പോർട്ട് സംസ്ഥാനങ്ങൾ അതേപടി നടപ്പാക്കാൻ ബാധ്യസ്ഥരല്ലാതിരുന്നതിനാലും സംസ്ഥാനങ്ങൾക്കനുയോജ്യമെന്നു തോന്നുന്ന രീതിയിലായിരുന്നു പഞ്ചായത്തി രാജ് നിലവിൽ വന്നത്. പഞ്ചായത്തുകൾക്ക് സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയുടെ സ്ഥാനമേ ഉണ്ടായുള്ളൂ. യഥാസമയം തിരഞ്ഞെടുപ്പുപോലും പല സംസ്ഥാനങ്ങളിലും നടന്നിരുന്നില്ല. കേന്ദ്ര സർക്കാർ ആരംഭിച്ച സാമൂഹികവികസന പരിപാടികൾ എൻ.ഇ.എസ്. ബ്ലോക്കു മുഖാന്തിരവും, വികസനപ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും ഉദ്യോഗസ്ഥർ മുഖാന്തിരവും നടപ്പാക്കുന്ന പ്രവണതയും വളർന്നുവന്നു. ഗ്രാമഭരണത്തെ മറികടക്കുന്ന തരത്തിലായിരുന്നു ഇത്.

ഉദ്യോഗസ്ഥനേതൃത്വമുള്ള കേന്ദ്രഏജൻസികളും പ്രോഗ്രാമുകളും തുടർന്നു വരവായി. ഇവയെല്ലാം പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ പ്രസക്തി കുറച്ചു. ദുരിതാശ്വാസനടപടികളെല്ലാം കളക്ടർമാരുടെയും തഹസീൽദാർമാരുടെയും നേതൃത്വത്തിലുമായി. കോൺഫറൻസുകളിലെ വിവരദായക ഏജൻസികളായും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥരുടെ സഹായികളായും മാത്രം പഞ്ചായത്ത് സമിതി പ്രതിനിധികൾ നിയോഗിക്കപ്പെട്ടു.

*ബൽവന്തറായ് മേത്ത കമ്മിറ്റി റിപ്പോർട്ടിന് 1958 ൽ ദേശീയ വികസനസമിതിയുടെ അംഗീകാരം ലഭിച്ചതോടെ വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും പ്രാദേശികഭേദങ്ങളോടെ പഞ്ചായത്തു നിയമങ്ങളും തിരഞ്ഞെടുപ്പുരീതികളും നിലവിൽവന്നു.*



*ഗ്രാമീണജനതയ്ക്ക് ഉപയുക്തമാകത്തക്ക വിധം ആസൂത്രണം നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയോഗിച്ച ദാന്ത്വാലാ കമ്മിറ്റി, 1978 ൽ ബ്ലോക്കുതല ആസൂത്രണം പരിഹാരമായി മുന്നോട്ടുവച്ചുകൊണ്ട് റിപ്പോർട്ട് സമർപ്പിച്ചു.*



ഉദ്യോഗസ്ഥാനുമതികൾക്കായി കാത്തുകിടപ്പും സാമ്പത്തികാധികാര പരിമിതിയും പൊതുജന ദൃഷ്ടിയിൽ മതിപ്പുളവാക്കിയിരുന്നില്ല. ഈ സ്ഥിതിവിശേഷം 1992 ലെ ഭരണഘടനാഭേദഗതിവരെ തുടർന്നു.

ഗ്രാമീണജനതയ്ക്ക് ഉപയുക്തമാകത്തക്ക വിധം ആസൂത്രണം നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയോഗിച്ച ദാന്ത്വാലാ കമ്മിറ്റി, 1978 ൽ ബ്ലോക്കുതല ആസൂത്രണം പരിഹാരമായി മുന്നോട്ടുവച്ചുകൊണ്ട് റിപ്പോർട്ട് സമർപ്പിച്ചു.

1978 ൽ മൊറാർജി ദേശായി ഗവൺമെന്റ് നിയോഗിച്ച അശോക് മേത്താ കമ്മീഷൻ, പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് ഭരണഘടനാപരമായി അംഗീകാരം ആവശ്യമാണെന്നും ജില്ലാതല ആസൂത്രണബോർഡുകൾക്ക് മുഖ്യസ്ഥാനം നൽകണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള റിപ്പോർട്ടു സമർപ്പിച്ചിരുന്നു. കേരളത്തിൽനിന്ന് ഇ.എം.എസ്.നമ്പൂതിരിപ്പാട് ഈ കമ്മിറ്റിയിൽ അംഗമായിരുന്നു. ആസൂത്രണത്തിന്റെ മുഖ്യഘടകമായി ജില്ലയെ ശുപാർശ ചെയ്തുകൊണ്ട് 1984 ൽ പ്ലാനിംഗ് കമ്മീഷൻ നിയോഗിച്ച സി.എച്ച്.ഹനുമന്തറാവു കമ്മിറ്റിയുടെ നിർദ്ദേശങ്ങളും സമർപ്പിക്കപ്പെട്ടിരുന്നു. ജില്ലാ കളക്ടറെ ആസൂത്രണത്തിന്റെയും വികസനപ്രവർത്തനങ്ങളുടെയും കോർഡിനേറ്ററായി ഇതിൽ നിർദ്ദേശിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല ആസൂത്രണത്തിന്റെ മാർഗനിർദ്ദേശങ്ങൾ നൽകുകയും യഥേഷ്ടം പദ്ധതി ആസൂത്രണത്തിനായി ഉപാധിരഹിത ഫണ്ടു നൽകുന്നതിനു നടപടി സ്വീകരിക്കുകയും ചെയ്തു.

1985 ൽ നിയോഗിക്കപ്പെട്ട വി.കെ.ആർ.വി. റാവു കമ്മിറ്റി ജനപങ്കാളിത്തത്തോടെ വികസനപ്രവർത്തനം നടത്താൻ സാമ്പത്തിക വിഭവങ്ങളും ശുപാർശചെയ്തു. 1986 ൽ എൻ.എം. സാംഗ്വി കമ്മിറ്റിയും ഗ്രാമഭരണം ശക്തിപ്പെടുത്തുവാൻ ശുപാർശചെയ്തുകൊണ്ടു റിപ്പോർട്ടുവച്ചു. 1988 ൽ പി.കെ.തുംഗോൺ ചെയർമാനായുള്ള പാർലമെന്ററി കൺസൾട്ടേറ്റീവ് കമ്മിറ്റി പഞ്ചായത്തിരാജ് സംവിധാനത്തിന് ഭരണഘടനാപരമായ അംഗീകാരത്തിനായി ശുപാർശചെയ്യുകയുണ്ടായി.

ഈ സ്ഥിതിഗതികളാകെ കണക്കിലെടുത്തിട്ടാണ് രാജീവ്ഗാന്ധി 1989 ൽ പഞ്ചായത്തിരാജ് ബിൽ 64-ാം ഭരണഘടനാ ഭേദഗതിയായി പാർലമെന്റിൽ അവതരിപ്പിച്ചത്. രാജ്യസഭയിൽ ഭൂരിപക്ഷമില്ലാതിരുന്നതിനാൽ ബില്ല് പാസ്സായില്ല.

1992 ൽ പി.വി.നരസിംഹറാവു സർക്കാർ അവതരിപ്പിച്ച 73-ാം ഭരണഘടനാ ഭേദഗതി

ഡിസംബർ 22 ന് ലോകസഭയും 23 ന് രാജ്യസഭയും പാസ്സാക്കുകയും 17 നിയമസഭകളും അംഗീകരിക്കുകയും 1993 ഏപ്രിൽ 20 ന് ഇന്ത്യൻ പ്രസിഡന്റ് ഒപ്പുവയ്ക്കുകയും ചെയ്തുകൊണ്ട് പഞ്ചായത്തുകൾക്ക് ഭരണഘടനാ പിൻബലം നൽകി. അങ്ങനെ, പഞ്ചായത്തിരാജ് സിദ്ധാന്തത്തിന് ഒരളവോളം അംഗീകാരമായി. എന്നാൽ കേന്ദ്രത്തിന്റേതായ 97 അധികാരങ്ങളും സംസ്ഥാനത്തിന്റേതായ 66 അധികാരങ്ങളും കൺകറന്റ് ലിസ്റ്റിൽപ്പെടുത്തി 47 അധികാരങ്ങളും ഉള്ളതിൽ സംസ്ഥാനത്തിന്റെ 66 ൽ നിന്നും 29 എണ്ണം മാത്രമേ താഴേക്ക് നൽകിയിട്ടുള്ളു എന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. വിഷയങ്ങളുടെ കാര്യം പരിഗണിച്ചാലും ഈ കുറവ് കാണാവുന്നതാണ്. കൃഷിയെ ഉദാഹരണമായെടുത്താൽ, ആകെയുള്ള 62 അധികാരത്തിൽ 13 എണ്ണം മാത്രമാണ് തദ്ദേശസ്ഥാപനങ്ങൾക്കു നൽകിയത്.

### 73, 74 ഭരണഘടനാഭേദഗതികൾ

ഇന്ന് നിലവിലുള്ള ജില്ലാപഞ്ചായത്തുകൾ, ബ്ലോക്ക്പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നീ പേരുകളിലറിയപ്പെടുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ രൂപവത്കരണത്തിന് നിദാനമായിട്ടുള്ളത് 1992 ൽ ഇന്ത്യൻ ഭരണഘടനയിൽ വരുത്തിയ 73, 74 ഭേദഗതികളാണ്. 1993 ൽ ഈ ഭേദഗതികൾ പ്രാബല്യത്തിൽ വന്നതോടുകൂടി പഞ്ചായത്തുകൾക്കും നഗരസഭകൾക്കും മുമ്പില്ലാതിരുന്ന ഭരണഘടനാ സംരക്ഷണം ലഭിച്ചു. രാജ്യത്തെ പഞ്ചായത്തിരാജ് സംവിധാനത്തിനു ശക്തിപകരുന്ന നിരവധി വ്യവസ്ഥകളാണ് ഭരണഘടനാഭേദഗതികളിലൂടെ രൂപപ്പെട്ടത്. അവ ചുവടെ ചേർത്തിരിക്കുന്നു.

1. ഇരുപതു ലക്ഷത്തിലധികം ജനസംഖ്യയുള്ള എല്ലാ സംസ്ഥാനങ്ങളിലും ഗ്രാമതലം, ജില്ലാതലം, മധ്യതലം എന്നിങ്ങനെ ത്രിതല പഞ്ചായത്തുകൾ രൂപവത്കരിക്കേണ്ടതാണ്.
2. ഗ്രാമത്തിലെ വോട്ടർ പട്ടികയിൽ പേരുള്ളവർ അംഗങ്ങളായുള്ള ഗ്രാമസഭകൾ രൂപവത്കരിക്കേണ്ടതാണ്.
3. ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കേണ്ട അംഗങ്ങളിൽ മൂന്നിലൊന്ന് വനിതകൾക്കായി സംവരണം ചെയ്തിരിക്കണം.
4. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ ജനസംഖ്യക്ക് ആനുപാതികമായി അംഗത്വം സംവരണം ചെയ്യുകയും അവരിൽ തന്നെ മൂന്നിലൊന്ന് വനിതകളായിരിക്കുകയും വേണം.

*1992 ൽ പി.വി.നരസിംഹറാവു സർക്കാർ അവതരിപ്പിച്ച 73-ാം ഭരണഘടനാ ഭേദഗതി പഞ്ചായത്തുകൾക്ക് ഭരണഘടനാ പിൻബലം നൽകി. അങ്ങനെ, പഞ്ചായത്തിരാജ് സിദ്ധാന്തത്തിന് ഒരളവോളം അംഗീകാരമായി.*





*1950 ൽ തിരുവിതാംകൂർ-കൊച്ചി പഞ്ചായത്ത് ആക്ട് രൂപവത്കരിച്ചു. പഞ്ചായത്തുകൾക്ക് ജന്മം നൽകി. ഡീലിമിറ്റേഷൻ കമ്മിറ്റികൾ നിലവിൽ വന്നു.*

5. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അദ്ധ്യ ക്ഷസ്ഥാനങ്ങളിൽ സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ അതത് വിഭാഗത്തിനും, മൂന്നിലൊന്ന് വനിതകൾക്കുമായി സംവരണം ചെയ്യണം.
6. അംഗങ്ങളുടെയും അദ്ധ്യക്ഷസ്ഥാനങ്ങളുടെയും സംവരണം റൊട്ടേഷൻ അടിസ്ഥാനത്തിലായിരിക്കണം നിശ്ചയിക്കേണ്ടത്.
7. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളുടെ കാലാവധി അഞ്ചു വർഷമായിരിക്കും. ഏതെങ്കിലും കാരണവശാൽ അംഗങ്ങളിൽ ഒഴിവുവരുകയോ ഭരണസമിതി ഇല്ലാതാകുകയോ ചെയ്താൽ ആറു മാസത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്തിയിരിക്കണം.
8. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി വിലയിരുത്തുന്നതിനും സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിലുള്ള നികുതിയും മറ്റു വരുമാനമാർഗങ്ങളും വീതം വയ്ക്കുന്നതു സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനുമായി സംസ്ഥാന ധനകാര്യക്കമ്മീഷനെ അഞ്ചു വർഷത്തിലൊരിക്കൽ നിയമിക്കേണ്ടതാണ്.
9. തദ്ദേശഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് സ്വതന്ത്രവും, നീതിപൂർവകവുമായി നടത്തുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷനെ നിയമിക്കേണ്ടതാണ്.
10. സാമ്പത്തിക വികസനത്തിനും സാമൂഹിക നീതി കൈവരിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനുമുള്ള അധികാരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു നൽകാവുന്നതാണ്.
11. ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ജില്ലാതല വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി നഗരങ്ങൾക്കും ഗ്രാമങ്ങൾക്കും പ്രാതിനിധ്യം നൽകിക്കൊണ്ട് എല്ലാ ജില്ലയിലും ആസൂത്രണസമിതികൾക്ക് രൂപം നൽകി.

**തദ്ദേശസ്വയംഭരണം: കേരളചരിത്രം**

- പുരാതന ഗ്രാമഭരണം തറ (കര)ക്കൂട്ടത്തിൽ തുടങ്ങി-ജാതിവ്യവസ്ഥയ്ക്ക് വഴിമാറി.
- ഭരണവ്യവസ്ഥയിൽ ജാതിക്ക് മുൻതൂക്കമുള്ള ഒരു സംവിധാനമായിരുന്നു.
  ബ്രാഹ്മണർ താമസിച്ചിരുന്ന സ്ഥലം- ഗ്രാമം.
  നായന്മാർ താമസിച്ചിരുന്ന സ്ഥലം- തറ.
  ഈഴവർ താമസിച്ചിരുന്ന സ്ഥലം - കര.
  മറ്റു ജാതിക്കാർ താമസിച്ചിരുന്ന സ്ഥലം-

ചേരി, മുറി.
ഗ്രാമത്തിന്റെ സ്വയംഭരണമുള്ള ഏറ്റവും ചെറിയ യൂണിറ്റ് - കഴകം.
തറയുടെ സ്വയംഭരണമുള്ള ഏറ്റവും ചെറിയ യൂണിറ്റ്- കൂട്ടം.

- 1762 ൽ കോവിലകത്തും വാതുക്കൽ എന്ന റിയപ്പെട്ടിരുന്ന 10 താലൂക്കുകൾ ഉണ്ടായിരുന്നു. ഓരോ താലൂക്കിലും ഭരണാധികാരികളായി കാര്യക്കാർ. ഓരോ താലൂക്കിനും 30 'പ്രവൃത്തി'കൾ ഉണ്ടായിരുന്നു. 'പ്രവൃത്തി' യുടെ ചുമതലക്കാർ 'പ്രവർത്തിക്കാർ- പാർവ്വത്യക്കാർ.'
- 1867 ലെ മദ്രാസ് ഠൗൺ ഇംപ്രൂവ്മെന്റ് ആക്ട് പ്രകാരം കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പാലക്കാട് മുൻസിപ്പാലിറ്റികൾ ആരംഭിച്ചു.
- 1884 ലെ മദ്രാസ് ലോക്കൽ ബോഡീസ് ആക്ട് പ്രകാരം ഡിസ്ട്രിക്ട് ബോർഡുകളും താലൂക്ക് ബോർഡുകളും നിലവിൽവന്നു.
- 1914 ൽ കൊച്ചി വില്ലേജ് പഞ്ചായത്ത് ആക്ട്. ബ്രിട്ടീഷ് മേൽക്കോയ്മയിൽ കൊച്ചി നാട്ടു രാജ്യത്തിൽ ഗ്രാമഭരണം തുടങ്ങി. അഞ്ചംഗ ഭരണസമിതിയുള്ള അഞ്ചു താലൂക്കായി തിരിച്ചു. ദിവാൻ പേഷ്ക്കായിരുന്നു മേലന്വേഷണവും നിയന്ത്രണവും.
- 1922 ൽ കൊച്ചിൻ പഞ്ചായത്ത് റഗുലേഷൻ വഴി പഞ്ചായത്തുകൾക്ക് അധികാരം വർദ്ധിച്ചു. കരംതീരുവ അംഗമാകാനുള്ള യോഗ്യതയായി.
- 1920 ലെ മുനിസിപ്പൽ റഗുലേഷൻ നിയമം.
- 1925 ലെ തിരുവിതാംകൂർ വില്ലേജ് പഞ്ചായത്ത് ആക്ട്.
- 1935 ലെ തിരുവിതാംകൂർ വില്ലേജ് പഞ്ചായത്ത് ആക്ട്.
- 1935 ൽ പ്രായപൂർത്തി വോട്ടവകാശം വന്നു.
- 1940 ലെ ട്രാവൻകൂർ വില്ലേജ് യൂണിയൻ ആക്ട്.
- പഞ്ചായത്തുകളും യൂണിയനുകളും പഞ്ചായത്ത് വകുപ്പ് രൂപവത്ക്കരിച്ച് അതിൻകീഴിൽ കൊണ്ടുവന്നു.
- വില്ലേജ് യൂണിയനുകളും പഞ്ചായത്തുകളും രജിസ്ട്രാർ എന്ന സ്ഥാനപ്പേരോടുകൂടി വകുപ്പ് തലവനെ നിയമിച്ചു.
- 1941 ലെ ട്രിവാൻഡ്രം സിറ്റി മുനിസിപ്പൽ ആക്ട് ടിവാൻഡ്രം മുനിസിപ്പാലിറ്റിയെ കോർപ്പറേഷനാക്കി ഉയർത്തി. പ്രസിഡന്റിനെ മുഴുവൻസമയശമ്പളം പറ്റുന്ന ഉദ്യോഗസ്ഥനാക്കി.
- 1945-പഞ്ചായത്തിന് സർക്കാർ വകുപ്പുണ്ടായി.



*1950 ലെ തിരു-കൊച്ചി പഞ്ചായത്ത് ആക്ട്, 1950 ലെ മദ്രാസ് വില്ലേജ് പഞ്ചായത്ത് ആക്ട് എന്നിവ ഏകോപിപ്പിച്ച് 1960 ലെ കേരള പഞ്ചായത്ത് ആക്ടിനു രൂപം നൽകി. 1960 ഡിസംബർ 8ന് പ്രാബല്യത്തിൽ വന്നു.*

*1983 മേയ് 10 ന് 1002 പഞ്ചായത്തുകൾ റീഗ്രൂപ്പിംഗ് നടത്തി.*



- 1946 – എല്ലാ മുനിസിപ്പാലിറ്റികളിലും കമ്മീഷണർമാരെ നിയമിച്ചു.
- 1947, 48, 49–വില്ലേജ് അപ്ലിഫ്റ്റ് ചട്ടങ്ങൾ.
- 1949 – തിരു-കൊച്ചി സംസ്ഥാനം. 1925 ലെ ട്രാവൻകൂർ വില്ലേജ് യൂണിയൻ ആക്ട്, 1922 ലെ കൊച്ചിൻ പഞ്ചായത്ത് റഗുലേഷൻ എന്നിവ ക്രോഡീകരിച്ചു.
- 1950 ൽ തിരുവിതാംകൂർ-കൊച്ചി പഞ്ചായത്ത് ആക്ട് രൂപവത്കരിച്ചു. പഞ്ചായത്തുകൾക്ക് ജന്മം നൽകി. ഡീലിമിറ്റേഷൻ കമ്മിറ്റികൾ നിലവിൽ വന്നു.
- 1951 ആഗസ്ത് 15 ന് ആക്ട് നിലവിൽ വന്നതോടെ വില്ലേജ് പഞ്ചായത്തുകളും, വില്ലേജ് യൂണിയനുകളും പഞ്ചായത്തുകൾ എന്നു നാമകരണം ചെയ്തു. പ്രായപൂർത്തി വോട്ടവകാശവും രഹസ്യബാലറ്റും നിലവിൽ വന്നു.
- 1953 ജൂലൈ– 550 പഞ്ചായത്തുകളിൽ 548 എണ്ണത്തിൽ ആദ്യ പൊതുതെരഞ്ഞെടുപ്പ്. ആഗസ്ത് 15 ന് കമ്മിറ്റികൾ അധികാരമേറ്റെടുത്തു.
- തിരുവിതാംകൂറിൽ ഗ്രാമഭരണം രജിസ്ട്രാർ ഓഫ് വില്ലേജ് യൂണിയൻസ് ആന്റ് പഞ്ചായത്ത് എന്ന ഉദ്യോഗസ്ഥനായിരുന്നു. തിരു-കൊച്ചി സംസ്ഥാനത്തിന്റെ ആവിർഭാവത്തോടെ പഞ്ചായത്ത് ഡയറക്ടർ ആഫീസ് 1950 ഒക്ടോബർ 26 ന് തിരുവനന്തപുരത്ത് സ്ഥാപിച്ചു.
- റിപ്പൺ പരിഷ്ക്കാരങ്ങളെത്തുടർന്ന് മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്ന മലബാറിലും ഡിസ്ട്രിക്ട് ബോർഡ് പ്രവർത്തിച്ചു വരുകയായിരുന്നു. ഭരണകർത്താക്കൾ തെരഞ്ഞെടുക്കപ്പെട്ടവരായിരുന്നെങ്കിലും ബ്രിട്ടീഷുകാരുടെ വിശ്വസ്തരായിരുന്നു. 1954 ൽ ബോർഡിലേക്കുള്ള അവസാന തെരഞ്ഞെടുപ്പ് നടന്നു. കക്ഷിരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി വിജയം നേടി.
- 1958 ൽ ഇ.എം.എസിന്റെ നേതൃത്വത്തിൽ ആദ്യത്തെ ഭരണപരിഷ്ക്കാര കമ്മിറ്റി നിലവിൽ വന്നു.
- 1950 ലെ തിരു-കൊച്ചി പഞ്ചായത്ത് ആക്ട്, 1950 ലെ മദ്രാസ് വില്ലേജ് പഞ്ചായത്ത് ആക്ട് എന്നിവ ഏകോപിപ്പിച്ച് 1960 ലെ കേരള പഞ്ചായത്ത് ആക്ടിനു രൂപം നൽകി. 1960 ഡിസംബർ 8ന് പ്രാബല്യത്തിൽ വന്നു.
- ലോക്കൽ ബോഡീസ് വകുപ്പ് വിഭജിച്ചു പഞ്ചായത്ത് വകുപ്പ്-മുനിസിപ്പാലിറ്റി വകുപ്പ് എന്നാക്കി.
- പഞ്ചായത്തുകളുടെ പുനഃസംഘാടനം 1962

നവംബർ 17ന് പൂർത്തിയാക്കി. വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 922 പഞ്ചായത്തുകളെ നാലായി തരംതിരിച്ചു.

- പൊതുതെരഞ്ഞെടുപ്പ്
  ചൈനീസ് ആക്രമണം മൂലം 1962 ഒക്ടോബർ 26ന് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചിരുന്നതിനാൽ തെരഞ്ഞെടുപ്പ് മാറ്റിവച്ചു. 1963 നവംബർ, ഡിസംബർ മാസങ്ങളിൽ ആദ്യമായി തെരഞ്ഞെടുപ്പ് നടന്നു. രഹസ്യ ബാലറ്റ്-പ്രായപൂർത്തി വോട്ടവകാശം, 6988 നിയോജകമണ്ഡലം, എസ്.സി./എസ്.റ്റി. ഓരോ പഞ്ചായത്തിലും ഒരു സീറ്റ് സംവരണം, 67,80,525 വോട്ടർമാർ, 75-95 ശതമാനം പോളിംഗ്. 81 പഞ്ചായത്തുകളിൽ 15 വനിതകൾ വിജയിച്ചു. മറ്റ് 907 പഞ്ചായത്തുകളിൽ വനിതകളെ നോമിനേറ്റ് ചെയ്തു. 1964 ജനുവരി 1 ന് അധികാരമേറ്റു.
- ബൽവന്തറായിമേത്ത കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ ആർ.ശങ്കർ മന്ത്രിസഭ കേരള പഞ്ചായത്ത് കൗൺസിലും ജില്ലാ പരിഷത്ത് ബില്ലും കൊണ്ടുവന്നു. 1964 ഫെബ്രുവരിയിൽ നിയമസഭയിൽ അവതരിപ്പിച്ചു. മന്ത്രിസഭ വീണതിനാൽ ബിൽ നിയമമായില്ല.
- 1965 ലെ പ്രസിഡന്റ് ഭരണകാലത്ത് എം.കെ. വെള്ളോടി അധ്യക്ഷനായി ഒരു ഭരണ പുനഃസംവിധാനം ചെലവുചുരുക്കൽ കമ്മിറ്റി രൂപവത്കരിച്ചു.
- 1967 ആഗസ്റ്റിൽ ഇ.എം.എസ്.നമ്പൂതിരിപ്പാടിന്റെ മന്ത്രിസഭ ദ്വിതല (പഞ്ചായത്തും ജില്ലയും) സമ്പ്രദായത്തോടുകൂടി പഞ്ചായത്ത് ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. 1969 മാർച്ചിൽ ബിൽ നിയമസഭയിൽ ചർച്ചയ്ക്കു വന്നു. നിയമസഭ പിരിച്ചുവിട്ടതിനാൽ ബിൽ നിയമമായില്ല.
- 1969 ൽ കേരള ലോക്കൽ ഗവൺമെന്റ് ബിൽ.
- 1971 ൽ അച്യുതമേനോൻ മന്ത്രിസഭയും ജില്ലാ ഭരണബില്ല് നിയമസഭയിൽ അതരിപ്പിച്ചു. ബിൽ പാസാക്കുന്നതിനു മുമ്പ് നിയമസഭയുടെ കാലാവധി കഴിഞ്ഞു.
- 1979 ലെ കേരള ജില്ലാ ഭരണബിൽ എ.കെ. ആന്റണി സർക്കാർ കൊണ്ടുവന്നു. 1980 മേയ് 18 ന് രാഷ്ട്രപതിയുടെ അംഗീകാരം കിട്ടി. എങ്കിലും നടപ്പായില്ല. പ്രാപൂർത്തി വോട്ടവകാശം 21 ൽ നിന്നും 18 ആയി കുറച്ചു.
- 1983 മേയ് 10 ന് 1022 പഞ്ചായത്തുകൾ റീഗ്രൂപ്പിംഗ് നടത്തി.



*1999ൽ സെൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ പഞ്ചായത്ത് നിയമഭേദഗതി നിലവിൽ വന്നു. ഇപ്രകാരം മൂന്നു തരത്തിലുള്ള ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്കു നൽകി.*

*ഇന്ന് നിലവിലുള്ള ജില്ലാപഞ്ചായത്തുകൾ, ബ്ലോക്ക്പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നീ പേരുകളിലറിയപ്പെടുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ രൂപവത്കരണത്തിന് നിദാനമായിട്ടുള്ളത് 1992 ൽ ഇന്ത്യൻ ഭരണഘടനയിൽ വരുത്തിയ 73, 74 ഭേദഗതികളാണ്.*



| വരുമാനം | ഗ്രേഡ് | എണ്ണം |
|---|---|---|
| 1,75,000 രൂപയും അതിനു മുകളിലും | സ്പെഷ്യൽ ഗ്രേഡ് | 351 |
| 1,00,000 മുതൽ 1,75,000 | ഗ്രേഡ് 1 | 444 |
| 50,000 മുതൽ 1,00,000 വരെ | ഗ്രേഡ് 2 | 193 |
| 50,000 വരെ | ഗ്രേഡ് 3 | 14 |

- നഹാകമ്മിഷൻ-കേരളത്തിലെ പഞ്ചായത്തുകളുടെ മാത്രമുള്ള സാമ്പത്തിക കാരൃങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട ആദ്യത്തെ കമ്മിഷൻ.
- പ്രഥമ ജില്ലാകൗൺസിൽ– 1987 ൽ അധികാരത്തിൽ വന്ന ഇ.കെ.നായനാർ മന്ത്രിസഭ ജില്ലാകൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പ് ആദ്യമായി നടത്തി.
- 1990 ജനുവരി 1 ന് പഞ്ചായത്ത് കോമൺ സർവ്വീസ് ഇല്ലാതായി.
- 1991 ൽ ജില്ലാകൗൺസിൽ പിരിച്ചുവിട്ടു.
- 1993 മാർച്ചിൽ 73-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിലുള്ള കേരള പഞ്ചായത്ത് ബിൽ നിയമസഭയിൽ അവതരിപ്പിച്ചു.
- 1994 ഏപ്രിൽ 24 ന് നിയമം പ്രാബല്യത്തിൽ വന്നു.

**1994 ലെ കേരള പഞ്ചായത്തിരാജ് നിയമം**

73, 74 ഭരണഘടനാഭേദഗതിയിലെ നിബന്ധനകൾ ഉൾക്കൊള്ളിച്ച് വിവിധ സംസ്ഥാനങ്ങളിൽ നിലവിലുള്ള പഞ്ചായത്തിരാജ് നിയമങ്ങൾക്ക് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനോ, അതിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമനിർമ്മാണം നടത്തുന്നതിനോ ഭേദഗതി പ്രാബല്യത്തിൽ വന്ന് ഒരു വർഷം വരെ സാവകാശം ലഭിച്ചിരുന്നു. ഇപ്രകാരം 1994 ൽ കേരള നിയമസഭ പുതിയ പഞ്ചായത്തിരാജ് നിയമം പാസ്സാക്കുകയുണ്ടായി. ഇതാണ് 1994 ലെ കേരള പഞ്ചായത്തിരാജ് നിയമം എന്ന് അറിയപ്പെടുന്നത്. ഇതുപോലെ തന്നെ നഗരപ്രദേശങ്ങൾക്ക് ബാധകമായ കേരള മുനിസിപ്പൽ നിയമവും 1994 ൽ പ്രാബല്യത്തിൽ വരികയുണ്ടായി.

73, 74 ഭരണഘടനാ ഭേദഗതിയുടെ പശ്ചാത്തലത്തിൽ പഞ്ചായത്തിരാജ് സംവിധാനം സംബന്ധിച്ച് വളരെ വ്യാപകമായ ചർച്ചകൾ കേരളത്തിൽ നടക്കുകയുണ്ടായി. ഈ രംഗത്തെ വിദഗ്ധർ, സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ നടന്ന ചർച്ചകളിൽ നിന്ന് പുതുതായി ഉണ്ടാകേണ്ട പഞ്ചായത്ത്-നഗരസഭാ സംവിധാനങ്ങളുടെ ഘടന, അംഗത്വം, തെരഞ്ഞെടുപ്പ്, അധികാരങ്ങൾ, കടമകൾ എന്നിവ സംബന്ധിച്ച് ഒട്ടേറെ നിർദ്ദേശ

ങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കപ്പെടുകയുണ്ടായി. 1994 ലെ കേരള പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്കു പുറമെ മധ്യതലത്തിൽ ബ്ലോക്ക് പഞ്ചായത്തുകളും, ജില്ലാതലത്തിൽ ജില്ലാപഞ്ചായത്തുകളും രൂപവത്കരിക്കപ്പെട്ടു.

- 1995 സെപ്തംബറിൽ തെരഞ്ഞെടുപ്പ് നടന്നു.
- 1995 ഒക്ടോബർ 2 ന് അധികാരത്തിലേറി.
- 1995 സെപ്തംബർ 18ന് ജി.ഒ.(പി)189/95/എൽ.എ.ഡി. നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം 17 വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളും തസ്തികകളും കൈമാറി.
- 1996 ൽ സംസ്ഥാന സർക്കാർ ബജറ്റിൽ അനുബന്ധം 4 കൂടി ചേർത്തു (പഞ്ചായത്തുകൾക്കുള്ള ധനസഹായം).
- 1996 ജൂലൈ - എസ്.ബി.സെൻ അധ്യക്ഷനായി സെൻ കമ്മിറ്റി രൂപവത്കരിച്ചു.
- 1996 ആഗസ്റ്റ് 17 ന് അധികാര വികേന്ദ്രീകരണത്തിനായുള്ള പഞ്ചവത്സരപദ്ധതി പ്രവർത്തനത്തിന് ജനകീയാസൂത്രണപദ്ധതി ആരംഭിച്ചു. ഇത് കേരളത്തിന്റെ വികസനാസൂത്രണചരിത്രത്തിലെ വിപ്ലവകരമായ ഒരു സംഭവമായിരുന്നു.
- 1999 ൽ സെൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ പഞ്ചായത്ത് നിയമഭേദഗതി നിലവിൽ വന്നു. ഇപ്രകാരം മൂന്നു തരത്തിലുള്ള ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്കു നൽകി.

| | |
|---|---|
| അനിവാര്യ ചുമതലകൾ | 27 എണ്ണം |
| പൊതുചുമതലകൾ | 14 എണ്ണം |
| മേഖലാ ചുമതലകൾ | 19 വിഷയങ്ങളിലായി-76 ചുമതലകൾ |

- സെൻ കമ്മിറ്റി നിർദ്ദേശങ്ങളുടെ സവിശേഷതകൾ

1. ഓംബുഡ്സ്മാൻ
2. അറിയാനുള്ള അവകാശം
3. ജനപങ്കാളിത്തം ഉറപ്പാക്കൽ
   *എ.* ഗ്രാമസഭ/വാർഡ് സഭ ക്വാറം 5 ൽ നിന്ന് 10 ശതമാനമാക്കി.
   *ബി.* ഗ്രാമസഭ/വാർഡ്സഭ എണ്ണം വർഷത്തിൽ രണ്ട് എന്നത് നാലാക്കി.
   *സി.* ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് ഇവയിലെല്ലാം വർദ്ധിച്ച ജനപങ്കാളിത്തം.
4. കൂറുമാറ്റ നിരോധനനിയമം
5. ട്രൈബ്യൂണൽ
6. ഓരോ തലത്തിലും അതിന്റേതായ സ്വയം



*ഇരുപതു ലക്ഷത്തിലധികം ജനസംഖ്യയുള്ള എല്ലാ സംസ്ഥാനങ്ങളിലും ഗ്രാമതലം, ജില്ലാതലം, മധ്യതലം എന്നിങ്ങനെ ത്രിതല പഞ്ചായത്തുകൾ രൂപവത്കരിക്കേണ്ടതാണ്.*

നിർണ്ണയാവകാശം, പ്രവർത്തനസ്വാത ന്ത്ര്യം, ഉത്തരവാദിത്വം.

7. പ്രാദേശിക വിഭവസമാഹരണവും ധനപര മായ വികേന്ദ്രീകരണവും.
8. സുതാര്യത.

ഇവ പഞ്ചായത്തിരാജ് നിയമത്തിൽ ഉൾപ്പെടു ത്തുകയും വികേന്ദ്രീകരണ പ്രവർത്തനങ്ങൾ ജനകീയാസൂത്രണ പ്രസ്ഥാനം വഴി കൂടുതൽ ശക്തമാക്കുകയും ചെയ്തു.

- പഞ്ചായത്ത് ഭരണവുമായി ബന്ധപ്പെട്ട 37 അനുബന്ധ നിയമങ്ങളിലും ഭേദഗതി നിർദ്ദേശിച്ചു.




- 2001 സെപ്തംബർ 30ന് പുതിയ ഭരണസ മിതി തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നു.
- 2002 ൽ ഗ്രാമപഞ്ചായത്തുകളിൽ അക്ഷയ പദ്ധതി കൊണ്ടുവന്നു.
- 2002 ൽ ക്ലീൻകേരള പദ്ധതി പഞ്ചായത്തു കളിലേക്കു കൊണ്ടുവന്നു.
- 2002 ൽ പഞ്ചായത്തുകൾക്ക് പുനർ വിന്യാസം വഴി മിനിസ്റ്റീരിയൽ-എൻജിനിയറിങ് സ്റ്റാഫിനെ നൽകി.
- 2003 ൽ പഞ്ചായത്തുകൾക്ക് ദുരിതാ ശ്വാസ നിധി രൂപവത്കരിക്കൽ.
- 2003 ൽ പൊതുജനാരോഗ്യ സ്ഥാപന ങ്ങൾക്കുള്ള മാനേജ്മെന്റ് കമ്മിറ്റി രൂപ വത്കരണം.
- 2003 ൽ പൗരാവകാശരേഖ തയ്യാറാക്കു ന്നതിനുള്ള ചട്ടങ്ങൾ.
- 2003 ൽ പഞ്ചായത്തുകളിൽ ആശ്രയ പ്രോജക്ട്
- 2004 ൽ പുതിയ അക്കൗണ്ടിങ്ങ്, ബിൽ സമ്പ്രദായം.

# 2

# ഭരണത്തിൽ ജനകീയപങ്കാളിത്തം

**ഗ്രാ**മഭരണം ജനാധിപത്യവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ 'ഗ്രാമസഭകൾ' പഞ്ചായത്തിരാജ് നിയമത്തിൽ വ്യവസ്ഥാപിതമാക്കപ്പെട്ടിരിക്കുകയാണ്. ഗ്രാമസ്വരാജ് എന്ന സങ്കൽപ്പനത്തിൽ ഊന്നിനിന്നുകൊണ്ട് ഗ്രാമഭരണത്തിന്റെ കേന്ദ്രബിന്ദു ഗ്രാമസഭകളാണെന്ന യാഥാർത്ഥ്യം ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഗ്രാമസഭാ പ്രവർത്തനങ്ങൾ ജീവസുറ്റതാകുമ്പോൾ മാത്രമാണ് അടിസ്ഥാനജനാധിപത്യം അതിന്റെ പൂർണ്ണത കൈവരിക്കുക. വികേന്ദ്രീകൃതാസൂത്രണത്തിന്റെ അന്തസ്സത്ത ഗ്രാമസഭാ തീരുമാനങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഫലവത്തായ മുന്നേറ്റങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ആസൂത്രണരംഗത്തും നിർവഹണരംഗത്തും ഭരണരംഗത്തും ജനങ്ങൾക്കുള്ള അധികാരാവകാശങ്ങളെ സംബന്ധിച്ച അറിവ് ഗ്രാമീണ ജനങ്ങളിൽ പ്രചരിപ്പിക്കുന്നതിൽ ഭരണരംഗത്തിന് വളരെ വലിയ ഉത്തരവാദിത്വമാണുള്ളത്.

പഞ്ചായത്തുഭരണകർത്താക്കളുടെ മറ്റൊരു പ്രധാന ഉത്തരവാദിത്വം വികസനപ്രവർത്തനങ്ങളോടു ബന്ധപ്പെട്ടതാണ്. ഒരു പ്രാദേശിക സ്വയംഭരണസ്ഥാപനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് ആവശ്യമായ പല ദിശകളിൽ വിവിധ കർമ്മപരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനം ആസൂത്രണം ചെയ്യുക എന്നതാണ് വികേന്ദ്രീകൃതാസൂത്രണ ശൈലി. ഈ ശൈലിയുടെ അടിസ്ഥാനത്തിൽ ഗ്രാമസഭയിൽ ഉയർന്നു വരുന്ന ജനകീയ നിർദ്ദേശങ്ങളുടെയും പ്രശ്നങ്ങളുടെയും വർക്കിംഗ് ഗ്രൂപ്പ് ശുപാർശകളുടെയും ചുവടുപിടിച്ച് വികസനപദ്ധതികളും പ്രോജക്റ്റുകളും തയ്യാറാക്കുക എന്നത് ഭരണപരമായ ഉത്തരവാദിത്വവും കടമയുമാണ്. വ്യക്തിഗത താല്പര്യങ്ങളെക്കാൾ സാമൂഹികതാല്പര്യങ്ങൾക്കും ജനകീയതാല്പര്യങ്ങൾക്കും അർഹിക്കുന്ന മുൻഗണന നൽകുക എന്ന ഉത്തരവാദിത്വം ഭരണസമിതിയുടേതാണ്. ഈ ഉത്തരവാദിത്വം ഭരണസമിതി സത്യസന്ധമായി വിനിയോഗി

*ഗ്രാമസഭാ പ്രവർത്തനങ്ങൾ ജീവസുറ്റതാകുമ്പോൾ മാത്രമാണ് അടിസ്ഥാനജനാധിപത്യം അതിന്റെ പൂർണ്ണത കൈവരിക്കുക*



*ആസൂത്രണരംഗത്തും നിർവഹണ രംഗത്തും ഭരണരംഗത്തും ജനങ്ങൾക്കുള്ള അധികാരാവകാശങ്ങളെ സംബന്ധിച്ച അറിവ് ഗ്രാമീണ ജനങ്ങളിൽ പ്രചരിപ്പിക്കുന്നതിൽ ഭരണരംഗത്തിന് വളരെ വലിയ ഉത്തരവാദിത്വമാണുള്ളത്.*



ക്കുമ്പോൾ മാത്രമാണ് യഥാർത്ഥ പ്രാദേശിക ഭരണനിർവ്വഹണം സാർത്ഥകമാകുന്നത്.

പഞ്ചായത്തുഭരണത്തെ സംബന്ധിച്ച ലിഖിതമായ നിയമവ്യവസ്ഥകളും ഉത്തരവുകളുമെന്നപോലെതന്നെ ജനപ്രതിനിധികൾ അനുവർത്തിക്കേണ്ട ചില ധാർമ്മിക ഉത്തരവാദിത്വങ്ങളും കടമകളുമുണ്ട്. പഞ്ചായത്തുഭരണം കൂടുതൽ ജനാധിപത്യവൽക്കരിക്കപ്പെടുക എന്നത് ഭരണപരമായ ഒരു ധാർമ്മിക ഉത്തരവാദിത്വം കൂടിയാണ്. ഭരണരംഗത്തെ ജനാധിപത്യവൽക്കരണത്തിന് സഹായകമായി പ്രവർത്തിക്കാൻ കഴിയുന്ന സംഘടനാ സംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും അവയുടെ പ്രവർത്തനങ്ങളെ ജനാധിപത്യവൽക്കരണപ്രക്രിയയ്ക്ക് യോജിച്ച ദിശയിൽ ശക്തമാക്കുകയും ചെയ്യുകയെന്നത് ഒരു ഭരണച്ചുമതല തന്നെയാണ്. ഗ്രാമസഭകളുടെ സജീവതയെ വളർത്തിയെടുക്കുവാൻ ഈ സംഘടനാ സംവിധാനങ്ങൾക്ക് കഴിയും. വികസനരംഗത്ത് ജനകീയപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നേതൃത്വപരമായ പങ്കും ഭരണനിർവഹണച്ചുമതലയോടു ബന്ധപ്പെട്ടതാണ്. പഞ്ചായത്തു പദ്ധതികളുടെയും ഭരണത്തിന്റെയും തീരുമാനങ്ങളുടെയും സാമൂഹികപ്രാധാന്യമാണ് ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലെ മുഖ്യഘടകം. ജനകീയ കൂട്ടായ്മയിലൂടെ നേടുവാൻ കഴിഞ്ഞ സാമൂഹികവികസനനേട്ടങ്ങൾ പദ്ധതികളിലെ തെരഞ്ഞെടുപ്പിന്റെയും ജനവികാരത്തിന്റെയും പ്രാധാന്യത്തെയാണ് സൂചിപ്പിക്കുന്നത്.

ഒരു പഞ്ചായത്ത് ജനപ്രതിനിധിയെ സംബന്ധിച്ചിടത്തോളം ഔദ്യോഗിക ഉത്തരവാദിത്വങ്ങൾക്കു പുറമെ ദൈനംദിനം ഇടപെടേണ്ടതും ഏറ്റെടുക്കേണ്ടതുമായ പ്രവർത്തനങ്ങൾ നിരവധിയും വൈവിധ്യമാർന്നതുമാണ്.

- പൊതുജനത്തിന്റെ വ്യക്തിപരമായ പ്രശ്നങ്ങളും തർക്കങ്ങളും പൊതുപരാതികളും കേൾക്കലും പരിഹരിക്കലും.
- രാഷ്ട്രീയപ്രശ്നങ്ങളിലിടപെടൽ, രാഷ്ട്രീയ പ്രവർത്തനങ്ങൾ.
- പോലീസ്കേസ് പോലുള്ള പ്രശ്നങ്ങളിലിടപെടൽ.
- വിവാഹത്തിലും വിവാഹബന്ധം വേർപെടുത്തലിലും കൂട്ടിയോജിപ്പിക്കലിലും ഇടപെടൽ.
- ജനനം മുതൽ മരണംവരെയുള്ള ചടങ്ങുകളിൽ പങ്കെടുക്കൽ.
- പ്രാദേശികമായുള്ള യോഗങ്ങളിലും കമ്മിറ്റികളിലും പങ്കെടുക്കൽ.
- പലതിനും നേതൃത്വം നൽകൽ, അഭിപ്രായം പറയൽ, അവരിൽ ഒരാളായി നിൽക്കൽ.
- ശുപാർശ നടത്തൽ (ഫോൺ വഴിയും, കൂടെ പോയും)

- ആശുപത്രികേസ്സുകൾ
- മധ്യസ്ഥത വഹിക്കൽ, ജാമ്യം നിൽക്കൽ.

ഇങ്ങനെ നീളുന്നു മെമ്പറുടെ പ്രവർത്തനങ്ങൾ. പലതും അവരുടെ അധികാരപരിധിയിൽപ്പെട്ടതുപോലും ആകണമെന്നില്ല. എന്നാൽ ജനം ഇവരിൽനിന്ന് ഇത്തരം സഹായവും സഹകരണവും പ്രതീക്ഷിക്കുന്നു. രാപകൽ ഇത്തരം കാര്യങ്ങളിൽ നിരന്തരം വ്യാപൃതരാകേണ്ടിവരും. അധികാരവികേന്ദ്രീകരണത്തിന്റെ ശക്തി വർദ്ധിപ്പിക്കേണ്ടതിന്റെയും, പഞ്ചായത്ത് ഒരു പ്രാദേശികസർക്കാരായി കരുത്താർജിക്കേണ്ടതിന്റെയും, പഞ്ചായത്തിന്റെയും മെമ്പർമാരുടെയും അധികാരം വർദ്ധിക്കേണ്ടതിന്റെയും, ജനകീയപങ്കാളിത്തവും സുതാര്യതയും വർദ്ധിപ്പിക്കേണ്ടതിന്റെയും പ്രാധാന്യമാണ് ഇതുവഴി വെളിവാകുന്നത്. വികസന, ഭരണതലത്തിലെ ഉത്തരവാദിത്വങ്ങൾക്കൊപ്പം മേൽസൂചിപ്പിച്ച തരത്തിലുള്ള ഉത്തരവാദിത്വങ്ങളും കാര്യക്ഷമവും ഫലപ്രദവുമായി നിർവഹിക്കപ്പെടുമ്പോഴാണ് ഒരു മെമ്പറുടെ സ്ഥാനം കൂടുതൽ കരുത്തുറ്റതാകുക. ഇവയെല്ലാം നന്നായി കൈകാര്യം ചെയ്യണമെങ്കിൽ നല്ലൊരു മാനേജ്മെന്റ് സംവിധാനം ഉണ്ടാക്കേണ്ടതും ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി വിഭജിച്ചു നൽകി അതിന്റെ നേതൃത്വരംഗത്തേക്ക് ജനപ്രതിനിധിയെന്ന നിലയിൽ ഉയരേണ്ടതും അനിവാര്യമാണ്. അതിന് ഏറ്റവും സഹായകമായി ഉപയോഗിക്കാവുന്നത് ഗ്രാമസഭയെയും അതിനു കീഴിലുള്ള ചെറു സംഘടനാസംവിധാനങ്ങളെയും സമൂഹാധിഷ്ഠിത സംഘടനകളെയും ക്ലബ്ബുകൾ, കലാസമിതികൾ, ഗ്രന്ഥശാലകൾ, കർഷകസമിതികൾ, വിവിധ യൂണിയനുകൾ രാഷ്ട്രീയപാർട്ടികൾ തുടങ്ങിയവയെയുമാണ്. ഇവയെ എത്രകണ്ട് ജീവസുറ്റതാക്കി ഇതിൽ പങ്കെടുപ്പിക്കുന്നു/ഉപയോഗിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഒരു മെമ്പർ/ഭരണസമിതി എത്രകണ്ട് ജനകീയവും കാര്യക്ഷമവും ആയിരുന്നു എന്നു വിലയിരുത്തുന്നത്. അല്ലാതുണ്ടാകുന്ന വികസനപ്രവർത്തനങ്ങളോട് പൊതുജനത്തിന് ഒരുതരത്തിലുമുള്ള അടുപ്പവും ഉണ്ടാവണമെന്നില്ല, ഇത് അവർക്കു വേണ്ടിയാണ് എന്നു തോന്നണമെന്നില്ല എന്നാണ് ഇതുവരെയുള്ള അനുഭവങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ളത്.

പൊതുഭരണത്തിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽനിന്നും വ്യത്യസ്തമായി പ്രാദേശിക ഗവൺമെന്റുകളുടെ കരുത്തും പ്രത്യേകതയും നേട്ടവും ഭരണത്തിൽ വോട്ടർമാർക്ക്/പൊതുജനത്തിന് നേരിട്ട് പങ്കാളികളാകാൻ കഴിയുന്നു എന്നതു തന്നെ. കൂടാതെ



*ഒരു പഞ്ചായത്തു മെമ്പറെ സംബന്ധിച്ചിടത്തോളം എല്ലാ കാര്യങ്ങളും സ്വയം ചെയ്യലല്ല, സംവിധാനങ്ങളെ ഏകോപിപ്പിക്കുകയും, ചുമതലകൾ വിഭജിച്ചു നൽകി അവയുടെ നിർവ്വഹണത്തിനു നേതൃത്വം നൽകുകയും, ജനവികാരത്തെ ഭരണതലത്തിലെത്തിച്ച് വേണ്ട തീരുമാനമെടുത്തു നടപ്പിലാക്കുകയുമാണ് ചെയ്യേണ്ടത്.*



*ഭരണത്തിൽ ഇട പെടാൻ പൊതുജന ത്തിന് അവസരം ലഭിക്കുന്ന ഭരണഘ ടനാദത്തമായ ഏറ്റവും താഴത്തെ തലമായി ഗ്രാമസഭ നിലനിൽക്കു ന്നു. ഗ്രാമസഭയുടെ തുടക്കകാലത്തെക്കാൾ ഇന്ന് ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെ ങ്കിലും കുറേ ആക്ഷേപ ങ്ങളും ഗ്രാമസഭയെ ക്കുറിച്ചു നിലനിൽക്കുന്നു.*

പ്രദേശിക സർക്കാരുകളുടെ ഭരണപരം, നിയന്ത്രണപരം, വികസനപരം എന്നീ അധികാരങ്ങൾ വിനിയോഗിക്കുന്നതിൽ സഹായിക്കാനും അവ വിനിയോഗിക്കുന്ന രീതി, അതിനായി എടുക്കുന്ന തീരുമാനങ്ങൾ, നേട്ടം, കോട്ടം എന്നിവ വിലയിരുത്തുന്നതിനും അതത് പ്രദേശത്തെ വോട്ടർമാർക്ക് അധികാരവും അവകാശവുമുണ്ട്. എന്നാൽ ഗ്രാമസഭകളിലും, ജനപ്രതിനിധികളുടെ ചർച്ചകളിലും, പരിശീലനങ്ങളിലും ഉയർന്നുവരാറുള്ള പ്രധാന ചോദ്യം ഈ ഗ്രാമസഭയും സാമൂഹികവിലയിരുത്തലും അറിയാനുള്ള അവകാശവുമൊക്കെ ഗ്രാമപഞ്ചായത്തുകൾക്കു മാത്രം മതിയോ എന്നതാണ്. ഗ്രാമസഭയിൽ ഉന്നയിക്കപ്പെടുന്ന വോട്ടർമാരുടെ അഭിപ്രായം, നിർദ്ദേശം, പ്രശ്നങ്ങൾ എന്നിവ ഗ്രാമപഞ്ചായത്തിനു വേണ്ടി മാത്രമല്ല ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും സംസ്ഥാന, കേന്ദ്ര ഗവൺമെന്റുകൾക്കും ബാധകമാണ്. എല്ലാ തലത്തിലുള്ള ഭരണകൂടങ്ങളുടെയും ഭരണ, വികസന, നിയന്ത്രണാധികാരങ്ങളുടെ വിനിയോഗം വിലയിരുത്താനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും വോട്ടർമാരുടെ സഭ എന്ന നിലയിൽ ഗ്രാമസഭയ്ക്ക് അധികാരമുണ്ട്. പരസ്പരമുള്ള ഈ തിരിച്ചറിയലിലൂടെ ഇടപെടാനും ഇടപെടുത്തിക്കുന്നതിനുമുള്ള അവസരവും സംവിധാനങ്ങളും ഒരുക്കുമ്പോഴാണ് ഭരണത്തിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനും അതുവഴി മെച്ചപ്പെട്ട ജീവിതനിലവാരത്തിലെത്താനായി കൂട്ടായി പ്രവർത്തിക്കാനും കഴിയുക.

തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയുടെ ഉത്തരവാദിത്വം മാത്രമാണിത് എന്നു കരുതി രാഷ്ട്രീയപാർട്ടികൾക്കോ സന്നദ്ധസംഘടനകൾക്കോ (കുടുംബശ്രീ അടക്കം) എൻ.ജി.ഒ.കൾക്കോ ബഹുജനസംഘടനകൾക്കോ പൊതുജനത്തിനോ മാറിനിൽക്കാൻ സാധ്യമല്ല. കാരണം ഇവയെല്ലാം ചേർന്നതാണ് നമ്മുടെ പഞ്ചായത്തിരാജ് സംവിധാനം. അതിനാൽ ഇവയിൽ ഏതെങ്കിലും ഒന്ന് ഉത്തരവാദിത്വത്തിൽനിന്ന് പിന്നോട്ടുപോയാൽ അത് വ്യക്തമായി വികസനത്തിലും ഭരണത്തിലും പ്രതിഫലിക്കും. ഒരു പഞ്ചായത്തു മെമ്പറെ സംബന്ധിച്ചിടത്തോളം എല്ലാ കാര്യങ്ങളും സ്വയം ചെയ്യലല്ല, സംവിധാനങ്ങളെ ഏകോപിപ്പിക്കുകയും, ചുമതലകൾ വിഭജിച്ചു നൽകി അവയുടെ നിർവ്വഹണത്തിനു നേതൃത്വം നൽകുകയും, ജനവികാരത്തെ ഭരണതലത്തിലെത്തിച്ച് വേണ്ട തീരുമാനമെടുത്ത് നടപ്പിലാക്കുകയുമാണ് ചെയ്യേണ്ടത്. കൂടാതെ മറ്റ് ഭരണതലങ്ങളിൽ ഗ്രാമസഭാനിർദ്ദേശങ്ങൾ എത്തിക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കുകയും വേണം. പഞ്ചാ

യത്തിരാജ് സംവിധാനത്തിൽ ഇത്രകണ്ട് ഉയർന്ന ഒരു സ്ഥാനവും ഉത്തരവാദിത്വവുമാണ് മെമ്പർക്കുള്ളത്.

ഭരണത്തിൽ ഇടപെടാൻ പൊതുജനത്തിന് അവസരം ലഭിക്കുന്ന ഭരണഘടനാദത്തമായ ഏറ്റവും താഴത്തെ തലമായി ഗ്രാമസഭ നിലനിൽക്കുന്നു. ഗ്രാമസഭയുടെ തുടക്കകാലത്തെക്കാൾ ഇന്ന് ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും കുറേ ആക്ഷേപങ്ങളും ഗ്രാമസഭയെക്കുറിച്ചു നിലനിൽക്കുന്നു. അവ കൂടി പരിശോധിച്ചിട്ട് തുടർന്നുള്ള അധ്യായങ്ങളിലേക്കു നീങ്ങുന്നതാവും യുക്തം.

- ഗ്രാമസഭയെയും തീരുമാനപ്രക്രിയയെയും രാഷ്ട്രീയവൽക്കരിക്കുന്നു.
- മിനിറ്റ്സ് അവിടെവച്ചുതന്നെ രേഖപ്പെടുത്തുന്നില്ല/മിനിറ്റ്സ് കൃത്യമായി എഴുതാറില്ല.
- പങ്കാളിത്തത്തിൽ സ്ത്രീകളാണ് കൂടുതൽ. എന്നാൽ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ ഇവർക്ക് പ്രാതിനിധ്യം ഇല്ല.
- പുരുഷന്മാരുടെ എണ്ണം ഗ്രാമസഭയിൽ കുറഞ്ഞുവരുന്നു.
- ഗ്രാമസഭയിൽ കൂടുതലും ആനുകൂല്യം പ്രതീക്ഷിച്ചുവരുന്നവരാണ്.
- വിദ്യാസമ്പന്നരും, സാമ്പത്തികമായി മുന്തിയവരും ഗ്രാമസഭയിൽ പങ്കെടുക്കുന്നില്ല.
- ഗ്രാമസഭാ തീരുമാനങ്ങൾ ഫലപ്രാപ്തിയിൽ എത്തുന്നില്ല.
- ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾ കണക്കാക്കപ്പെടുന്നില്ല.
- സ്വജനപക്ഷപാതം നിലനിൽക്കുന്നു.
- ഗ്രാമസഭയിൽ പങ്കെടുത്തതുകൊണ്ട് ഒരു ഗുണവും ലഭിക്കുന്നില്ല.
- കൊടുത്തവർക്കു തന്നെ ആനുകൂല്യം വീണ്ടും നൽകുന്നു.
- ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ മാറ്റം വരുത്തുന്നു.
- ഗ്രാമസഭ പ്രസംഗങ്ങളുടെ വേദിയായി മാത്രം മാറുന്നു.
- എല്ലാവരെയും അറിയിക്കുന്നു; എന്നാൽ പങ്കെടുക്കാൻ തയ്യാറാകുന്നില്ല.
- ഗ്രാമസഭയുടെ അധികാരാവകാശങ്ങളെക്കുറിച്ച് പൊതുജനത്തിന്റെ അവബോധമില്ലായ്മ.
- ഗ്രാമസഭാ തീരുമാനങ്ങളുടെ തുടർപ്രവർത്തനം അറിയുന്നില്ല.
- എല്ലാ വിഭാഗങ്ങളെയും പങ്കെടുപ്പിക്കാൻ കഴിയുന്നില്ല.
- വർക്കിങ്ങ് ഗ്രൂപ്പ് അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ കൃത്യമായി പങ്കെടുക്കുകയോ, അവരുടെ പങ്ക് നിർവഹിക്കുകയോ ചെയ്യു

*കേരളത്തിൽ പ്രാദേശിക ഭരണ രംഗത്തെ ജനപ്രതിനിധികളും ഭരണ സമിതികളും, കാര്യങ്ങൾ നന്നായി നടത്തണമെന്നും കൂടുതൽ ജനോപകാരപ്രദമാകണമെന്നും ജനപങ്കാളിത്തം വേണമെന്നും താൽപ്പര്യമുള്ളവരാണെന്ന കാര്യത്തിൽ തർക്കമില്ല.*



*വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള നാട്ടുകാരെ എങ്ങനെ ഈ സംവിധാനവു മായി കൂട്ടിയണിക്കാം? സംഘടനകൾ, സ്ഥാപനങ്ങൾ, അക്കാദമിക് സ്ഥാപന ങ്ങൾ എന്നിവയ്ക്ക് എന്തു പങ്കാണ് നിർവഹിക്കാനുള്ളത്?*



ന്നില്ല.

- ഗ്രാമസഭയുടെ സ്ഥലം, സമയം, തീയതി, അജണ്ട എന്നിവ തീരുമാനിക്കുന്നതിലെ അപാകത.
- ഭരിക്കുന്ന ആളിന്റെ മാത്രം ആവശ്യമായി മാറുന്നു.
- സുതാര്യത ഇല്ലായ്മ.
- പ്രചരണത്തിന്റെ അഭാവം.
- ത്രിതലങ്ങളുടെ ഏകോപനക്കുറവ്.
- ഗ്രാമസഭ നന്നായി നടത്താൻ ജനപ്രതിനി ധികൾ താല്പര്യം കാണിക്കുന്നില്ല.
- കേവലം ഒരു ചടങ്ങായി മാറുന്നു.

ഇത്തരത്തിൽ നീളുന്നു ഗ്രാമസഭയുമായി ബന്ധപ്പെട്ട പരാതികൾ. എല്ലാ പഞ്ചായത്തുക ളുടെയും ഗ്രാമസഭകളുടെയും പ്രശ്നമാണെന്ന ന്നല്ല, മറിച്ച് ഇവ മൊത്തത്തിൽ വരുന്ന പ്രശ്ന ങ്ങളായി കാണാവുന്നതാണ്. എങ്കിലും ആളു കളുടെ പങ്കാളിത്തം (ഭൗതികസാന്നിധ്യം മാത്ര മല്ല) മൊത്തത്തിൽ കുറഞ്ഞുവരുന്നതായി കാണാം. ഇതിന്റെ കാരണങ്ങൾ അന്വേഷി ക്കുകയും പരിഹരിക്കുകയും ചെയ്യാതെ ഇത്രയും ഫലപ്രദമായ ഒരു സംവിധാനത്തെ മെച്ചപ്പെടു ത്തിക്കൊണ്ടുവരുക സാധ്യമല്ല. എന്നാൽ "ഇത്തരം പ്രശ്നങ്ങൾ ഗ്രാമസഭകളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നതിനാൽ ഗ്രാമസഭ വളരെ മോശമായ തലമായി മാറിക്കൊണ്ടിരി ക്കുന്നു, ഇത് പ്രായോഗികമല്ല, ഞാൻ എന്തിന് പങ്കെടുക്കണം" എന്നിങ്ങനെ മാറിനിന്നു വിമർശിക്കുന്നത് കേവലം ഒളിച്ചോട്ടമോ രക്ഷ പ്പെടലോ ആണ്. മറിച്ച് ഈ സംവിധാനം മെച്ച പ്പെടുത്താൻ നമുക്ക് ഓരോരുത്തർക്കുമുള്ള/ നാം ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സംവിധാ നങ്ങൾക്കുള്ള ഉത്തരവാദിത്വം എത്രകണ്ട് നിർവ ഹിക്കുന്നു എന്നുവേണം പരിശോധിക്കാൻ.

കേരളത്തിൽ പ്രാദേശിക ഭരണരംഗത്തെ ജനപ്രതിനിധികളും ഭരണസമിതികളും, കാര്യങ്ങൾ നന്നായി നടത്തണമെന്നും കൂടു തൽ ജനോപകാരപ്രദമാകണമെന്നും ജനപ ങ്കാളിത്തം വേണമെന്നും താൽപ്പര്യമുള്ളവരാ ണെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ അതിനായി തുനിയുമ്പോൾ അവരുടെ മുന്നിൽ വ്യത്യസ്തമായ കുറേ ചോദ്യങ്ങൾ ഉയർന്നു വരുന്നു. അവയ്ക്ക് പരിഹാരം കാണാതെ കാര്യക്ഷമമായി ഗ്രാമസഭയെ മുന്നോട്ടുകൊ ണ്ടുപോകുന്നതിനോ മെച്ചപ്പെട്ട ഭരണത്തിലൂ ടെ ശരിയായ വികസനം സാധ്യമാക്കുന്ന തിനോ കഴിയില്ല.

1. ഗ്രാമസഭാസംഘാടനത്തിന് കൃത്യമായ ആസൂത്രണം എങ്ങനെ നടത്തണം?
2. കൂടുതൽ ആളുകളെ പങ്കെടുപ്പിച്ചാൽ അവരെ

കാര്യങ്ങൾ ബോധ്യപ്പെടുത്താനും അവരുടെ അഭിപ്രായങ്ങൾ കൃത്യമായി അറിയാനും എന്തു സംവിധാനമാണ് ഉണ്ടാക്കേണ്ടത്?

3. തീരുമാനമെടുക്കുന്ന പ്രക്രിയയിലും നിർവഹണത്തിലും പൊതുജനത്തെ എങ്ങനെ പങ്കാളിയാക്കാം?
4. ഉദ്യോഗസ്ഥർ, ഭരണകർത്താക്കൾ, സംഘടനാ സംവിധാനങ്ങൾ, വോട്ടർ മാർ എന്നിവരുടെ മനോഭാവത്തിൽ എങ്ങനെ ഗുണപരമായ മാറ്റം വരുത്താം?
5. ഗ്രാമസഭയിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും നിർദ്ദേശങ്ങൾ, ആവശ്യങ്ങൾ എന്നിവ പൂർത്തീകരിക്കാനും ഏതൊക്കെ തലത്തിൽ, എന്തു സംവിധാനത്തിനാണ് രൂപം നൽകേണ്ടത്? അതിനായി ആർക്കൊക്കെ എന്തൊക്കെ പങ്കാണ് വഹിക്കാനുള്ളത്?
6. ആവശ്യമായ സന്നദ്ധ പ്രവർത്തകരെ എങ്ങനെ ഈ പ്രക്രിയയിലേക്ക് കൊണ്ടുവരാം? അവരെ എങ്ങനെ നിലനിർത്താം?
7. നാട്ടിലെ ശരിയായ പ്രശ്നങ്ങൾ തിരിച്ചറിയാൻ എന്തു സംവിധാനമാണ് വേണ്ടത്?
8. ഇത്തരത്തിൽ പ്രശ്നങ്ങളും കാരണങ്ങളും തിരിച്ചറിയാൻ ആളുകളുടെ പങ്കാളിത്തം എങ്ങനെ ഉണ്ടാക്കാം? പ്രശ്നങ്ങളും അവയുടെ ശരിയായ കാരണങ്ങളും ജനത്തെ ബോധ്യപ്പെടുത്താനും കൂട്ടായി പരിഹാരം കാണാനും ഉതകുന്ന എന്തു സംവിധാനമാണുള്ളത്?
9. കാര്യങ്ങൾ എങ്ങനെ പരമാവധി സുതാര്യമാക്കാം? അതുവഴി എങ്ങനെ വോട്ടർമാരുടെ തെറ്റിദ്ധാരണ ഒഴിവാക്കാം?
10. വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള നാട്ടുകാരെ എങ്ങനെ ഈ സംവിധാനവുമായി കൂട്ടിയണിക്കാം? സംഘടനകൾ, സ്ഥാപനങ്ങൾ, അക്കാദമിക് സ്ഥാപനങ്ങൾ എന്നിവയ്ക്ക് എന്തു പങ്കാണ് നിർവഹിക്കാനുള്ളത്? അവരെ എങ്ങനെ ഫലപ്രദമായി ഇതുമായി കൂട്ടിയിണക്കാം?
11. നിയമത്തെയും മുകൾതല

*പഞ്ചായത്തുഭരണ സമിതിയാണ് കേന്ദ്രസ്ഥാനത്തെന്നു തിരിച്ചറിഞ്ഞ്, അതിന്റെ അധികാരത്തെയും ഉത്തരവാദിത്വത്തെയും സ്ഥാനത്തെയും അംഗീകരിച്ചുകൊണ്ടുള്ള പിന്തുണാപ്രവർത്തനവും ഇടപെടലുമാണ് ആശാസ്യമായിട്ടുള്ളത്. അല്ലാതുള്ളവയേതും ഈ സംവിധാനത്തിനു വിരുദ്ധമാണ്.*



*ഇവയിൽ നിന്നും മനസിലാകുന്നത് ഗ്രാമ സഭ എന്ന ഒരു സംവിധാനത്തെ മാത്രമായി നന്നാക്കുക സാധ്യമല്ലെന്നാണ്. കാരണം ഇവ മറ്റെല്ലാ സംവിധാനങ്ങളുമായും ബന്ധപ്പെട്ടുകിടക്കുന്നു.*

*ഗ്രാമസഭ ശക്തമാക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്, ആവശ്യമാണ്.*

ത്തിൽനിന്നുമുള്ള നിയന്ത്രണങ്ങളെയും ഇടപെടലുകളെയും സമയപരിധികളെയും നിർദ്ദേശങ്ങളെയുമൊക്കെ ഈ സംവിധാനങ്ങളെ ബാധിക്കാത്ത വിധത്തിൽ എങ്ങനെ കൂട്ടിയിണക്കി മുന്നേറാം?

12. ഗ്രാമസഭയ്ക്ക് താഴെയുള്ള അയൽക്കൂട്ടങ്ങൾക്ക് രൂപം നൽകിയാൽത്തന്നെ അവർക്ക് എന്ത് ഉത്തരവാദിത്വമാണ് നൽകേണ്ടത്? ഈ പ്രക്രിയയുടെ ഒരു കണ്ണിയാക്കി ഇവയെ എങ്ങനെ മാറ്റാം?

13. പല പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം എന്ത് എന്തെന്ന് അറിയാൻ വയ്യ, അഥവാ തിരിച്ചറിഞ്ഞാൽത്തന്നെ അത് വളരെ ക്കാലം നിലനിൽക്കുന്ന ഒരു പ്രക്രിയയിൽ



ക്കൂടി മാത്രമേ സാധ്യമാകൂ എന്നുണ്ടെങ്കിൽ അത് ജനത്തെ ബോധ്യപ്പെടുത്തി എങ്ങനെ ഇടപെടാൻ കഴിയും?

14. ഗ്രാമസഭ വാർഡ് അടിസ്ഥാനത്തിൽ ആയതിനാൽ ശരിയായ/ശാസ്ത്രീയമായ രീതിയിൽ ഫണ്ട് എങ്ങനെ വിനിയോഗിക്കാം?
15. ഓരോ ഗ്രാമസഭയിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ, ആവശ്യങ്ങൾ, പ്രശ്നങ്ങൾ എന്നിവ എങ്ങനെ ക്രോഡീകരിച്ച് പഞ്ചായത്തുതലത്തിൽ കൊണ്ടുവരാം? എങ്ങനെ മുൻഗണനാക്രമം നിശ്ചയിക്കാം? ഇതിന്റെ അടിസ്ഥാനത്തിൽ എങ്ങനെ വികസന കാഴ്ചപ്പാട് രേഖ ഉണ്ടാക്കാം? ഇവയുടെയൊക്കെ അടിസ്ഥാനത്തിൽ ഒരു യഥാർത്ഥ ബഡ്ജറ്റ് എങ്ങനെ ഉണ്ടാക്കാം?
16. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളെയും വർക്കിങ്ങ്ഗ്രൂപ്പിനെയും സ്റ്റേക്ക്ഹോൾഡേഴ്സ് മീറ്റിങ്ങിനെയും എങ്ങനെ ഫലപ്രദമായി പ്രവർത്തിപ്പിക്കാം? പരസ്പരം ബന്ധിപ്പിക്കാം? ഗ്രാമസഭയിൽ എങ്ങനെ ഉപയോഗിക്കാം? പദ്ധതി മെച്ചപ്പെടുത്താൻ എങ്ങനെ ഉപയോഗിക്കാം?
17. ഓരോ മെമ്പർക്കും അവർ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയെ കാര്യങ്ങൾ ബോധ്യപ്പെടുത്തിയും നിർദ്ദേശങ്ങൾ വാങ്ങിയും ഈ സംവിധാനങ്ങളുമായി കൂട്ടിയിണക്കി എങ്ങനെ മുന്നോട്ടുപോകാം?
18. ബഡ്ജറ്റും ആസൂത്രണപദ്ധതിയും തമ്മിൽ എങ്ങനെ കൂട്ടിയിണക്കാം?

ഇത്തരത്തിൽ നീളുന്നു മുന്നിലുള്ള പ്രശ്നങ്ങൾ. ഇവയിൽ നിന്നും മനസിലാകുന്നത് ഗ്രാമസഭ എന്ന ഒരു സംവിധാനത്തെ മാത്രമായി നന്നാക്കുക സാധ്യമല്ലെന്നാണ്. കാരണം ഇവ മറ്റെല്ലാ സംവിധാനങ്ങളുമായും ബന്ധപ്പെട്ടുകിടക്കുന്നു. അതിനാൽ പഞ്ചായത്തിന്റെ സേവനവ്യവസ്ഥകളുടെയും നടപടിക്രമങ്ങളുടെയും കാര്യശേഷിയും കൂട്ടായ്മയും കാഴ്ചപ്പാടും സമീപനവും ജനത്തിന്റെ മനോഭാവവും ഉദ്യോഗസ്ഥരുടെ സമീപനവും ഒക്കെ മാറണം. ഓരോരുത്തർക്കുമുള്ള ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവചിക്കാനും, അത് നിർവഹിക്കാനുള്ള അവസരം നൽകാനും ഉതകുന്ന നേതൃത്വരംഗത്തേക്കാണ് തദ്ദേശഭരണസ്ഥാപനങ്ങളും ഭരണാധികാരികളും മാറേണ്ടത്; അപ്പോഴാണ് ശരിയായ ജനപങ്കാളിത്തം സാർത്ഥകമാകുക.



*പഞ്ചായത്തിന്റെ സേവനവ്യവസ്ഥകളുടെയും നടപടിക്രമങ്ങളുടെയും കാര്യശേഷിയും കൂട്ടായ്മയും കാഴ്ചപ്പാടും സമീപനവും ജനത്തിന്റെ മനോഭാവവും ഉദ്യോഗസ്ഥരുടെ സമീപനവും ഒക്കെ മാറണം.*

# 3

# ഗ്രാമസഭ

*പൊതുഭരണ സംവിധാനത്തിന്റെ ഏറ്റവും താഴെയുള്ള ഔദ്യോഗികതലമാണ് ഗ്രാമസഭ.*



**ഇ**ന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരള പഞ്ചായത്തിരാജ് സംവിധാനമനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിലെ ഒരു നിയോജകമണ്ഡലത്തെ (ഒരു വാർഡിനെ) ഒരു ഗ്രാമമായി കണക്കാക്കുകയും ആ ഗ്രാമത്തിലെ മുഴുവൻ വോട്ടർമാരും അംഗങ്ങളായുള്ള ഔദ്യോഗികസഭയെ ഗ്രാമസഭ എന്നു വിളിക്കുകയും ചെയ്യുന്നു.

**ഗ്രാമസഭ എന്നാൽ**

പൊതുഭരണസംവിധാനത്തിന്റെ ഏറ്റവും താഴെയുള്ള ഔദ്യോഗികതലമാണ് ഗ്രാമസഭ. ഭരണത്തിലും തീരുമാനമെടുക്കുന്ന പ്രക്രിയയിലും നിർവഹണത്തിലും വിഭവസമാഹരണത്തിലുമെല്ലാം അതിന്റെ ഗുണഭോക്താക്കൾക്കു കൂടി പങ്കുണ്ട് എന്നതാണ് പ്രാദേശിക ഗവൺമെന്റുകളെ മറ്റു ഗവൺമെന്റുകളിൽ നിന്നും വ്യത്യസ്തമാക്കുന്നത്. ഇതിന് സഹായകമായ രീതിയിലാണ് ഗ്രാമസഭകൾ വിഭാവനം ചെയ്തിട്ടുള്ളത്. ഒരു പ്രദേശത്തെ നിയമവ്യവസ്ഥകൾ എങ്ങനെ നന്നായി പരിപാലിക്കാമെന്നും അതിനു സഹായകമായ രീതിയിൽ എന്ത് പ്രാദേശിക നിയമങ്ങൾ രൂപവത്കരിക്കാമെന്നും ആലോചിക്കാനും തീരുമാനിക്കാനുമുള്ള വേദിയാണ് ഗ്രാമസഭ. ഓരോ വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ജീവിതഗതിയിൽ വേണ്ട സ്വാധീനം ചെലുത്താൻ ഗ്രാമസഭയ്ക്കു കഴിയും. കാരണം മനുഷ്യൻ ഒരു സാമൂഹികജീവിയാണ് എന്നതു തന്നെ. അതിനാൽ ഗ്രാമസഭയിൽ പങ്കെടുക്കേണ്ടത് എം.പി. പാർലമെന്റിൽ പങ്കെടുക്കുന്നതുപോലെയും എം.എൽ.എ. നിയമസഭയിൽ പങ്കെടുക്കുന്നതുപോലെയും പഞ്ചായത്ത് മെമ്പർമാർ പഞ്ചായത്ത് ഭരണസമിതിയിൽ പങ്കെടുക്കുന്നതുപോലെയും പ്രധാന്യമേറിയ കടമയും ഉത്തരവാദിത്വവുമാണ് എന്നു നാം തിരിച്ചറിയണം.

### ഗ്രാമസഭ എന്തിന്?

ഗ്രാമസഭയെ ആനുകൂല്യങ്ങൾ വാങ്ങാനും ഭരണത്തെ വിലയിരുത്താനും വേണ്ടി മാത്രമുള്ള വേദിയായിട്ടല്ല കാണേണ്ടത്. ഗ്രാമസഭയിൽ പങ്കെടുക്കുന്നവർ ആത്യന്തിക അധികാരികളായ വോട്ടർമാരാണെന്നതിനാൽ അതിന്റെ സാധ്യതകൾ വളരെ വലുതാണ്.

### I. പഞ്ചായത്തിന്റെ ഭരണനിർവഹണത്തെ സഹായിക്കുക

1. തീരുമാനമെടുക്കുന്ന പ്രക്രിയയെ സഹായിക്കുക.
2. വിഭവസമാഹരണത്തിനു സഹായിക്കുക.
3. പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുക.
4. നിയമം നടപ്പിലാക്കാൻ സഹായിക്കുക.
5. പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുക.
6. പ്രാദേശിക നിയമങ്ങൾ രൂപവത്കരിക്കാൻ സഹായിക്കുക.
7. ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നൽകുക.
8. ഗുണഭോക്തൃപ്രദേശം തെരഞ്ഞെടുക്കാൻ സഹായിക്കുക... തുടങ്ങിയവ.

### II. ആസൂത്രണത്തിൽ സഹായിക്കുക

1. പ്രശ്നങ്ങൾ, വികസന പരിപാടികൾ എന്നിവ ലിസ്റ്റ് ചെയ്യാനും മുൻഗണന നിശ്ചയിക്കാനും സഹായിക്കുക.
2. വേണ്ട വിവരങ്ങൾ ശേഖരിക്കാൻ സഹായിക്കുക.
3. പരിഹരിക്കാൻ വേണ്ടി അനുഭവങ്ങൾ പങ്കുവയ്ക്കുക, സഹായിക്കുക.
4. പ്രശ്നപരിഹാരത്തിനുവേണ്ട പങ്ക് നിശ്ചയിക്കാൻ സഹായിക്കുക. പരിഹരിക്കാൻ/നിർവഹിക്കാൻ ഇടപെടുക... തുടങ്ങിയവ.

### III. തർക്കങ്ങൾ പരിഹരിക്കുക

1. വ്യക്തിപരവും സാമൂഹികവുമായ പരാതികൾ അവതരിപ്പിക്കുക. കൂട്ടായി ചർച്ച ചെയ്ത് പരിഹരിക്കുക.
2. ജാഗ്രതാസമിതിയിൽ വരുന്ന പൊതുപ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കുക.
3. പൊതുപ്രശ്നങ്ങൾ ചർച്ചചെയ്യുക, പരിഹരിക്കുക.
4. നാടിന്റെ നന്മയ്ക്കും നിലവിലുള്ള നിയമങ്ങൾ സുഗമമാക്കാനുമായി പ്രവർത്തനചട്ടങ്ങൾ ഉണ്ടാക്കുക. അത് പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുക... തുടങ്ങിയവ.

*ഗ്രാമസഭയെ ആനുകൂല്യങ്ങൾ വാങ്ങാനും ഭരണത്തെ വിലയിരുത്താനും വേണ്ടി മാത്രമുള്ള വേദിയായിട്ടല്ല കാണേണ്ടത്. ഗ്രാമസഭയിൽ പങ്കെടുക്കുന്നവർ ആത്യന്തിക അധികാരികളായ വോട്ടർമാരാണെന്നതിനാൽ അതിന്റെ സാധ്യതകൾ വളരെ വലുതാണ്.*




1
എന്താ ഈ ത്രിതലം ത്രിതലമെന്നു പറഞ്ഞാൽ?
അധികാര വികേന്ദ്രീകരണത്തിന്റെ പ്രത്യേകതകളിലൊന്നാണ് ത്രിതല പഞ്ചായത്ത് സംവിധാനം
എന്നു പറഞ്ഞാൽ ജില്ല, ബ്ലോക്ക്, ഗ്രാമം എന്നിങ്ങനെ മൂന്നു തലങ്ങളിലുള്ള പഞ്ചായത്ത് സംവിധാനം എന്നർഥം.
2
അപ്പോൾ ഏറ്റവും മുകളിലുള്ളത് ജില്ലാ പഞ്ചായത്തായിരിക്കും അല്ലേ?
ഏയ്, അങ്ങനെയല്ലന്നേ
കേരളത്തിൽ ഗ്രാമപഞ്ചായത്തും ബ്ലോക്കും ജില്ലയും സ്വതന്ത്ര അധികാരമുള്ള തലങ്ങളാണ്
3
പക്ഷേ, ഭരണസൗകര്യത്തിനും പ്രവർത്തനങ്ങളിൽ ഇരട്ടിപ്പ് ഉണ്ടാകാതിരിക്കുന്നതിനും ഓരോ തലത്തിന്റെയും പരിധി വലുപ്പത്തിനനുസരിച്ച് ചുമതലകളും അധികാരങ്ങളും നിർവചിച്ചിട്ടുണ്ട്
4
പരിധി വലുപ്പമെന്നുദ്ദേശിക്കുന്നത് ഓരോ തലത്തിന്റെയും ഭൂപരിധിയല്ലേ?
അതെയതെ, ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കാൻ കഴിയാത്തത് ബ്ലോക്കും അവിടെയും കഴിയാത്തത് ജില്ലയും ഏറ്റെടുക്കണം. അല്ലെങ്കിൽ സംയുക്തമായി നടപ്പാക്കണം. ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കു സഹായകമായ നിലയിൽ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളാകണം ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടത്.

## IV. വിലയിരുത്തൽ

1. അധികാര സ്ഥാപനങ്ങൾ, അധികാരികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ പ്രവർത്തനം വിലയിരുത്തുക.
2. പൊതു പണത്തിന്റെ വിനിയോഗം വിലയിരുത്തുക.
3. വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക.
4. പൗരാവകാശരേഖപ്രകാരം നിർവഹണം ഫലവത്താണോ എന്നു പരിശോധിക്കുക.
5. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുക... തുടങ്ങിയവ.

## V. പൊതുവായവ

1. സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ തിരിച്ചറിഞ്ഞ് അവരുടെ പ്രവർത്തനങ്ങൾക്ക് ശക്തിയും പിന്തുണയും നൽകാനും ഒരു വ്യക്തി എന്ന നിലയിൽ അവർക്ക് ജീവിക്കാനാവശ്യമായ അവസരമൊരുക്കാനും വേണ്ട പ്രവർത്തനങ്ങൾ ഗ്രാമസഭയുടെ മുഖ്യ അജണ്ടയായി മാറണം.
2. പിന്നോക്ക വിഭാഗങ്ങളെ സഹായിക്കാനും സമൂഹത്തിന്റെ മുൻനിരയിലേക്കു കൊണ്ടുവരാനും സംരക്ഷിക്കാനും ഉതകുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കുക ഗ്രാമസഭയുടെ വിഷയമാവണം.
3. കലാ-സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക.
4. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവരെ ആദരിക്കുക.
5. വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടിയവരുടെ കഴിവുകൾ പ്രദർശിപ്പിക്കാൻ അവസരം ഒരുക്കുക.
6. വിവിധ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.
7. വിവിധ സബ്കമ്മിറ്റികൾക്കും സംഘടനാ സംവിധാനങ്ങൾക്കും മേൽപ്പറഞ്ഞ കാര്യങ്ങൾക്കായി രൂപം നൽകുക.
8. വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ കണ്ടെത്തി കൂട്ടിയിണക്കുക.
9. കുടുംബശ്രീ പ്രവർത്തനങ്ങളെ സഹായിക്കുക, അവരുടെ ഉൽപ്പന്നങ്ങൾ വിൽക്കാനുള്ള വിപണനസംവിധാനം ഒരുക്കുക.
10. വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കുക.
11. സന്നദ്ധപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

ഇതിനൊക്കെ സഹായകമായ രീതിയിലാണ്



*സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ തിരിച്ചറിഞ്ഞ് അവരുടെ പ്രവർത്തനങ്ങൾക്ക് ശക്തിയും പിന്തുണയും നൽകാനും ഒരു വ്യക്തി എന്ന നിലയിൽ അവർക്ക് ജീവിക്കാനാവശ്യമായ അവസരമൊരുക്കാനും വേണ്ട പ്രവർത്തനങ്ങൾ ഗ്രാമസഭയുടെ മുഖ്യ അജണ്ടയായി മാറണം.*



*പിന്നോക്ക വിഭാഗ ങ്ങളെ സഹായിക്കാനും സമൂഹത്തിന്റെ മുൻനിരയിലേക്കു കൊണ്ടുവരാനും സംരക്ഷിക്കാനും ഉതകുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കുക ഗ്രാമസഭ യുടെ വിഷയമാവണം.*



പഞ്ചായത്തിരാജ് ആക്റ്റിൽ ഗ്രാമസഭ വിഭാവനം ചെയ്തിട്ടുള്ളത്. എന്തൊക്കെയാണ് അതിന്റെ നിയമപരമായ സംവിധാനം എന്നു നോക്കാം.

**ഗ്രാമസഭയുടെ ഘടനയും പ്രവർത്തനങ്ങളും**

- മൊത്തം വോട്ടർമാരുടെ 10% ആണ് ഗ്രാമസഭയുടെ കോറം. കോറം തികയാതെ വന്നാൽ മാറ്റിവച്ചശേഷം വിളിക്കുന്ന യോഗത്തിൽ 50 വോട്ടർമാർ എങ്കിലും ഉണ്ടാവണം.
- ഗ്രാമസഭ വർഷത്തിൽ കുറഞ്ഞത് മൂന്നു മാസത്തിൽ ഒന്ന് എന്ന ക്രമത്തിൽ നാലു പ്രാവശ്യമെങ്കിലും ചേരണം.
- അടുത്തടുത്ത് രണ്ടു യോഗം വിളിച്ചു ചേർത്തില്ലെങ്കിൽ ഗ്രാമസഭയുടെ കൺവീനർ കൂടിയായ പഞ്ചായത്ത് മെമ്പർ തൽസ്ഥാനത്തിന് അയോഗ്യനാവും.
- ഗ്രാമസഭാ കൺവീനർക്ക് എന്തെങ്കിലും കാരണവശാൽ തന്റെ ചുമതല നിർവ്വഹിക്കാൻ കഴിയാതെവന്നാൽ അത് മനസ്സിലാക്കി പഞ്ചായത്ത് പ്രസിഡന്റിന് തൊട്ടടുത്ത വാർഡിലെ കൺവീനറെ ചുമതല ഏൽപ്പിക്കാവുന്നതാണ്.
- ഗ്രാമസഭയുടെ അദ്ധ്യക്ഷൻ പഞ്ചായത്ത് പ്രസിഡന്റാണ്, അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ വൈസ്പ്രസിഡന്റും, രണ്ടുപേരുടെയും അസാന്നിദ്ധ്യത്തിൽ അതത് വാർഡിന്റെ മെമ്പർ (ഗ്രാമസഭാ കൺവീനർ) തന്നെ അദ്ധ്യക്ഷനായിരിക്കേണ്ടതുമാണ്.
- എല്ലാ ഗ്രാമസഭായോഗത്തിലും ആ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ ബ്ലോക്ക്, ജില്ലാ മെമ്പർമാരെയും നിയമസഭാംഗത്തെയും നിർബന്ധമായും ഗ്രാമസഭാ കൺവീനർ ക്ഷണിക്കേണ്ടതാണ്.
- ഗ്രാമസഭയുടെ ശുപാർശകളോ നിർദേശങ്ങളോ ഏതെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് ത്രിതലപഞ്ചായത്തുകൾ അർഹമായ പരിഗണന നൽകേണ്ടതാണ്.
- പഞ്ചായത്ത് പ്രസിഡന്റിന്റെ നിർദേശപ്രകാരം പഞ്ചായത്തിലെ ഉദ്യോഗസ്ഥർ ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഒരുപോലെ ഇടപെടേണ്ടവർ എന്ന നിലയിൽ വോട്ടർമാരുടെ ആവശ്യങ്ങൾ നേരിട്ട് അറിയാനും ഈ പ്രക്രിയയിൽ അവരുടെ സഹായം ഏതൊക്കെ തലത്തിലാണു വേണ്ടതെന്ന് ഉറപ്പാക്കാനും ഇതുവഴി കഴിയും.


1
എന്താടോ, കുറേ ഗ്രാമസഭകളിലായിട്ട് തന്നെ കാണുന്നില്ലല്ലോ. എന്തു പറ്റി?
ഓ, എന്തിനാ മെനക്കടണത്
എന്താടാ ഒരു നിരാശ? തന്റെ പ്രശ്നങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിക്കാൻ കഴിയുന്നില്ലേ? നടപ്പാക്കാൻ ശ്രമിക്കുന്നില്ലേ? അതോ തനിക്ക് ഇതുകൊണ്ട് ഒരു ഗുണവും തോന്നുന്നില്ലേ?
അതൊക്കെ ഉണ്ട്... പക്ഷെ ബ്ലോക്കിലെയും ജില്ലയിലെയും സംസ്ഥാനത്തെയും കേന്ദ്രത്തിലെയും കാര്യങ്ങൾ നമുക്കറിയാമോ? നമ്മുടെ ആവശ്യങ്ങൾ അവിടങ്ങളിലെത്തിക്കാനോ അവരുടെ പ്രവർത്തനങ്ങളിൽ നമുക്ക് അഭിപ്രായം പറയാനോ കഴിയുമോ?
2
നമ്മുടെ മെമ്പർ ദേഷ്യപ്പെട്ടു പറയാറുണ്ടല്ലോ മുകളിലോട്ടുള്ളവർക്കൊന്നും സുതാര്യത വേണ്ട, ഗ്രാമസഭയും വേണ്ട. നമുക്കു മാത്രം ഇവയൊക്കെ മതിയെന്ന്...
നമ്മൾ പറഞ്ഞതെല്ലാം മാഷ് കേട്ടിരിക്കയല്ലേ... മാഷ് തന്നെ ഇതിനെക്കുറിച്ചു പറയട്ടെ.
3
പക്ഷേ, അവർക്ക് എല്ലാ ഗ്രാമസഭയിലും പങ്കെടുക്കാനാവില്ലല്ലോ? എന്താ മാഷേ പരിഹാരം?
ഗ്രാമസഭ കൂടുമ്പോൾ അതിന്റെ പരിധിയിൽ വരുന്ന ബ്ലോക്ക്, ജില്ലാ, നിയമസഭാ അംഗങ്ങളെയും ക്ഷണിക്കണം. അവരുടെ തലങ്ങളിൽ നടത്തിയതും നടക്കാൻ പോകുന്നതുമായ കാര്യങ്ങൾ ഗ്രാമസഭയെ അറിയിക്കാനും ഗ്രാമസഭയുടെ ആവശ്യങ്ങൾ അവരെ നേരിട്ടു ബോധ്യപ്പെടുത്താനും വേണ്ടിയാണിത്.
പങ്കെടുക്കാൻകഴിയാത്തപ്പോൾ ഗ്രാമസഭയിൽ അറിയിക്കേണ്ടതും ചർച്ച ചെയ്യേണ്ടതുമായ കാര്യങ്ങൾ എഴുതിത്തയ്യാറാക്കി പഞ്ചായത്തിലെത്തിച്ചാൽ അവർ ഗ്രാമസഭയിൽ അവതരിപ്പിക്കുമല്ലോ.
4
അപ്പൊ, വെറുതേ പ്രമേയവും പാസ്സാക്കിയിട്ട് പൊടിതട്ടിപ്പോയതുകൊണ്ട് ഗ്രാമസഭാ മെമ്പറുടെ ഉത്തരവാദിത്വം തീരുന്നില്ലെന്നർഥം...
ജില്ല മുതൽ കേന്ദ്രം വരെയുള്ള എല്ലാ തലങ്ങളെക്കുറിച്ചും വിലയിരുത്താനും നിർദ്ദേശങ്ങൾ സ്വരൂപിക്കാനും കഴിയുമെന്നിരിക്കട്ടെ. അവയൊക്കെ അവർക്കെത്തിച്ച് നടപ്പാക്കാനാകുമോ?
ഓരോ തലത്തിലേക്കുമുള്ള നിർദ്ദേശങ്ങൾ പ്രത്യേകം തയ്യാറാക്കി, ഗ്രാമപഞ്ചായത്ത് സമിതിയുടെ ശുപാർശയോടെ അതതുതലങ്ങളിൽ എത്തിക്കും.
ഇത്രയ്ക്ക് അധികാരവും ഉത്തരവാദദിത്വവും ഗ്രാമസഭയ്ക്കുണ്ടെന്ന് എനിക്കറിയില്ലായിരുന്നു... നന്ദി മാഷേ...
എന്തായാലും ഇനി മുതൽ ഗ്രാമസഭകളിൽ കൃത്യമായി പങ്കെടുക്കും.

*ഗ്രാമസഭ വർഷത്തിൽ കുറഞ്ഞത് മൂന്നു മാസത്തിൽ ഒന്ന് എന്ന ക്രമത്തിൽ നാലു പ്രാവശ്യമെങ്കിലും നിർബന്ധമായും ചേരണം.*



- ഗ്രാമസഭായോഗം വിളിച്ചു ചേർക്കാൻ കൺവീനറെ സഹായിക്കുക, ഗ്രാമസഭാ മിനിറ്റ്സ് രേഖപ്പെടുത്തുക, ഗ്രാമസഭാസംഘാടനത്തെ സഹായിക്കുക എന്നിവയ്ക്കായി പഞ്ചായത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥനെ ഗ്രാമസഭാ കോർഡിനേറ്ററായി നിയമിക്കുന്നു.
- വാർഡിലെ 10% വോട്ടർമാരിൽ കുറയാത്ത അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ അതിൽ ഉന്നയിക്കുന്ന കാര്യങ്ങൾ മാത്രം അജണ്ടയാക്കി 15 ദിവസത്തിനുള്ളിൽ പ്രത്യേക ഗ്രാമസഭ കൺവീനർ വിളിച്ചു ചേർക്കേണ്ടതാണ്. ഇത് രണ്ടു സാധാരണ യോഗങ്ങൾക്ക് ഇടയ്ക്കായിരിക്കണം.
- ഗ്രാമസഭയുടെ അറിയിപ്പ് 7 ദിവസത്തിനു മുൻപ് വോട്ടർമാരിൽ എത്തിക്കണം.

**ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും**

- പഞ്ചായത്തിന്റെ വികസനപദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക.
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടെയും വികസന പരിപാടികളുടെയും നിർദ്ദേശങ്ങൾക്ക് രൂപംനൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യുക.
- ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച്, നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക.
- പ്രാദേശികമായി ആവശ്യമായ സൗകര്യങ്ങൾ നൽകിക്കൊണ്ട് വികസനപദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായങ്ങൾ ചെയ്തുകൊടുക്കുക.
- വികസനപദ്ധതികൾക്ക് ആവശ്യമായ സന്നദ്ധസേവനവും പണമായോ സാധനമായോ ഉള്ള സഹായങ്ങളും നൽകുകയും സമാഹരിക്കുകയും ചെയ്യുക.
- തെരുവുവിളക്കുകൾ, തെരുവിലേതോ പൊതുവായതോ ആയ വാട്ടർ ടാപ്പുകൾ, പൊതു കിണറുകൾ, പൊതു സാനിറ്റേഷൻ യൂണിറ്റുകൾ, ജലസേചന സൗകര്യങ്ങൾ, മറ്റ് പൊതു അവശ്യപദ്ധതികൾ തുടങ്ങിയവ എവിടെ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുക.
- ശുചിത്വം, പരിസ്ഥിതി സംരക്ഷണം, മലിനീ

കരണ നിയന്ത്രണം തുടങ്ങിയ പൊതുതാല്പര്യമുള്ള വിഷയങ്ങളെ സംബന്ധിച്ച അറിവ് പകരുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും അഴിമതി, വ്യാജവും കൃത്രിമവുമായ ഇടപാടുകൾ തുടങ്ങിയ സാമൂഹിക തിൻമകൾക്കെതിരെ സംരക്ഷണം നൽകുകയും ചെയ്യുക.

- ഗ്രാമസഭയുടെ പ്രദേശത്ത് വിവിധ വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്കിടയിൽ സൗഹാർദ്ദവും ഐക്യവും വളർത്തുകയും ആ പ്രദേശത്തെ ആളുകളിൽ സൻമനോഭാവം വളർത്തുന്നതിനായി കലാകായിക മേളകൾ സംഘടിപ്പിക്കുകയും ചെയ്യുക.
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃ കമ്മിറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക.
- സർക്കാരിൽ നിന്ന് പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധതരം ക്ഷേമസഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കുക.
- ഗ്രാമസഭയുടെ പ്രദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പണികളെ സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റുകളുടെ വിവരങ്ങൾ ശേഖരിക്കുക.
- അടുത്ത മൂന്നുമാസങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനുഷ്ഠിക്കേണ്ട സേവനങ്ങളും ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളും സംബന്ധിച്ച വിവരം ലഭ്യമാക്കുക.
- ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച് പഞ്ചായത്ത് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റെയും യുക്തി അറിയുക.
- ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർ നടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയുക.
- ശുചീകരണ പ്രക്രിയകളിൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുമായി സഹകരിക്കുകയും ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് സന്നദ്ധ സേവനം നൽകുകയും ചെയ്യുക.
- ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവുവിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.
- ഗ്രാമസഭയുടെ പ്രദേശത്തെ സ്കൂളുകളിലെ അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക.

*പ്രാദേശികമായി ആവശ്യമായ സൗകര്യങ്ങൾ നൽകിക്കൊണ്ട് വികസനപദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഗ്രാമസഭ സഹായങ്ങൾ ചെയ്തുകൊടുക്കണം.*




1
വർഷത്തിൽ ഇത്രയും ഗ്രാമസഭയുടെ ഒരാവശ്യവുമില്ല.
അതെയതെ വർഷത്തിൽ ഒന്നായാൽ സമയം മെനക്കെടുത്തുല്ലായിരുന്നു.
വർഷത്തിലൊരു ഗ്രാമസഭകൊണ്ട് ഇത്രയും കാര്യങ്ങൾ ചെയ്യാൻ പറ്റുമോ?
2
മാഷ് തന്നെ പറയട്ടെ. വർഷത്തിലൊന്നായാൽ സമയലാഭമാണെന്നാണ് ഇവർ പറയുന്നത്.
പൊതുജനത്തിന് ഭരണത്തിൽ നേരിട്ട് പങ്കെടുക്കാനുള്ള വേദിയെന്ന നിലയിൽ ഗ്രാമസഭയുടെ ഉത്തരവാദിത്വവും ചുമതലകളും അധികാരവും എന്തൊക്കെയെന്നു മനസ്സിലാക്കണം. അറിയാത്ത കാര്യങ്ങളെക്കുറിച്ച് പറഞ്ഞ് തെറ്റിദ്ധാരണ പരത്തരുത്. അറിയില്ലെങ്കിൽ വായിച്ചു മനസ്സിലാക്കണം. അല്ലെങ്കിൽ അറിവുള്ളവരോട് അന്വേഷിച്ചറിയണം.
3
നാം എത്രയൊക്കെ അധ്വാനിച്ച് പണമുണ്ടാക്കിയാലും ജീവിക്കാനുതകുന്ന അന്തരീക്ഷമില്ലെങ്കിൽ ഫലമെന്ത്? സമൂഹത്തിന്റെ മൊത്തം ജീവിതനിലവാരവും ഭൗതികസാഹചര്യവും മെച്ചപ്പെടുത്തുന്നതിന് ഭരണസംവിധാനത്തിന്റെ സഹായവും സഹകരണവും പ്രയോജനപ്പെടുത്തണം.
ഒരു ദിവസം മറ്റു ജോലികൾ മാറ്റിവച്ചിട്ടായാലും ഗ്രാമസഭയിൽ പങ്കെടുക്കുന്നതിൽ ഒരു ദോഷവുമില്ല; ഗുണമേയുള്ളൂ.
4
എന്നാൽ പലപ്പോഴും ഗ്രാമസഭ അലങ്കോലമാക്കാൻ ശ്രമം നടക്കാറുണ്ട്. അതാണ് പങ്കെടുക്കാൻ മടിക്കുന്ന മറ്റൊരു കാര്യം.
ഗ്രാമസഭ അലങ്കോലമാക്കാൻ ശ്രമിക്കുന്നവർക്ക് വ്യക്തമായ ലക്ഷ്യമുണ്ട്. ഒന്നുകിൽ എന്തെങ്കിലും വൈരമാകാം, അല്ലെങ്കിൽ ഉത്തരവാദിത്വങ്ങളിൽ നിന്നു രക്ഷപ്പെടാനുള്ള തന്ത്രമാകാം, തെറ്റിദ്ധാരണ കൊണ്ടുമാകാം.
അതെയതെ. അതു വിഷമമുണ്ടാക്കുന്ന കാര്യം തന്നെ, മാഷേ
എന്തുവന്നാലും നഷ്ടം പൊതുജനത്തിനു തന്നെ. അതുകൊണ്ട് അലങ്കോലപ്പെടുത്താനുള്ള ശ്രമങ്ങളെ തിരിച്ചറിഞ്ഞ് പ്രതികരിക്കാൻ കഴിയണം. ഗ്രാമസഭ സമാധാനപരമായും ചിട്ടയോടും നടത്തേണ്ടത് നമ്മുടെ ആവശ്യമാണെന്ന് തിരിച്ചറിയണം. അതിനുവേണ്ടി ശ്രമിക്കണം... അല്ലാതെ പങ്കെടുക്കാതിരിക്കലല്ല പരിഹാരം.

- ഗ്രാമസഭയുടെ പ്രദേശത്തെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച് രോഗപ്രതിരോധത്തിലും കുടുംബക്ഷേമ പ്രവർത്തനങ്ങളിലും സഹായിക്കുക.
- കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന മറ്റു ചുമതലകൾ നിർവഹിക്കുക.

### ഗ്രാമസഭയുടെ ഉത്തരവാദിത്വങ്ങൾ

- വികസനവും ക്ഷേമവും സംബന്ധിച്ച പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുക.
- ആരോഗ്യ-സാക്ഷരതാ പരിപാടികളിലും അതുപോലുള്ള വികസനപരമായ മറ്റ് സമയബന്ധിത പരിപാടികളിലും പങ്കെടുക്കുകയും അതിനായി പ്രചരണം നടത്തുകയും ചെയ്യുക.
- അവശ്യ സാമൂഹിക-സാമ്പത്തിക അടിസ്ഥാന രേഖകൾ ശേഖരിക്കുക.
- വികസന പ്രവർത്തനങ്ങളുടെ പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുക.
- നികുതികൾ നൽകുന്നതിനും വായ്പ തിരിച്ചടയ്ക്കുന്നതിനും പരിസ്ഥിതി ശുചീകരണം മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിൽ ഐക്യം നിലനിർത്തുന്നതിനുമായി ധാർമ്മികമായ മാർഗങ്ങൾ അവലംബിക്കുക.
- പഞ്ചായത്തിന്റെ ധനാഗമ മാർഗങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പ്രാദേശികമായി വിഭവസമാഹരണം നടത്തുക.
- വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക.
- സാംക്രമിക രോഗങ്ങൾ, പ്രകൃതിക്ഷോഭ ദുരന്തങ്ങൾ മുതലായവ ഉണ്ടായാൽ പെട്ടെന്ന് വിവരം നൽകുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.

### വിവിധ ഗ്രാമസഭകൾ

സെൻകമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കിയതിന്റെ ഭാഗമായി കേരള പഞ്ചായത്തിരാജ് ആക്ടിൻപ്രകാരം ഒരു സാമ്പത്തികവർഷത്തിൽ മൂന്നുമാസത്തിൽ ഒന്ന് എന്ന കണക്കിൽ ഏറ്റവും കുറഞ്ഞത് നാലു ഗ്രാമസഭകളെങ്കിലും കൂടിയിരിക്കണം. വിവിധ സമയങ്ങളിലുണ്ടായ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ പ്രധാന അജണ്ടയാക്കിയാണ് ഈ ഗ്രാമസഭകൾ കൂടേണ്ടത്. ഈ അജണ്ട കൂടാതെ ഗ്രാമപഞ്ചായത്തുകൾ തീരുമാനിക്കുന്ന സമയത്ത് അനിവാര്യമായിവരുന്ന ഏതൊരു കാര്യവും അജണ്ടയിൽ ഉൾപ്പെടുത്താം.



*ഗ്രാമസഭയുടെ പ്രദേശത്തെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച് രോഗപ്രതിരോധത്തിലും കുടുംബക്ഷേമ പ്രവർത്തനങ്ങളിലും ഗ്രാമസഭ സഹായിക്കണം*




1. ആസൂത്രണ ഗ്രാമസഭ
2. ഗുണഭോക്താക്കൾ, ഗുണഭോക്തൃപ്രദേശം എന്നിവ തെരഞ്ഞെടുക്കാനും, പദ്ധതിനിർവ്വഹണപ്രവർത്തനങ്ങൾ ആലോചിക്കാനുമുള്ള ഗ്രാമസഭ.
3. പദ്ധതിയുടെ വിവിധതലങ്ങളിലെ സംഘാടനം, നടത്തിപ്പ്, പുരോഗതി എന്നിവ വിലയിരുത്തുന്നതിനും തുടർനടപടികൾ ആലോചിക്കുന്നതിനുമുള്ള ഗ്രാമസഭ.
4. പദ്ധതി വിലയിരുത്താനും പദ്ധതി പൂർത്തീകരണം, പൂർത്തിയാവാത്തതിന്റെ നിർവഹണം, അടുത്തഘട്ടം എന്നിവ ആലോചിക്കാനുമുള്ള ഗ്രാമസഭ.

ഇതു കൂടാതെ പ്രാദേശികമായി ഉണ്ടാകുന്ന വ്യത്യസ്ത ആവശ്യങ്ങൾക്ക് -ഉദാഹരണമായി കുടിവെള്ളപ്രശ്നം, വരൾച്ച, പകർച്ചവ്യാധി, വിദ്യാഭ്യാസപ്രവർത്തനങ്ങൾ, കാർഷികപ്രശ്നം പരിഹരിക്കൽ, അതിക്രമങ്ങൾ, ക്രമസമാധാന പ്രശ്നങ്ങൾ തുടങ്ങി ഏതു സന്ദർഭത്തിലും- അതതു പ്രദേശത്തെ ഗ്രാമസഭകൾ വിളിച്ചു ചേർത്തു ചർച്ചചെയ്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ഒരു സ്പെഷ്യൽ ഗ്രാമസഭ വിളിക്കുമ്പോൾ അത് രണ്ടു സാധാരണ ഗ്രാമസഭയ്ക്ക് മദ്ധ്യത്തിൽ ആയിരിക്കണം. ഒരു ഗ്രാമസഭ വിളിക്കുമ്പോൾ അനുവർത്തിക്കേണ്ട കാര്യങ്ങൾ *ഗ്രാമസഭാ നടപടിക്രമങ്ങൾ* എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

# 4
# ഗ്രാമസഭാ നടപടിക്രമങ്ങൾ

*ഒരു ഗ്രാമസഭ കൂടുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.*



ഗ്രാമസഭാ സംഘാടനം പഞ്ചായത്ത് ഭരണസമിതിയുടെ പരമപ്രധാനമായ ഉത്തരവാദിത്വമാണ്. ഓരോ ഗ്രാമസഭയുടെയും പ്രത്യേകതയനുസരിച്ച് ഓരോ സ്റ്റാന്റിങ് കമ്മിറ്റിക്കായിരിക്കും പ്രധാന ഉത്തരവാദിത്വം. ഒരു ഗ്രാമസഭ കൂടുന്നതിന് വ്യക്തമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. അതിനു സഹായകമായ ചില കാര്യങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ഗ്രാമസഭ വിളിക്കാൻ തീരുമാനിക്കുന്ന പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ വച്ച് മൂന്ന് മെമ്പർമാർക്ക് പഞ്ചായത്തിലെ മൊത്തം ഗ്രാമസഭാ സംഘാടനത്തിന്റെ ചുമതല നൽകുകയും, ഓരോസമയത്തെയും പ്രത്യേകത അനുസരിച്ച് അതത് സ്റ്റാന്റിങ്ങ് കമ്മിറ്റി മേൽനോട്ടം വഹിക്കുകയും വേണം.

**1. ഗ്രാമസഭ വിളിക്കാൻ തീരുമാനിക്കൽ**

- വോട്ടർമാർ ആവശ്യപ്പെടുമ്പോൾ.
- പഞ്ചായത്ത് പ്രസിഡന്റിന്/ഭരണസമിതിക്ക് ഒരു പ്രത്യേക ആവശ്യത്തിന് ഏതെങ്കിലും പ്രദേശത്തെയോ പഞ്ചായത്ത് മൊത്തത്തി ലായോ ഗ്രാമസഭ വിളിക്കണമെന്നു തോന്നുമ്പോൾ.
- സ്റ്റാന്റിങ് കമ്മറ്റികൾക്ക് അവരുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗ്രാമസഭ വിളിക്കണമെന്ന് ആവശ്യപ്പെടുമ്പോൾ.
- ഒരു പ്രത്യേക ആവശ്യത്തിനായി ഗ്രാമസഭ വിളിക്കണം എന്ന് മെമ്പർക്ക് തോന്നുമ്പോൾ/ആവശ്യപ്പെടുന്നതനുസരിച്ച്.
- ഗവൺമെന്റ് നിർദ്ദേശിക്കുമ്പോൾ.

ഇത്തരത്തിൽ ഏതു സന്ദർഭത്തിൽ വേണമെങ്കിലും പഞ്ചായത്ത് ഭരണസമിതികൂടി ഗ്രാമസഭ വിളിക്കാവുന്നതാണ്. വാർഡുമെമ്പർക്ക് അത്യാവശ്യഘട്ടത്തിൽ പ്രസിഡന്റുമായി മാത്രം ആലോചിച്ചും ഗ്രാമസഭ വിളിക്കാം (മെമ്പർക്ക് നേരിട്ട് ആവശ്യഘട്ടത്തിലൊക്കെ ഗ്രാമസഭ കൂടാവുന്നതാണ്.)

**2 ഗ്രാമസഭാ തീയതി, സമയം**

പഞ്ചായത്ത് മെമ്പർ, പ്രസിഡന്റ് എന്നിവർക്ക് പങ്കെടുക്കാനും വോട്ടർമാർക്ക് പങ്കെ

*എല്ലാവർക്കും പങ്കെടുക്കാൻ പറ്റുന്ന സ്ഥലത്തായിരിക്കണം ഗ്രാമസഭ കൂടേണ്ടത്. അതിന് പാർട്ടി, ജാതി, മതം തുടങ്ങി ഒന്നും തടസ്സമാവാൻ പാടില്ല.*



ടുക്കാനും ഉതകുന്ന തരത്തിലുള്ള തീയതിയും സമയവും വേണം നിശ്ചയിക്കാൻ. അജണ്ടയുടെ പ്രാധാന്യം, വൈപുല്യം എന്നിവ കണക്കിലെടുത്ത്, ആളുകളുടെ അഭിപ്രായം കൂടി ആരാഞ്ഞ് ചില സന്ദർഭങ്ങളിൽ ഒരു ദിവസ ഗ്രാമസഭയും ആകാവുന്നതാണ്. എന്നാൽ ഇതിന്റെ തീരുമാനം ഏകപക്ഷീയമാകരുത്. തീയതി, സമയം, സ്ഥലം, എന്നിവ നിശ്ചയിക്കുന്നതിനു മുൻപ് അതതു വാർഡിലെ വാർഡ് വികസനസമിതി, ഗ്രാമസഭാ സംഘാടകസമിതി എന്നിവരുമായി കൂടി അതത് മെമ്പർമാർ ആലോചിച്ചു വരുന്നതു നന്നായിരിക്കും.

**3. ഗ്രാമസഭ കൂടുന്ന സ്ഥലം**

എല്ലാവർക്കും പങ്കെടുക്കാൻ പറ്റുന്ന സ്ഥലമായിരിക്കണം. അതിന് പാർട്ടി, ജാതി, മതം തുടങ്ങി ഒന്നും തടസ്സമാവാൻ പാടില്ല. ഗ്രാമസഭകൾ അവരവരുടേതാണ്, അനിവാര്യമാണ് എന്ന് ജനത്തിനു തോന്നിയാൽ മേൽ സൂചിപ്പിച്ചപോലെ ഒരു ദിവസം നീണ്ടുനിൽക്കുന്ന ഗ്രാമസഭകളും ആകാം. അതിനായി വരുന്ന ചെലവൊക്കെ അവിടത്തെ ജനങ്ങൾ തന്നെ വഹിക്കുന്ന തരത്തിൽ, കുട്ടികളുടെയും മുതിർന്നവരുടെയും കലാപരിപാടികളോടെ ഗ്രാമസഭ അവസാനിച്ച ചരിത്രം കേരളത്തിലുണ്ട്. എന്നാൽ അതൊരു ആവശ്യമായി, അനിവാര്യതയായി തോന്നണം.

**4. അജണ്ട തീരുമാനിക്കൽ**

ഗ്രാമസഭയുടെ അജണ്ട തീരുമാനിക്കുമ്പോൾ എന്തൊക്കെ പരിഗണിക്കണമെന്നു നോക്കാം. 1. ഗവൺമെന്റ് നിർദ്ദേശം 2. പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ 3. സ്റ്റാന്റിങ്ങ് കമ്മിറ്റി നിർദ്ദേശം 4. ഉദ്യോഗസ്ഥരുടെ ആവശ്യം/നിർദ്ദേശം 5. പൊതുജനത്തിന്റെ ആവശ്യം/നിർദ്ദേശം. ഇവ പരിഗണിച്ച് സെക്രട്ടറിയും, പ്രസിഡന്റും കൂടി അജണ്ടയുടെ കരട് നിർദ്ദേശമുണ്ടാക്കി ഭരണസമിതിയിൽ അവതരിപ്പിച്ച് പാസാക്കണം. ചിലപ്പോൾ പൊതു കാര്യങ്ങൾ ഒഴിച്ചാൽ ഓരോ വാർഡിനും വ്യത്യസ്ത അജണ്ടകൾ വരാം.

**5. നോട്ടീസ് തയ്യാറാക്കൽ**

നോട്ടീസിൽ സ്ഥലം, തീയതി, സമയം എന്നിവ മാത്രം പോരാ. രണ്ടുമൂന്നു വരികളിൽ പ്രധാന അജണ്ടയുടെ വിശദീകരണം, ആ ദിവസം കൂടുന്ന ഗ്രാമസഭയുടെ പ്രാധാന്യം എന്നിവ കൂടി വ്യക്തമാക്കിയിരിക്കണം.


1
ഗ്രാമസഭ വിളിക്കാൻ നമുക്ക് ആവശ്യ പ്പെടാൻ കഴിയുമോ?
തീർച്ചയായും.... കഴിഞ്ഞ ആഴ്ച നടന്ന എ.ഡി.എസ്. യോഗത്തിൽ അതിന്റെ ഒരു ക്ലാസ്സുണ്ടായിരുന്നു.
ഞാനും അതിൽ പങ്കെടുത്തിരു, ന്നു. ആവശ്യം പറഞ്ഞ് നമ്മൾ കത്തു നൽകിയാൽ ആ അജണ്ട വച്ച് ഗ്രാമസഭ വിളിച്ചു ചേർക്കണമെന്നാണ് നിയമം
2
അപ്പോൾ നമ്മൾ സ്ത്രീകളുടെ പ്രശ്നങ്ങളും സംഘത്തിന്റെ പ്രശ്നങ്ങളും കുടിവെള്ള പ്രശ്നവും കൃഷിനാശവും, പകർച്ചവ്യാധിയുമൊക്കെ പരിഹരിക്കാനായി ഗ്രാമസഭ വിളിക്കാമെന്നർത്ഥംല്ലേ...
അതേയതെ, ഈ ആവശ്യങ്ങൾ കാണിച്ച് ഗ്രാമസഭ വിളിക്കാനായി നമുക്ക് ആവശ്യപ്പെടാവുന്നതാണ്.
ആർക്കാണ് കത്തു നൽകേണ്ടത്?
3
പഞ്ചായത്തു പ്രസിഡന്റിന് നേരിട്ടോ കൺവീനർ വഴിയോ നൽകണം
കുറഞ്ഞത് പത്തു ശതമാനം വോട്ടർമാർ രേഖാമൂലം ആവശ്യപ്പെടണം.
4
ആവശ്യപ്പെട്ടാൽ എത്ര ദിവസത്തിനുള്ളിൽ ഗ്രാമസഭ വിളിക്കണം?
ആവശ്യപ്പെടുന്ന അതേ അജണ്ട വച്ച് 15 ദിവസത്തിനുള്ളിൽ



*ഗ്രാമസഭയുടെ അറിയിപ്പ് ഏഴു ദിവസത്തിനു മുമ്പ് ആളുകളിൽ എത്തിച്ചിരിക്കണം. ഗ്രാമസഭയിൽ പങ്കെടുക്കാൻ വേണ്ട തയ്യാറെടുപ്പ് ഗൗരവത്തോടെ നടത്തുന്നതിന് ഇതു സഹായകമാകും.*

**6. സംഘാടകസമിതി**

എല്ലാ വാർഡിലും ഒരു സ്ഥിരം സംഘാടകസമിതി ഉണ്ടാവണം. വാർഡ് മെമ്പർ കൺവീനറായി വാർഡ് വികസനസമിതി (ഉള്ളിടത്ത്) അംഗങ്ങൾ, വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ (കുടുംബശ്രീ അടക്കം), ഗ്രാമസഭയിൽ നിന്നും താൽപ്പര്യത്തോടെ വരുന്നവർ എന്നിങ്ങനെ ഇരുപതിനകത്ത് അംഗങ്ങളുള്ള ഒരു കമ്മിറ്റി രൂപവത്കരിക്കുന്നത് നന്നായിരിക്കും. ഇത് ഗ്രാമസഭയിൽ നിന്ന് തെരഞ്ഞെടുത്ത് പ്രഖ്യാപിക്കണം. വാർഡ് വികസനസമിതി ഉള്ളിടത്ത് ഈ ചുമതല അവരെ ഏൽപ്പിക്കാവുന്നതാണ്. പ്രചരണം, ഗ്രാമസഭാ രജിസ്ട്രേഷൻ, സ്വീകരണം, ഭക്ഷണം, ഗ്രൂപ്പ് ചർച്ച, പൊതുവേദി, ചർച്ചാക്രോഡീകരണം എന്നിങ്ങനെ വിവിധ ചുമതലകൾ ഈ കമ്മിറ്റിക്ക് ഗ്രൂപ്പ് തിരിച്ച് നൽകാവുന്നതാണ്. അതത് ഗ്രൂപ്പുകൾക്ക് സഹായത്തിനായി കൂടുതൽപേരെ ഉൾപ്പെടുത്താനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരിക്കണം. ഇത്തരത്തിൽ ഒരു ഗ്രാമസഭ കഴിയുന്നതോടെ ആ ഗ്രൂപ്പിന്റെ ചുമതല അവസാനിക്കുകയും പുതിയ ഗ്രൂപ്പിനെ (പഴയവരും ഉൾപ്പെടാം) ആ ഗ്രാമസഭയിൽ വച്ചു തന്നെ ചുമതല ഏൽപ്പിക്കുകയും ചെയ്യുന്ന രീതിയിലേക്കു വരണം. അടുത്ത ഗ്രാമസഭ കഴിയുന്നതുവരെ ഇവർക്കായിരിക്കും ചുമതല. ഗ്രാമസഭാ സംഘാടനം മാത്രമല്ല, മറ്റ് ഉത്തരവാദിത്വങ്ങളും ഈ സംഘാടകസമിതിക്കുണ്ട്.

1. ഇത് വാർഡ് മെമ്പറുടെ ഒരു സഹായസമിതിയായി പ്രവർത്തിക്കണം.
2. ഗ്രാമസഭയിൽ വരുന്നതിനു മുമ്പുതന്നെ ഗ്രാമസഭാ അജണ്ടയിലെ കാര്യങ്ങളിൽ നാട്ടിൽ ചർച്ചയുണ്ടാക്കാൻ സഹായിക്കൽ.
3. നാട്ടിലെ സംഘടനകൾ, സ്ഥാപനങ്ങൾ, മറ്റു സംവിധാനങ്ങൾ എന്നിവരുമായി പരസ്പര പ്രവർത്തനസഹായശൃംഖല (നെറ്റ് വർക്) ഉണ്ടാക്കൽ. അങ്ങനെ വാർഡിന്റെ മൊത്തം പ്രവർത്തനങ്ങൾക്ക് സഹായകമായ രീതിയിൽ വിനിയോഗിക്കൽ.
4. വിവിധ പരിശീലനങ്ങൾ, പരിപാടികൾ എന്നിവയുടെ പൊതുസംഘാടനത്തെ സഹായിക്കൽ.
5. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ സഹായിക്കൽ.

6. ഗ്രാമസഭാ സംഘാടനത്തിലെ മുന്നൊരുക്കങ്ങൾ നടത്തൽ.
7. സമിതിയിലെ ഒരാൾ വാർത്താബോർഡുകളുടെ പരിപാലനച്ചുമതല ഏൽക്കൽ.
8. രണ്ടുപേർ ഗ്രാമസഭാ ഓഫീസ് നടത്തിപ്പ് ചുമതല ഏൽക്കൽ.
9. രണ്ടുപേർ വാർഡുതല പ്ലാറ്റ്ഫോമിന്റെ സംഘാടനച്ചുമതല ഏൽക്കൽ.
10. പഞ്ചായത്തുതലത്തിൽ കൂടുമ്പോൾ രണ്ടുപേർ പഞ്ചായത്തുതല പ്ലാറ്റ്ഫോമിന്റെ (പൊതുവേദിയുടെ) സംഘാടനച്ചുമതല വഹിക്കൽ.
11. വാർഡിന്റെ എല്ലാ വിവരങ്ങളും ശേഖരിച്ചു സൂക്ഷിക്കാൻ സഹായിക്കൽ (സാമൂഹിക, സാമ്പത്തിക, വിഭവവിവരങ്ങൾ തുടങ്ങിയ വിവിധ മാപ്പുകൾ)
12. പ്രാദേശികാസൂത്രണത്തെ സഹായിക്കൽ.

**7. അറിയിപ്പ്**

ഗ്രാമസഭയുടെ അറിയിപ്പ് ഏഴു ദിവസത്തിനു മുമ്പ് ആളുകളിൽ എത്തിച്ചിരിക്കണം. ഗ്രാമസഭയിൽ പങ്കെടുക്കാൻ വേണ്ട തയ്യാറെടുപ്പ് ഗൗരവത്തോടെ നടത്തുന്നതിന് ഇതു സഹായകമാകും.

എന്തൊക്കെ തരത്തിൽ അറിയിപ്പ് നൽകാമെന്നതിനെ സംബന്ധിച്ചും ആലോചിക്കണം. ചില പ്രധാന മാർഗങ്ങൾ ഇവിടെ സൂചിപ്പിക്കുന്നു:

- സംഘാടകസമിതിയുടെ നേതൃത്വത്തിൽ എല്ലാ വീട്ടിലും നോട്ടീസ് എത്തിക്കുകയും ഒരു ബുക്കിൽ നോട്ടീസ് കൈപ്പറ്റിയതായി ഒപ്പിട്ടു വാങ്ങുകയും ചെയ്യാം. ഇത് ഗ്രാമസഭയ്ക്ക് കുറേക്കൂടി ഗൗരവം നൽകും. ഗ്രാമസഭയുടെ പ്രാധാന്യം പറഞ്ഞു ബോധ്യപ്പെടുത്തി ഗ്രാമസഭയിൽ കൃത്യസമയത്തു തന്നെ പങ്കെടുക്കാൻ ആവശ്യപ്പെടുകയും വേണം.
- ഗ്രാമസഭയുടെ തീയതി അറിഞ്ഞാൽ അവിടത്തെ ചെറുസംഘടനാസംവിധാനങ്ങൾക്ക് അവരുടെ സംഘടനയ്ക്കകത്തും പുറത്തും പ്രചരണങ്ങൾ നടത്താം. അതിന് അവരോട് ആരും ആവശ്യപ്പെടേണ്ടതില്ല, സ്വയം അറിഞ്ഞു ചെയ്യേണ്ടത് ഒരു സാമൂഹികസംഘടന എന്ന നിലയിൽ അവരുടെ ഉത്തരവാദിത്വമാണ്.
- അറിയുന്ന ഓരോരുത്തരും അടുത്ത ആളിനെ അറിയിക്കാനും ക്ഷണിക്കാനും പങ്കെടുക്കുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും ശ്രമിക്കണം.

*ഗ്രാമസഭ കഴിഞ്ഞാൽ, ക്ഷണിച്ച ജനപ്രതിനിധികളോ ഉദ്യോഗസ്ഥരോ പങ്കെടുത്തില്ലെങ്കിൽ പങ്കെടുക്കാതിരുന്നതെന്ത് എന്നു തിരക്കാൻ ഗ്രാമസഭയ്ക്ക് കഴിയണം. കൂടാതെ പങ്കെടുക്കാത്ത ഓരോ വോട്ടർമാരോടും പങ്കെടുത്തവർ മാറിമാറി ചോദിക്കുന്ന ഒരു സംസ്കാരം ഉണ്ടാവണം.*






*ഗ്രാമസഭ നമ്മുടെ നാടിന്റെ വികസനത്തിനുള്ള കൂട്ടായ്മയാണ്. അതിനെ കാത്തു സൂക്ഷിക്കേണ്ട ഉത്തരവാദിത്വം നമുക്ക് ഓരോരുത്തർക്കുമാണ്.*

- പോസ്റ്റർ, സ്ഥിരം ബാനർ, പത്രവാർത്ത തുടങ്ങിയവയും ആലോചിക്കാവുന്നതാണ്. മൊത്തം പ്രചരണത്തിന്റെ നേതൃത്വം അതത് ഗ്രാമസഭയുടെ കൺവീനർ, കോർഡിനേറ്റർ, ഫെസിലിറ്റേറ്റർമാർ എന്നിവർക്കായിരിക്കും.

ഗ്രാമസഭ കഴിഞ്ഞാൽ, ക്ഷണിച്ച ജനപ്രതിനിധികളോ ഉദ്യോഗസ്ഥരോ പങ്കെടുത്തില്ലെങ്കിൽ പങ്കെടുക്കാതിരുന്നതെന്ത് എന്നു തിരക്കാൻ ഗ്രാമസഭയ്ക്ക് കഴിയണം. കൂടാതെ പങ്കെടുക്കാത്ത ഓരോ വോട്ടർമാരോടും പങ്കെടുത്തവർ മാറിമാറി, കുറ്റപ്പെടുത്തുന്ന രീതിയിൽ ചോദിക്കുന്ന ഒരു സംസ്കാരം ഉണ്ടാവണം. ഇത് ക്രമേണ അവരെയും ഗ്രാമസഭയിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കും; ഇപ്പോൾ പങ്കെടുത്തില്ലെങ്കിൽ കേമമെന്നു കരുതുന്നവർക്ക് പങ്കെടുക്കാതിരിക്കുന്നത് നാണക്കേടാണെന്നു തോന്നിത്തുടങ്ങണം.

### 8. രജിസ്ട്രേഷൻ

ഗ്രാമസഭ നടക്കുന്ന സ്ഥലത്ത് ആളുകളുടെ അറിവിലേക്കു വേണ്ട കാര്യങ്ങൾ, പോസ്റ്റർ, ഫോട്ടോകൾ, നടത്തിയ പ്രവർത്തനങ്ങളുടെ

വിശദവിവരം എന്നിവ പ്രദർശിപ്പിക്കണം. എത്ര ഗ്രൂപ്പുകളായി ചർച്ച നടത്താനാണോ നിശ്ചയിച്ചിട്ടുള്ളത് അത്രയും ഗ്രൂപ്പുകളായി വേണം രജിസ്ട്രേഷൻ നടത്താൻ. ഓരോ കൗണ്ടറിലും ഏതു ഗ്രൂപ്പിന്റെ രജിസ്ട്രേഷനാണ് നടക്കുന്നത്, ആ ഗ്രൂപ്പിൽ എന്താണ് നടക്കുന്നത് എന്നറിയിച്ച് അവിടേക്ക് ആളുകളെ എത്തിക്കാൻ പ്രത്യേക ചുമതലക്കാർ ഉണ്ടാവണം. ഏതു ഗ്രൂപ്പിലാണ് രജിസ്റ്റർ ചെയ്തത് എന്നു തിരിച്ചറിയാൻ ഉതകുന്നതരത്തിൽ നമ്പരോ, പേരോ ആലേഖനം ചെയ്ത കാർഡ്/പേപ്പർ ബാഡ്ജ് പോലെ നൽകുന്നത് പിന്നീട് പെട്ടെന്നുതന്നെ ഗ്രൂപ്പു തിരിയാൻ സഹായകമാകും. പ്രത്യേക രജിസ്ട്രേഷൻ ഫോമുകൾ തയ്യാറാക്കി വേണം കൗണ്ടറിൽ രജിസ്റ്റർ ചെയ്യാൻ. മിനിറ്റ്സ് ബുക്കിലും ഹാജർ വയ്ക്കണം. ഇവയിൽ പേര്, വിലാസം, വയസ്സ്, സ്ത്രീ/പുരുഷൻ, എസ്.സി./എസ്.റ്റി, തൊഴിൽ, വിദ്യാഭ്യാസം മുതലായ വിവരങ്ങൾ രേഖപ്പെടുത്തണം.

ഇത്തരത്തിൽ പ്രവർത്തനത്തിനു കൂടുതൽ സഹായകമാകുന്ന ഏതു സങ്കേതവും ഉപയോഗിക്കാം.

**9. യോഗനടപടി**

ഉദ്ഘാടനചച്ചടങ്ങ് 15-20 മിനിറ്റുകൊണ്ട് തീർക്കണം; സ്വാഗതം പറയേണ്ട വാർഡ് മെമ്പർ പത്തുമിനിറ്റിനുള്ളിൽ ആ വാർഡിൽ നടന്ന പ്രധാന പരിപാടികൾ (കഴിഞ്ഞ ഗ്രാമസഭാതീരുമാനങ്ങൾ വായിച്ചശേഷം) വിശദീകരിക്കണം. നടക്കാത്തവയുടെ കാരണവും പറയണം. അവതരണം നേരത്തെ തയ്യാറാക്കണം. 20 മിനിറ്റെടുത്ത് ഫെസിലിറ്റേറ്ററുടെ ചുമതല നിർവഹിക്കണം. വാർഡ് മെമ്പറുടെയും ഫെസിലിറ്റേറ്ററുടെയും അവതരണത്തിന് ഒ.എച്ച്.പി. അല്ലെങ്കിൽ വളരെ വലിയ അക്ഷരത്തിൽ എഴുതിയ ചാർട്ട് പേപ്പർ ഉപയോഗിക്കണം.

**10. ഗ്രൂപ്പ് ചർച്ച**

തുടർന്ന് നേരത്തെ നിശ്ചയിച്ച പ്രകാരം ഗ്രൂപ്പുകളായി തിരിയണം. അതത് വിഷയത്തിലെ ഉദ്യോഗസ്ഥർ, വർക്കിങ്ങ് ഗ്രൂപ്പ് അംഗങ്ങൾ, ഗ്രൂപ്പ് ഫെസിലിറ്റേറ്റർ എന്നിവർ ആ ഗ്രൂപ്പുകളിൽ പങ്കെടുക്കണം. ആസൂത്രണ ഗ്രാമസഭയാണെങ്കിൽ മുൻവർഷാവലോകനം, വിജയപരാജയങ്ങൾ, പുതിയ നിർദ്ദേശങ്ങൾ, പഞ്ചവത്സര പദ്ധതിരേഖയിൽ നിന്നും മാറ്റംവരുത്തിയെങ്കിൽ അതിന്റെ കാരണം, വിഭവസമാഹരണം, അലോക്കേഷൻ, ഓരോ പ്രോജക്റ്റിന്റെയും ഗുണഭോക്താക്കൾ, ഗുണഭോക്തൃപ്രദേശം, മാനദണ്ഡം, പ്രവർത്തനങ്ങൾ, സംഘാടനം, തുക എന്നിവ ഓരോ ഗ്രൂപ്പിലും ചർച്ച ചെയ്യണം. ചർച്ചയുടെ

*ഗ്രാമസഭ നടക്കുന്ന സ്ഥലത്ത് ആളുകളുടെ അറിവിലേക്കു വേണ്ട കാര്യങ്ങൾ, പോസ്റ്റർ, ഫോട്ടോകൾ, നടത്തിയ പ്രവർത്തനങ്ങളുടെ വിശദവിവരം എന്നിവ പ്രദർശിപ്പിക്കണം.*






*ഗ്രാമസഭാചർച്ച എല്ലാം കുഴപ്പമാണെന്നു വരുത്താനല്ല- അത് കണ്ടുപിടിച്ച് കൂട്ടായി പരിഹരിക്കാനാണ്*

അടിസ്ഥാനത്തിൽ ഓരോന്നിലും ഗ്രാമസഭാമെമ്പർമാർ പറയുന്ന നിർദ്ദേശം, മാറ്റങ്ങൾ, പകരം പ്രോജക്റ്റുകൾ എന്നിവ ചർച്ച നടക്കുമ്പോൾ തന്നെ തെരഞ്ഞെടുക്കപ്പെട്ട ഒരാൾ ചാർട്ട്പേപ്പറിൽ പകർത്തണം. കൂടിയിരിക്കുന്നവർക്ക് ചർച്ചചെയ്ത കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കാനും, ചിട്ടയായി ചർച്ചനടത്തുന്നതിനും, പ്ലീനറിയിൽ ക്രോഡീകരിക്കാനും ഇതു വളരെ സഹായകമാകും. ഇതു പ്രദർശിപ്പിച്ചാണ് പൊതുവേദിയിൽ അവതരിപ്പിക്കേണ്ടത്. കൂടാതെ ഈ ചർച്ചയിൽ, നടത്തിപ്പിലെ പങ്കാളിത്തവ്യക്തതയും സന്നദ്ധപ്രവർത്തനവും വിഷയമാകണം. അതിന്റെ അടിസ്ഥാനത്തിൽ വേണം പ്രോജക്റ്റ് തയ്യാറാക്കാൻ.

എന്നാൽ ഓരോ അഞ്ചുവർഷത്തിലും വികസനരേഖ തയ്യാറാക്കാനായി കൂടുന്ന ഗ്രാമസഭ (ഇത് ഒരു ദിവസം നീണ്ടുനിൽക്കുന്നതായി സംഘടിപ്പിക്കുമെങ്കിൽ നന്ന്)യിലെ ഗ്രൂപ്പുചർച്ചയിൽ കഴിഞ്ഞ അഞ്ചുവർഷത്തെ വിലയിരുത്തൽ, പുതിയ പ്രശ്നങ്ങൾ, കാരണങ്ങൾ, പരിഹാരം എന്നിവ ചർച്ചചെയ്യണം. ഇത്തരത്തിൽ പരിഹാരങ്ങൾ ആലോചിക്കുന്നതിനാൽ ഓരോ വിഷയത്തിലും ആദ്യം ചെയ്യേണ്ടതെന്ത്, രണ്ടാമതുവേണ്ടതെന്ത് എന്ന് ആസൂത്രണം ചെയ്ത്, അടുത്ത അഞ്ചുവർഷംകൊണ്ട് നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ ആലോചിച്ച് മുൻഗണനാക്രമത്തിൽ തയ്യാറാക്കണം. കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്താനുള്ള ചർച്ചയ്ക്കായി വീണ്ടും ഗ്രാമസഭ വിളിച്ചുകൂട്ടാവുന്നതാണ്. അല്ലെങ്കിൽ ഗ്രാമസഭയ്ക്കു തന്നെ ഒരു സബ്കമ്മിറ്റി ഉണ്ടാക്കി കൂടുതൽ വിലയിരുത്തലിന് വിധേയമാക്കാവുന്നതാണ്. എങ്കിലേ എല്ലാ പൗരന്മാരുടെയും പങ്കാളിത്തം കൂടുതൽ കാര്യക്ഷമമാകുകയുള്ളൂ. ഓരോ വർഷവും വാർഷികപദ്ധതി

ചർച്ചയ്ക്ക് (ആസൂത്രണഗ്രാമസഭ) കൂടുമ്പോൾ പഞ്ചായത്ത് ഓരോ മേഖലയിലും വയ്ക്കുന്ന കരടു പ്രോജക്റ്റ് നിർദ്ദേശങ്ങൾ അതിന്റെ ഉദ്ദേശ്യലക്ഷ്യം, ഗുണഭോക്താക്കൾ, പ്രവർത്തനങ്ങൾ, സംഘാടനം, ധനകാര്യവിശകലനം, നേട്ടം എന്നിവ സഹിതം അവതരിപ്പിച്ച് ചർച്ച ചെയ്യണം. അത്തരത്തിൽ ഓരോ ഘടകവും വ്യക്തമായി ചർച്ചചെയ്യുമ്പോൾ അതിൽ ഗ്രാമസഭാമെമ്പർക്കും രാഷ്ട്രീയപാർട്ടികൾക്കും അയൽക്കൂട്ടങ്ങൾക്കും ഒക്കെ എന്തു ചെയ്യാൻ കഴിയുമെന്നു വ്യക്തമാക്കണം; ചർച്ച ചെയ്യണം. പഞ്ചവത്സരപദ്ധതിയിൽ പറഞ്ഞിട്ടുള്ളതിൽനിന്നും മാറ്റം വരുത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്ത്, എന്തിന് എന്നിവയും ചർച്ച ചെയ്യപ്പെടണം. ഇത്തരത്തിൽ ചർച്ച നടക്കണമെങ്കിൽ വർക്കിങ്ഗ്രൂപ്പ് കൂടി അതത് വിഷയഗ്രൂപ്പിൽ അവതരിപ്പിക്കാനായി ചാർട്ട് പേപ്പറുകളിൽ വ്യക്തമായി തയ്യാറാക്കിവയ്ക്കണം. അതു കാണിച്ച് അവതരിപ്പിക്കുകയും വേണം. ഓരോന്നിലും മാറ്റം വേണമെങ്കിൽ ഗ്രാമസഭയ്ക്ക് നിർദേശിക്കാം.

യോഗാവസാനം മിനിറ്റ്സ് വായിച്ചുകേട്ട ശേഷം അതിന്റെ ചുവട്ടിൽ അദ്ധ്യക്ഷൻ, ഗ്രാമസഭാ കൺവീനർ, കോർഡിനേറ്റർ, ഗ്രാമസഭയിൽനിന്നും തെരഞ്ഞെടുത്ത രണ്ടുപേർ എന്നിവർ ഒപ്പിട്ട് ഗ്രാമസഭ ഔദ്യോഗികമായി അവസാനിപ്പിച്ചിട്ടുവേണം പിരിഞ്ഞുപോകാൻ.

**വികസനസെമിനാറിലേക്ക്**

ഗ്രാമസഭയിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ വന്ന ഭേദഗതികളോടെ പദ്ധതിരേഖയുടെ കരടിന് അന്തിമരൂപം നൽകുകയും, അത് ചർച്ച ചെയ്യാനായി പഞ്ചായത്തുതലത്തിൽ വികസനസെമിനാർ വിളിച്ചുകൂട്ടുകയും ചെയ്യും. അവിടെ പങ്കെടുത്ത് ഈ കാര്യങ്ങൾ ബോധ്യപ്പെട്ട് ചർച്ചചെയ്യാൻ കഴിയുന്ന ആളുകളെ ഓരോ ഗ്രാമസഭയിൽ നിന്നും തരഞ്ഞെടുക്കണം. ഒരു വിഷയഗ്രൂപ്പിൽനിന്നും ഒരു സ്ത്രീ, ഒരു പുരുഷൻ എന്ന രീതിയിൽ തെരഞ്ഞെടുക്കുന്നതാണ് നന്ന്. വികസനസെമിനാറിലും അവർ അതേ വിഷയഗ്രൂപ്പിൽതന്നെ ഇരിക്കണം. എങ്കിലേ ചർച്ചയ്ക്ക് പരസ്പരബന്ധം ഉണ്ടാകൂ. ഇത്തരത്തിൽ ഓരോ വിഷയഗ്രൂപ്പിൽനിന്നും തെരഞ്ഞെടുക്കുന്നവരെ ക്രോഡീകരിച്ച് ഗ്രാമസഭ അവസാനിപ്പിക്കുന്നതിനു മുൻപ് അവതരിപ്പിക്കണം. കാരണം ഇവർ ആ ഗ്രാമസഭയെ പ്രതിനിധീകരിച്ചാണ് വികസനസെമിനാറിൽ പങ്കെടുക്കുന്നത്. ഇവരുടെ അനുഭവം അടുത്ത ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യുകയും വേണം.



*ഗ്രാമസഭയിൽ പങ്കെടുക്കുന്ന മുഴുവൻ പേരെയും ഫലപ്രദമായി വിനിയോഗിക്കാൻ ഉതകുന്നതരത്തിലുള്ള സംവിധാനങ്ങൾ ആലോചിക്കണം (റിസോഴ്സ് ടീം രൂപവത്കരണം, വർക്കിങ്ങ് ഗ്രൂപ്പിനെ ഉപയോഗിക്കൽ, വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ തിരിക്കൽ തുടങ്ങിവയാകാം.)*



*അയൽക്കൂട്ടങ്ങളെയും വനിതാ സ്വയംസഹായ സംഘങ്ങളെയും മുൻകൂട്ടി വിളിച്ചു ചേർത്ത് ഗ്രാമസഭയുടെ അറിയിപ്പ് നല്കുന്നതിനും പ്രചരണത്തിനുമുള്ള ചുമതല ഏല്പിക്കാവുന്നതാണ്.*

### 11. ഗ്രാമസഭകൾ/വാർഡ്സഭകൾ വിളിച്ചു ചേർക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- കഴിവതും എല്ലാവർക്കും പങ്കെടുക്കാൻ കഴിയുന്ന ദിവസങ്ങളിൽ ഗ്രാമസഭകൾ/ വാർഡ്സഭകൾ വിളിച്ചു ചേർക്കുന്നതാണ് നല്ലത്.
- വ്യക്തമായ മുന്നൊരുക്കം അത്യാവശ്യമാണ്. നേരത്തേക്കൂട്ടി തയ്യാറാക്കേണ്ടത് വർക്കിങ്ങ് ഗ്രൂപ്പ് തലത്തിലും പിന്നെ ഗ്രാമസഭാ സംഘാടകസമിതിയുടെ തലത്തിലും ആലോചിച്ച് തയ്യാറാക്കി വയ്ക്കണം.
- പങ്കെടുക്കുന്ന മുഴുവൻ പേരെയും ഫലപ്രദമായി വിനിയോഗിക്കാൻ ഉതകുന്നതരത്തിലുള്ള സംവിധാനങ്ങൾ ആലോചിക്കണം (റിസോഴ്സ് ടീം രൂപവത്കരണം, വർക്കിങ്ങ് ഗ്രൂപ്പിനെ ഉപയോഗിക്കൽ, വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ തിരിക്കൽ തുടങ്ങിവയാകാം).
- ഏറ്റവും കുറഞ്ഞത് 4 മണിക്കൂർ സമയമെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് ലഭിക്കത്തക്കവിധം ഗ്രാമസഭായോഗങ്ങൾ വിളിച്ചുചേർക്കേണ്ടതാണ്.
- സമയകൃത്യത പാലിക്കാൻ ശ്രമിക്കണം.
- ഹ്രസ്വമായ വിവരണങ്ങളോടുകൂടി അനൗപചാരികമായി മുൻകൂട്ടി തയ്യാറാക്കിയ കാര്യപരിപാടിയിലേക്ക് കടക്കണം.
- പദ്ധതിരേഖാചർച്ച ചിട്ടയായി പൂർത്തിയാക്കുന്നതിന് മുൻകൂട്ടി തീരുമാനിച്ചതനുസരിച്ച് ഗ്രൂപ്പുകൾ രൂപവത്കരിക്കുകയും അവതരണത്തിനും ചർച്ച നയിക്കുന്നതിനും ആളുകളെ ചുമതലപ്പെടുത്തുകയും ആവശ്യമായ തയ്യാറെടുപ്പുകൾ (പരിശീലനങ്ങളടക്കം) മുൻകൂട്ടി നടത്തുകയും വേണം.
- മുഴുവൻ വോട്ടർമാരെയും ഗ്രാമസഭാ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക എന്നതായിരിക്കണം ലക്ഷ്യം.
- എല്ലാ സാമൂഹിക-സാമ്പത്തിക ജനവിഭാഗങ്ങളിലും ഉൾപ്പെട്ടവരെ ഗ്രാമസഭ/വാർഡ് സഭകളിൽ പങ്കെടുപ്പിക്കുന്നതിന് പ്രത്യേകം പരിശ്രമം നടത്തേണ്ടതാണ്.
- വാർഡ്സഭ/ഗ്രാമസഭാ യോഗതീയതികൾ ഭരണസമിതി യോഗത്തിൽ മുൻകൂട്ടി തീരുമാനിക്കുകയും വിജയകരമായ നടത്തിപ്പിനാവശ്യമായ വിശദാംശങ്ങൾ തയ്യാറാക്കുകയും വേണം. ഗ്രാമസഭയുടെ പൊതുസംഘാടനം പഞ്ചായത്തുതലത്തിൽ നടത്താൻ പഞ്ചായത്ത് കമ്മിറ്റി മൂന്നോ നാലോ മെമ്പർമാരെ ചേർത്ത് ഒരു ഉപസമിതി ഉണ്ടാക്കണം.
- അയൽക്കൂട്ടങ്ങളെയും വനിതാ സ്വയംസഹായസംഘങ്ങളെയും മുൻകൂട്ടി വിളിച്ചു

ചേർത്ത് ഗ്രാമസഭയുടെ അറിയിപ്പ് നല്കുന്നതിനും പ്രചരണത്തിനുമുള്ള ചുമതല ഏല്പിക്കാവുന്നതാണ്.

- ഗ്രാമസഭ/വാർഡ്സഭാ യോഗങ്ങൾ സംബന്ധിച്ച നോട്ടീസ്ബോർഡ് പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കണം. നിലവിലുള്ള വാർത്താ ബോർഡുകൾ ഈ ആവശ്യത്തിനായി പ്രയോജനപ്പെടുത്തണം.
- ഓരോ പ്രദേശത്തുമുള്ള സ്കൂളുകൾ, അംഗനവാടികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിലൂടെ ഗ്രാമസഭകളെ സംബന്ധിച്ച അറിയിപ്പ് നല്കുക.
- സർക്കാരിതര സംഘടനകൾ, വായനശാലകൾ, ഗ്രന്ഥശാലകൾ, കലാ-സാംസ്ക്കാരിക ക്ലബ്ബുകൾ എന്നിവയുടെ ഭാരവാഹികളുടെ യോഗം വിളിച്ചുചേർത്ത് ഗ്രാമസഭാ യോഗത്തിനായി പ്രത്യേക പ്രചാരണപരിപാടികൾ സംഘടിപ്പിക്കുക.
- എസ്.സി./എസ്.ടി. പ്രൊമോട്ടർമാർ, സാക്ഷരതാ പ്രവർത്തകർ, അംഗനവാടി പ്രവർത്തകർ, ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഗ്രാമസഭ/വാർഡ്സഭകളുടെ പ്രചരണാർത്ഥം പ്രത്യേക സ്ക്വാഡുകൾ രൂപവത്കരിക്കുകയും ഭവന സന്ദർശനത്തിലൂടെ പ്രചരണം സംഘടിപ്പിക്കുകയും ചെയ്യുക.
- എൻ.സി.സി., നാഷണൽ സർവ്വീസ് സ്കീം, സോഷ്യൽ സർവ്വീസ് സ്കീം എന്നിവയിലെ അംഗങ്ങളായ കോളെജ് വിദ്യാർത്ഥികളെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേക പ്രചരണങ്ങൾ സംഘടിപ്പിക്കുക.
- ഗ്രാമസഭയെക്കുറിച്ച് അറിയുന്ന ഓരോരുത്തരും മറ്റുള്ളവരെ അറിയിക്കാനുള്ള സംവിധാനം ഉണ്ടാകണം.
- ഗ്രാമസഭ കൂടുന്നതിന്റെ തീയതി അറിഞ്ഞാൽ അവരവർ അംഗങ്ങളായുള്ള ഗ്രൂപ്പുകളെ അവരവർക്കുതന്നെ വിളിച്ചുചേർത്ത് ഗ്രാമസഭയിൽ ഉന്നയിക്കേണ്ട വിഷയങ്ങൾ, ഗ്രാമസഭയുടെ അജണ്ട എന്നിവ ചർച്ച ചെയ്ത് പ്രശ്നപരിഹാരത്തിനായി എന്തൊക്കെ ചെയ്യാം, അതിൽ ഓരോരുത്തരുടെയും/ഓരോ തലത്തിലുള്ളവരുടെയും പങ്കെന്ത് എന്ന് ആസൂത്രണം ചെയ്തു വരാൻ വേണ്ട പ്രേരണ നൽകാവുന്നതാണ്.
- ഗ്രാമസഭ/വാർഡ്സഭ കൂടുന്നതിനു മുന്നോടിയായി ഉദ്യോഗസ്ഥരുടെ യോഗം പഞ്ചായത്തുതലത്തിൽ ചേർന്ന് പ്രചരണം, ഗ്രാമസഭയിൽ ചർച്ചയ്ക്കു വയ്ക്കേണ്ട കാര്യങ്ങളുടെ വിശദാംശം, വർക്കിങ് ഗ്രൂപ്പിന്റെ ഗ്രാമസഭാ പങ്കാളിത്തം എങ്ങനെയാവണം,

*കരട് പദ്ധതി നിർദ്ദേശങ്ങളും, വരവു ചെലവ് കണക്കുകളും അച്ചടിച്ച് ഗ്രൂപ്പുകളിൽ വിതരണം ചെയ്യുന്നതിനു മുമ്പ് ജനങ്ങൾക്കു പഠിച്ച് അഭിപ്രായം പറയുന്നതിന് അവസരം നല്കുന്നതിനായി മുൻകൂട്ടി ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.*





*ഗ്രാമസഭയുടെ പ്രധാന തീരുമാനങ്ങൾ വാർത്താബോർഡിൽ പ്രദർശിപ്പിക്കണം. ഒരു ഗ്രാമസഭ കഴിഞ്ഞാൽ രൂപവത്കരിക്കപ്പെടുന്ന സംഘാടകസമിതിയിൽ നിന്നും ഒരാൾക്ക് ഈ വാർത്താബോർഡ് കൃത്യമായി പരിപാലിക്കാനുള്ള ചുമതല നൽകണം.*

സംഘാടനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവ ചർച്ചചെയ്തു തീരുമാനിച്ചു ചുമതലകൾ വിഭജിച്ചുനൽകണം.

**12. ഗ്രാമസഭ/വാർഡ്സഭയുടെ വിജയത്തിന് ചിട്ടയായ മുന്നൊരുക്കങ്ങൾ അനിവാര്യമാണ്**

ഗ്രാമസഭയിലും വാർഡ്സഭയിലുമുള്ള ജനങ്ങളുടെ വിശ്വാസ്യത നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും ചിട്ടയായ തയ്യാറെടുപ്പ് അത്യന്താപേക്ഷിതമാണ്. ഇതിനായി താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്:

1. ഗ്രാമസഭയുടെ അറിയിപ്പ് മുൻകൂട്ടി രേഖാമൂലം വിതരണം ചെയ്യണം. യോഗത്തിൽ ചർച്ചചെയ്യുന്ന വിഷയത്തിന്റെ സംക്ഷിപ്തം ഇതുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഗ്രാമസഭയ്ക്കു താഴെയുള്ള ഗ്രൂപ്പുകൾക്ക് നേരത്തെ നൽകാൻവേണ്ടി തയ്യാറാക്കി വിതരണം നടത്തണം.
2. യോഗനടപടികൾ കൃത്യസമയത്ത് ആരംഭിക്കുകയും കാര്യപരിപാടി അനുസരിച്ച് യോഗനടപടികൾ നിയന്ത്രിക്കുകയും ചെയ്യാൻ വേണ്ട പരിപാടി മുൻകൂട്ടി തയ്യാറാക്കിവയ്ക്കണം.
3. പൊതുജനങ്ങൾക്ക് അഭിപ്രായം പ്രകടിപ്പിക്കു ന്നതിനും വികസനപദ്ധതികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനും അവസരം നൽകണം. ജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തുന്നതിന് ആവശ്യമായി വരുന്ന ചാർട്ട്പേപ്പർ, പേന എന്നിവ നേരത്തെ കരുതിവയ്ക്കണം.
4. അവതരണങ്ങൾ നടത്തുന്നതിനും ജനങ്ങളുടെ സംശയങ്ങൾക്ക് വ്യക്തമായ മറുപടി നല്കുന്നതിനും വർക്കിങ്ഗ്രൂപ്പിനെ സജ്ജമാക്കി ഗ്രാമസഭാ യോഗങ്ങളിൽ പങ്കെടുപ്പിക്കണം. അതിനായി ഗ്രാമസഭയ്ക്കു മുമ്പു തന്നെ വർക്കിങ് ഗ്രൂപ്പ് യോഗം ചേരണം. ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ട കാര്യങ്ങൾ ആലോചിച്ച് തയ്യാറാക്കി, ചാർട്ട് പേപ്പറിൽ പകർത്തി സൂക്ഷിക്കണം. ആരൊക്കെ എവിടെയൊക്കെ അവതരിപ്പിക്കുമെന്നു തീരുമാനിക്കണം.
5. കരട് പദ്ധതി നിർദ്ദേശങ്ങളും, വരവുചെലവ് കണക്കുകളും അച്ചടിച്ച് മുമ്പ് ജനങ്ങൾക്കു പഠിച്ച് അഭിപ്രായം പറയുന്നതിന് അവസരം നല്കുന്നതിനായി മുൻകൂട്ടി ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം (സംഘടനകൾക്കും ഗ്രൂപ്പുകൾക്കും നൽകിയാൽ മതി/വ്യക്തിപരമായി നൽകണമെന്നില്ല.).
6. ഗ്രാമസഭാ തീരുമാനങ്ങൾ നടപ്പാക്കാൻ കഴി

യാത്തപക്ഷം എന്തുകൊണ്ട് കഴിഞ്ഞില്ല എന്ന് കാര്യകാരണസഹിതം അടുത്ത ഗ്രാമ സഭായോഗത്തിൽ വ്യക്തമാക്കാൻവേണ്ട രേഖകൾ തയ്യാറാക്കിവയ്ക്കണം. OHPയുടെ സഹായത്തോടെ അവതരിപ്പിച്ചാൽ നന്നായിരിക്കും.

7. ഗ്രാമസഭ അംഗീകരിച്ച ഒരു പരിപാടി പണത്തിന്റെ ലഭ്യതക്കുറവുകൊണ്ടോ സാങ്കേതിക കാരണങ്ങളാലോ ഒഴിവാക്കേണ്ടി വന്നാൽ കാരണം ഗ്രാമസഭയിൽ വ്യക്തമാക്കാൻ വേണ്ട തയ്യാറെടുപ്പു വേണം.
8. അതതു പരിധിയിൽവരുന്ന ജില്ലാ-ബ്ലോക്ക് പഞ്ചായത്തംഗങ്ങളെയും നിയമസഭാംഗത്തെയും ഗ്രാമസഭയിൽ നിർബന്ധമായും എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കാനായി നേരത്തെ അവരുമായി ബന്ധപ്പെടണം.
9. ഗ്രാമസഭയുടെ അജണ്ടയുമായി ബന്ധപ്പെട്ടുവരാവുന്ന ഏതു സംശയവും പരിഹരിക്കാനുതകുന്ന തരത്തിലുള്ള രേഖകളുമായി ഗ്രാമസഭയിൽ വരാൻവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ മുൻകൂട്ടി ചുമതലപ്പെടുത്തണം.
10. ഗ്രാമസഭയ്ക്കു മുമ്പുതന്നെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ഗ്രാമസഭാ നടത്തിപ്പു സംബന്ധിച്ച് ചർച്ച നടത്തണം.
11. ഗ്രൂപ്പ് തിരിക്കേണ്ട സ്ഥലം, യോഗസ്ഥലം, ഗ്രൂപ്പ് ബോർഡുകൾ, രജിസ്ട്രേഷൻ കൗണ്ടറുകൾ, രജിസ്ട്രേഷൻ ഫോമുകൾ എന്നിവ നേരത്തെ കരുതിവയ്ക്കണം.
12. സംഘാടകസമിതി, ഫെസിലിറ്റേറ്റർമാർ എന്നിവർ പല ആവർത്തി കൂടിയിരുന്നു കാര്യങ്ങൾ നിശ്ചയിക്കണം/പരിശീലിക്കണം.
13. ഓരോരുത്തരുടെയും ചുമതലകൾ നേരത്തെ നിശ്ചയിക്കണം.
14. എങ്ങനെ ഗ്രൂപ്പ് പ്രവർത്തനം നടത്താം, ആരൊക്കെ എന്തൊക്കെ പങ്കു വഹിക്കും എന്ന് ഓരോ ഗ്രൂപ്പും ഫെസിലിറ്റേറ്റ് ചെയ്യേണ്ടവർ, അതുമായി ബന്ധപ്പെട്ടുവരുന്ന വർക്കിങ്ഗ്രൂപ്പ് അംഗങ്ങൾ, മെമ്പർ, ഉദ്യോഗസ്ഥർ, സംഘാടകസമിതി അംഗങ്ങൾ എന്നിവർ നേരത്തെത്തന്നെ തീരുമാനിക്കണം. അതിനായി പഞ്ചായത്ത് തലത്തിൽ ഒത്തുകൂടുന്നതു നന്നായിരിക്കും.
15. വിവിധ സബ്കമ്മിറ്റികൾ രൂപവത്കരിച്ച് അവരുടെ ചുമതലകൾ നിശ്ചയിച്ച് ഏൽപ്പിക്കണം.
16. ഗ്രാമസഭകൾക്കുശേഷം സബ്കമ്മിറ്റികളുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ റിപ്പോർട്ട് ഉണ്ടാക്കണം. അത് ഗ്രാമസഭയുടെ അവസാനത്തിൽ അവതരിപ്പിക്കുകയും അവരെ ഗ്രാമസഭയുടെ മുന്നിൽ പരിചയപ്പെടുത്തുകയും വേണം.

*പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ ചർച്ച ചെയ്യാനായി അവതരിപ്പിക്കണം, ഇതിന് മറുപടിയായി പഞ്ചായത്ത് നൽകിയ റിപ്പോർട്ടും അവതരിപ്പിക്കണം. എന്തെന്നാൽ പെർഫോമൻസ് ഓഡിറ്റ് പൊതുജനത്തിനുവേണ്ടി ഗവൺമെന്റ് നടത്തുന്നതാണ്.*





*നാട്ടിലെ വികസന പ്രശ്നങ്ങൾ, പൊതുപ്രശ്നങ്ങൾ എന്നിവ ഗ്രാമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും ചർച്ചചെയ്ത് പരിഹരിക്കാനുമായി വ്യക്തികൾക്ക് ഒറ്റയ്ക്കും കൂട്ടായും ഗ്രാമസഭയിൽ പ്രമേയം അവതരിപ്പിക്കാവുന്നതാണ്.*

17. പഞ്ചായത്തുതലത്തിൽ കുറഞ്ഞത് മൂന്നു മെമ്പർമാരെ ഉൾപ്പെടുത്തി ഗ്രാമസഭയുടെ പൊതുസംഘാടകസമിതി രൂപവത്കരിക്കണം. പഞ്ചായത്തുതലത്തിൽ ഗ്രാമസഭയെക്കുറിച്ചാലോചിക്കാൻ വർക്കിങ്ങ് ഗ്രൂപ്പ് ചേരൽ, ഫെസിലിറ്റേറ്റർപരിശീലനം, സംഘാടകസമിതി പരിശീലനം തുടങ്ങി ഗ്രാമസഭയുടെ പൊതു സംഘാടനത്തിനു വേണ്ടി പ്രവർത്തിക്കേണ്ടതാണ്.
18. ജില്ലാ, ബ്ലോക്ക് തലത്തിൽനിന്നും ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ട കാര്യങ്ങൾ തയ്യാറാക്കി വാങ്ങണം.

### 13. ഗ്രാമസഭയ്ക്കുശേഷം – തുടർനടപടികൾ

ഗ്രാമസഭയിലെ ഗ്രൂപ്പ് ചർച്ചകളിൽനിന്നും ക്രോഡീകരിച്ച് അവതരിപ്പിച്ച രേഖകളുമായി വാർഡുതലത്തിൽ കോർഡിനേറ്ററുടെയും, വാർഡ് മെമ്പറുടെയും നേതൃത്വത്തിൽ സംഘാടകസമിതി കൂടിയിരുന്ന് റിപ്പോർട്ട് തയ്യാറാക്കി (വിവിധ ഗ്രൂപ്പുകളായി) വർക്കിങ്ങ് ഗ്രൂപ്പിനു നൽകണം; മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തുകയും വേണം. ഈ വരുന്ന ചർച്ചയുടെ അടിസ്ഥാനത്തിലാവണം പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾ, മാനദണ്ഡം, പ്രവർത്തനങ്ങൾ, പ്രവർത്തന കലണ്ടർ, സംഘാടനം, ധനകാര്യവിശകലനം എന്നിവ തയ്യാറാക്കാൻ.

ഗ്രാമസഭയുടെ പ്രധാന തീരുമാനങ്ങൾ വാർത്താബോർഡിലും ഗ്രാമസഭാ ഓഫീസിലെ വാർത്താബോർഡിലും പ്രദർശിപ്പിക്കണം. ഒരു ഗ്രാമസഭ കഴിഞ്ഞാൽ രൂപവത്കരിക്കപ്പെടുന്ന സംഘാടകസമിതിയിൽ നിന്നും ഒരാൾക്ക് ഈ വാർത്താബോർഡ് കൃത്യമായി പരിപാലിക്കാനുള്ള ചുമതല നൽകണം.

ഗ്രാമസഭാ നിർദ്ദേശങ്ങളിൽ മുകൾത്തട്ടുകളിലേക്ക് നൽകേണ്ടത് പഞ്ചായത്തു ഭരണസമിതിയിൽ അവതരിപ്പിച്ച്, അവരുടെകൂടി ശുപാർശയോടെ അതത് മുകൾത്തട്ടുകളിൽ ഉടൻ എത്തിക്കണം. ത്രിതല പഞ്ചായത്തുകൾ, ദ്വിതലങ്ങൾ എന്നിവ ചേർന്ന് ചെയ്യേണ്ടതുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും നൽകണം. കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളിലേക്ക് അയക്കേണ്ടത് അയക്കാനുള്ള സംവിധാനമുണ്ടാക്കണം. ഇതു കൂടാതെ ആസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്താതെ ഉടൻ ചെയ്യേണ്ട കാര്യങ്ങളുടെ (പഞ്ചായത്ത് നേതൃത്വം നൽകിയാൽ മാത്രം മതി എന്നുള്ളവ) നടപടികൾ ആലോചിച്ച് നടപ്പിലാക്കണം. അതതു വകുപ്പുകളിൽ നൽകേണ്ടത് അപ്പപ്പോൾ എത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. ഇതിനായി ഒരു പ്രത്യേക സമയം

കാത്തിരിക്കേണ്ടതില്ല. പഞ്ചായത്ത്, ഇതര സ്ഥാപനങ്ങൾ എന്നിവരുമായി ബന്ധപ്പെട്ട് ഗ്രാമസഭയിൽ വരുന്ന വിമർശനം, പരാമർശം, നിർദ്ദേശം എന്നിവ ചർച്ച ചെയ്യാനായി എല്ലാ സ്ഥാപനങ്ങളും/വകുപ്പുകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടക്കം പഞ്ചായത്ത് കമ്മിറ്റി വിളിക്കണം. തുടർപരിപാടിക്കായി അതത് സ്റ്റാന്റിങ്ങ് കമ്മിറ്റികളെയും അതുമായി ബന്ധപ്പെട്ടുവരുന്ന ഉദ്യോഗസ്ഥരെയും ചുമതലപ്പെടുത്തണം.

**ഗ്രാമസഭ മുൻപാകെ**

ഓരോ വർഷത്തെയും ആദ്യ ഗ്രാമസഭ മുൻപാകെ ഇനിപ്പറയുന്നവ വയ്ക്കേണ്ടതാണ്: മുൻവർഷത്തെ വികസനപരിപാടികളുടെ ഒരു അവലോകനറിപ്പോർട്ട്, വരുംവർഷത്തെ വികസനതന്ത്രം, നടപ്പുവർഷത്തിൽ ഏറ്റെടുക്കാൻ നിർദ്ദേശിക്കുന്ന വികസനപരിപാടികളെയും അതിനു വേണ്ടിവരുന്ന ചെലവിനെയും സംബന്ധിച്ച് പദ്ധതിരേഖ എന്നപേരിൽ ഒരു റിപ്പോർട്ട്, ഗുണഭോക്തൃതെരഞ്ഞെടുപ്പിനുള്ള പ്രോജക്ട് ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ (അർഹതാ, മുൻഗണനാ മാനദണ്ഡങ്ങൾ അടക്കം), മുൻവർഷ കണക്കുകളുടെ സ്റ്റേറ്റ്മെന്റ്, ഭരണ നിർവ്വഹണത്തിന്റെ റിപ്പോർട്ട്.

ഗ്രാമസഭ അതിന്റെ സാധാരണ യോഗത്തിലോ ഈ കാര്യം ചർച്ചചെയ്യാനായി പ്രത്യേകം വിളിക്കുന്ന യോഗത്തിലോ വച്ച് മുകളിൽ സൂചിപ്പിച്ച റിപ്പോർട്ടുകൾ വിശദമായി ചർച്ചചെയ്യണം. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയെക്കുറിച്ചും, പദ്ധതി വിഹിതത്തിന്റെ വിശദാംശങ്ങളെക്കുറിച്ചും, ഇനം തിരിച്ചുള്ള ഫണ്ടിന്റെ വിഹിതത്തെക്കുറിച്ചും, ഗ്രാമസഭയുടെ പ്രദേശത്ത് നടപ്പിലാക്കിയതോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതോ ആയ പണികളുടെ എസ്റ്റിമേറ്റിന്റെയും അതിന്റെ സാമഗ്രികളുടെ ചെലവിന്റെയും വിശദാംശങ്ങളെക്കുറിച്ചും അറിയാനും പരിശോധിക്കാനും ചർച്ചചെയ്യാനും നിർദ്ദേശിക്കാനും ഗ്രാമസഭയ്ക്ക് അധികാരമുണ്ട്. അതിനാൽ ഇവയുടെ വിശദാംശങ്ങളെല്ലാം ഗ്രാമസഭ മുൻ പാകെ വയ്ക്കണം. കൂടാതെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ ചർച്ചചെയ്യാനായി അവതരിപ്പിക്കണം, ഇതിന് മറുപടിയായി പഞ്ചായത്ത് നൽകിയ റിപ്പോർട്ടും അവതരിപ്പിക്കണം. എന്തെന്നാൽ പെർഫോമൻസ് ഓഡിറ്റ് പൊതുജനത്തിനുവേണ്ടി ഗവൺമെന്റ് നടത്തുന്നതാണ്. കൂടാതെ ഗ്രാമസഭ ആവശ്യപ്പെടുന്ന രേഖകളും തെളിവുകളും സമർപ്പിക്കണം.



*പൗരന്മാർ നേരിട്ട് പങ്കെടുക്കുന്ന ഒരു അധികാരസ്ഥാനം എന്ന നിലയിൽ അവരെ ബാധിക്കുന്ന ഏതൊരു പ്രശ്നവും- നാടിന്റെ സർവ്വതോമുഖമായ വികസനപ്രശ്നങ്ങളും- ചർച്ചയ്ക്കു കൊണ്ടുവരുകയും അവയെങ്ങനെ പരിഹരിക്കാമെന്ന് കൂട്ടായി ആലോചിക്കുകയും ചെയ്യുന്ന ഇടമാണ് ഗ്രാമസഭ.*

## ഗ്രാമസഭാസംഘാടനത്തിന്റെ വിവിധ ഘട്ടങ്ങൾ



**ഗ്രാമസഭയും പ്രമേയങ്ങളും**

നാട്ടിലെ വികസനപ്രശ്നങ്ങൾ, പൊതുപ്രശ്നങ്ങൾ എന്നിവ ഗ്രാമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും ചർച്ചചെയ്ത് പരിഹരിക്കാനുമായി വ്യക്തികൾക്ക് ഒറ്റയ്ക്കും കൂട്ടായും ഗ്രാമസഭയിൽ പ്രമേയം അവതരിപ്പിക്കാവുന്നതാണ്. അയൽക്കൂട്ടങ്ങളിലും സംഘങ്ങളിലും സംഘടനകളിലും പ്രവർത്തിക്കുന്നവർക്ക് വിഷയങ്ങൾ മുൻകൂട്ടി ചർച്ചചെയ്തു പ്രമേയരൂപത്തിലാക്കാവുന്നതാണ്. ഗ്രൂപ്പുചർച്ചയ്ക്കായി പിരിയുന്നതിനു മുമ്പുതന്നെ പ്രമേയം അവതരിപ്പിക്കാനുള്ള അവസരം ഉണ്ടാവണം. ആ പ്രമേയത്തിൽ പരാമർശിക്കുന്ന വിഷയങ്ങൾ എങ്ങനെ പരിഹരിക്കാം, അതിനായി ഏതുതരത്തിൽ ആരൊക്കെ ഇടപെടണം എന്നിവ സംബന്ധിച്ച് ചർച്ച ഉണ്ടാവണം. പ്രമേയത്തിൽ എന്തെങ്കിലും ഭേദഗതി ഗ്രൂപ്പുചർച്ചയിലൂടെ വരുകയാണെങ്കിൽ അതുകൂടി പ്രമേയത്തിൽ ഉൾപ്പെടുത്തണം. ഗ്രാമസഭ പ്രമേയം അംഗീകരിക്കുകയാണെങ്കിൽ അത് പഞ്ചായത്തുകമ്മിറ്റിയിൽ പരിഗണിക്കുകയും ഗ്രാമസഭാചർച്ചയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ ആലോചിക്കുകയും വേണം. പ്രമേയങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിക്കണമെങ്കിൽ രണ്ടു ദിവസത്തിനുമുമ്പ് മെമ്പർവഴി പ്രസിഡന്റിന്റെ കൈയിൽ ഏൽപ്പിക്കുകയോ മെമ്പറുടെ അറിവോടെ പ്രസിഡന്റിനെ നേരിട്ട് ഏൽപ്പിക്കുകയോ ചെയ്യണം. എങ്കിലേ അത് ഗ്രാമസഭയുടെ അജണ്ടയിൽ കൊണ്ടുവരാനും, ഗ്രാമസഭയിൽ അവതരിപ്പിക്കാനും കഴിയൂ.

**ഗ്രാമസഭയും സബ്കമ്മിറ്റികളും**

ഗ്രാമസഭയിൽ അവതരിപ്പിക്കുന്ന കാര്യങ്ങൾ, കണക്കുകൾ, പദ്ധതി നടത്തിപ്പ്, സാധനങ്ങൾ വാങ്ങൽ, സാധനങ്ങളുടെ ഗുണനിലവാരം തുടങ്ങി ഏതുകാര്യത്തെക്കുറിച്ചും ഗ്രാമസഭയ്ക്ക് വിശദമായി അന്വേഷിച്ചറിയണമെന്നു തോന്നിയാൽ പൊതുവായോ പ്രത്യേകം പ്രത്യേകമായോ സബ്കമ്മിറ്റികൾക്കു രൂപം നൽകാവുന്നതാണ്.

പൗരന്മാർ നേരിട്ട് പങ്കെടുക്കുന്ന ഒരു അധികാരസ്ഥാനം എന്ന നിലയിൽ അവരെ ബാധിക്കുന്ന ഏതൊരു പ്രശ്നവും- നാടിന്റെ സർവ്വതോമുഖമായ വികസനപ്രശ്നങ്ങളും- ചർച്ചയ്ക്കു കൊണ്ടുവരുകയും അവയെങ്ങനെ പരിഹരിക്കാമെന്ന് കൂട്ടായി ആലോചിക്കുകയും ചെയ്യുന്ന ഇടമാണ് ഗ്രാമസഭ (ആർക്കും വെറുതെ അഭിപ്രായം പറഞ്ഞ് പോകാനുള്ളതല്ല എന്നു സാരം). ഇത്തരം പ്രവർത്തനങ്ങളൊക്കെ നടത്താൻ പഠനകമ്മിറ്റി, വിഭവസമാ

*ഗ്രാമസഭ തയ്യാറാക്കി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിന്റെ മുൻഗണനാക്രമത്തിന് മാറ്റം വരുത്താൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതല്ല.*



*ഗ്രാമസഭ/വാർഡുസഭക ളിൽ പദ്ധതിയുടെ വികസനതന്ത്രം അവത രിപ്പിക്കലും സബ്ഗ്രൂപ്പ് ചർച്ച നയിക്കലും ഫെസിലിറ്റേറ്റർമാരുടെ ഉത്തരവാദിത്വമാണ്. വർക്കിങ് ഗ്രൂപ്പ് അംഗ ങ്ങളുടെയും ഫെസിലി റ്റേറ്റർമാരുടെയും സംയുക്തയോഗം വിളിച്ചുചേർത്ത് ഗ്രാമസഭ/വാർഡ്സഭ യിലെ ചർച്ചകൾ സംപുഷ്ടമാക്കുന്നതി നാവശ്യമായ കർമ്മപരി പാടിക്ക് രൂപം നല്കണം.*



ഹരണകമ്മിറ്റി, നിർവ്വഹണകമ്മിറ്റി, പരിശോധനാകമ്മിറ്റി, വിലയിരുത്തൽ കമ്മിറ്റി എന്നിങ്ങനെ ആവശ്യാനുസരണം ഗ്രാമസഭകൾ വിവിധ കമ്മിറ്റികൾ രൂപവത്കരിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്. ഈ കമ്മിറ്റികളിൽ പ്രാദേശികമായി വിവിധ മേഖലകളിൽ കഴിവുള്ളവരെ കൂട്ടിയിണക്കാൻ കഴിയണം. ഇത്തരത്തിൽ ഗ്രാമസഭ രൂപവത്കരിക്കുന്ന സബ്കമ്മിറ്റികളിൽ കുറഞ്ഞത് 10 അംഗങ്ങൾ ഉണ്ടാകണം എന്നാണ് നിയമം അനുശാസിക്കുന്നത്. ഇതിൽ പകുതിപ്പേർ സ്ത്രീകളായിരിക്കണമെന്നും പറയുന്നു. വിഷയഗ്രൂപ്പുകൾ കൂടുമ്പോൾ ആ വിഷയവുമായി ബന്ധപ്പെട്ട കാര്യത്തിനായി സബ്കമ്മിറ്റി രൂപവത്കരിക്കുകയും അത് ഗ്രാമസഭയുടെ പ്ലീനറിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയും വേണം. ഇത്തരത്തിൽ രൂപവത്കരിക്കുന്ന കമ്മിറ്റിയുടെ റിപ്പോർട്ടുകൾ ഓരോ ഗ്രാമസഭയിലും അവതരിപ്പിക്കണം. ഈ കമ്മിറ്റികളിൽ പ്രവർത്തിക്കാൻ ശേഷിയും താൽപ്പര്യവുമുള്ളവരെ സമീപിക്കാനും കൂട്ടിയിണക്കാനും ഗ്രാമസഭയ്ക്കും സബ്കമ്മിറ്റികൾക്കും കഴിയണം. അതിനായി ഗ്രാമസഭാ സംഘാടകസമിതി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്. അങ്ങനെ സമൂഹത്തിലെ എല്ലാ തലത്തിലുള്ളവർക്കും വ്യത്യസ്തനിലയിൽ അവരുടെ പങ്കുകൾ നിർവ്വഹിക്കാൻ അവസരം ഉണ്ടാകണം, അവരുടെ കഴിവ് വിനിയോഗിക്കാൻ കഴിയണം; അവരെ അംഗീകരിക്കാനും തയ്യാറാകണം. ഇതുവഴി എല്ലാ വിഭാഗം ആൾക്കാർക്കും ഗ്രാമസഭാ നടത്തിപ്പിലും ഇടപെടലിലും പങ്കാളിത്തമുണ്ടാകുകയും ഗ്രാമസഭ ഗൗരവമേറിയതായിത്തീരുകയും ചെയ്യും.

**ഗുണഭോക്തൃ തെരഞ്ഞെടുപ്പ്**

ഏതെങ്കിലും പദ്ധതി/പ്ലാൻ/പ്രോജക്റ്റ് പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടി വരുമ്പോൾ അതിനുള്ള അർഹതാ, മുൻഗണനാ മാനദണ്ഡവും മാർക്കും അത് വിഭാവനം ചെയ്യുന്ന വേളയിൽത്തന്നെ അതത് വർക്കിങ്ഗ്രൂപ്പുകൾ രേഖപ്പെടുത്തേണ്ടതാണ്. ഇത് ചർച്ചചെയ്ത് (ആസൂത്രണ ഗ്രാമസഭയിലെ ചർച്ചകളുടെ കൂടി അടിസ്ഥാനത്തിൽ) പഞ്ചായത്തുകമ്മിറ്റി മാനദണ്ഡങ്ങൾക്ക് അന്തിമരൂപം നൽകണം. അവ പരസ്യപ്പെടുത്തേണ്ടതും, ഗ്രാമസഭകളെ അറിയിക്കേണ്ടതുമാണ്.

**അർഹതാ, മുൻഗണനാ മാനദണ്ഡം**

അർഹതാമാനദണ്ഡം വ്യക്തമായി

ആലോചിച്ച് തയ്യാറാക്കാതിരുന്നാൽ ഗുണഭോക്താക്കളാകാൻ യാതൊരു കാരണവശാലും സാധ്യതയില്ലാത്തവരും അപേക്ഷിക്കാൻ ഇടവരുകയും അത് വളരെയധികം തെറ്റിദ്ധാരണകൾ ജനിപ്പിക്കുകയും ചെയ്യുമെന്നു മാത്രമല്ല മൊത്തം പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. പ്രോജക്റ്റിനെക്കുറിച്ച് ആലോചിക്കുമ്പോൾതന്നെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാകുന്നതിനാൽ ആ പ്രോജക്റ്റിന്റെ ഗുണഭോക്താവാകാൻ വേണ്ട അർഹത എന്തൊക്കെയാണെന്നു തയ്യാറാക്കി രേഖപ്പെടുത്തണം. ആസൂത്രണ ഗ്രാമസഭയിൽ പ്രോജക്റ്റ് ചർച്ചനടത്തുമ്പോൾ അർഹതാമാനദണ്ഡവും ചർച്ചചെയ്ത് വ്യക്തത വരുത്തണം. ഇത് പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാക്കാൻ സഹായകമാകും.

മുകളിൽ സൂചിപ്പിച്ചതരത്തിൽ അർഹതയുള്ളവർ അപേക്ഷിച്ചാൽ അവരിൽനിന്നും ഏറ്റവും അർഹതയുള്ളവരുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ടിയാണ് മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത്. ഓരോ മാനദണ്ഡത്തിനും മാർക്ക് ഉണ്ടാവണം. ഈ മാർക്കുകൾ കൂട്ടിനോക്കി ഏറ്റവും കൂടിയ മാർക്ക് മുതൽ താഴേക്ക് വരുന്നവരുടെ ലിസ്റ്റ് വേണം തയ്യാറാക്കാൻ. എന്നാൽ പ്രോജക്റ്റിൽ പറഞ്ഞിട്ടുള്ളതിനെക്കാൾ കൂടുതൽ ആളുകൾ ഒരേ മാർക്ക് കിട്ടിവരുന്ന സന്ദർഭത്തിൽ നറുക്കിട്ട് എടുക്കുകയല്ല വേണ്ടത്, പകരം ഇവരിൽനിന്നും ഏറ്റവും യോഗ്യരായവരെ കണ്ടെത്താൻവേണ്ടി ഉപമാനദണ്ഡങ്ങൾ തയ്യാറാക്കണം. ഇത്തരത്തിൽ ഓരോ പ്രോജക്റ്റിലും വർക്കിങ് ഗ്രൂപ്പ് തയ്യാറാക്കിയ മാനദണ്ഡങ്ങൾ പഞ്ചായത്ത് കമ്മിറ്റി ചർച്ചചെയ്ത് അന്തിമരൂപം നൽകി വേണം പ്രസിദ്ധീകരിക്കാൻ.

**ഗുണഭോക്താക്കളെ നിശ്ചയിക്കൽ**

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷാഫോം വിതരണം നടത്തി (ഈ അപേക്ഷയോടൊപ്പം മാനദണ്ഡങ്ങൾ, വേണ്ട ഗുണഭോക്താക്കളുടെ എണ്ണം എന്നിവയും നൽകണം) പൂരിപ്പിച്ചു വാങ്ങണം. ഗ്രാമസഭയുടെ സംഘാടകസമിതിയോ, അല്ലെങ്കിൽ വർക്കിങ്ഗ്രൂപ്പിൽ ആ വാർഡിൽനിന്നുമുള്ളവർ, ഫെസിലിറ്റേറ്റർമാർ, ഗ്രാമസഭയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവർ, വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ എന്നിങ്ങനെ 10–15 പേരടങ്ങുന്ന ഒരു സബ്കമ്മിറ്റിയോ വാർഡ്‌വികസനസമിതിയോ ഗ്രാമസഭാ കോർഡിനേറ്ററുടെയും മെമ്പ

*പദ്ധതി രൂപവത്കരണത്തിലും അതിന്റെ മുൻഗണനാ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിലും ജനങ്ങൾക്കുള്ള പങ്ക് നിർവഹിക്കുന്നതിനുള്ള വേദിയും കൂടിയാണ് ഗ്രാമസഭകളും വാർഡ്സഭകളും. പൊതുജനാധിപത്യ വേദി എന്ന നിലയിൽ പഞ്ചായത്തിരാജ് ഭരണസംവിധാനത്തിലും അതിപ്രധാനമായ പങ്കാണ് ഇവയ്ക്കുള്ളത്.*



*മുൻകാലങ്ങളിലേക്കാൾ വിപുലമായ പ്രവർത്തനങ്ങൾ പഞ്ചായത്തിലും വാർഡിലും നടക്കുന്നതിനാലും പഞ്ചായത്ത് മെമ്പറുടെ പങ്ക് നേരത്തേതിൽനിന്നും ഉയർന്നതിനാലും ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ പരിഹരിക്കാൻ കൈയെത്തുന്ന ദൂരത്തുതന്നെ അധികാരം എത്തിക്കേണ്ടതിനാലും ഈ പ്രവർത്തനങ്ങൾക്കൊക്കെ ഉതകുന്നതരത്തിലുള്ള പല സംവിധാനങ്ങളും ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്.*



റുടെയും നേതൃത്വത്തിൽ, പൂരിപ്പിച്ചു കിട്ടിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയശേഷം മാനദണ്ഡങ്ങൾ പരിശോധിച്ച് മാർക്കിട്ട് കരടുലിസ്റ്റ് തയ്യാറാക്കണം. ഇത്തരത്തിൽ തയ്യാറാക്കിയ കരടുലിസ്റ്റ് മാർക്ക് സഹിതം നോട്ടീസ് ബോർഡുകൾ, വാർത്താ ബോർഡുകൾ, അയൽക്കൂട്ടങ്ങൾ എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കണം, ഭേദഗതി ഉണ്ടെങ്കിൽ കോർഡിനേറ്ററെ/മെമ്പറെ രേഖാമൂലം അറിയിക്കണം. ഇത്തരത്തിൽ തയ്യാറാക്കിയ കരടുലിസ്റ്റ് ഗ്രാമസഭയിൽ കൊണ്ടുവരുകയും ഏതൊക്കെ മേഖയിലേക്കാണോ ഗുണഭോക്താക്കളെ നിശ്ചയിക്കേണ്ടത് അതത് വിഷയഗ്രൂപ്പുകളായി തിരിഞ്ഞിരുന്ന് ചർച്ചചെയ്ത് പ്ലീനറിയിൽ അവതരിപ്പിച്ച് മുൻഗണനാലിസ്റ്റിന് അന്തിമരൂപം നൽകുകയും വേണം. ഗ്രാമസഭ തയ്യാറാക്കി അംഗീകരിച്ച മുൻഗണനാ ക്രമത്തിന് മാറ്റം വരുത്താൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതല്ല (ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, 1997 ഏപ്രിൽ 4ന് ഒ.പി. നമ്പർ 18175 / 1999 എന്ന കേസിൽ ഗ്രാമസഭയുടെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് അംഗീകരിക്കുകയാണ് പഞ്ചായത്തുകളുടെ ഉത്തരവാദിത്വമെന്ന് വിധിച്ചു).

ഗ്രാമസഭയിൽ വരുമ്പോൾ മുഴുവൻ അപേക്ഷാഫോമും കൊണ്ടുവരുന്നത് നന്നായിരിക്കും. ഗ്രാമസഭ നടക്കുന്നിടത്ത് അർഹത, മുൻഗണന, ഉപമാനദണ്ഡങ്ങൾ, ഏതൊക്കെ വിഷയത്തിൽ എത്രവീതം ഗുണഭോക്താക്കൾ, ഏതു തലത്തിലെ പഞ്ചായത്തുകൾക്കാണ് ഈ ലിസ്റ്റ്, നടത്തിയ പ്രവർത്തനങ്ങൾ എന്നിവ വിവിധ ചാർട്ട് പേപ്പറുകളിൽ വ്യക്തമായി എഴുതി പ്രദർശിപ്പിക്കുന്നത് നല്ലതാണ്. ഗ്രാമസഭ ലിസ്റ്റ് അംഗീകരിക്കുന്നതുവരെ അപേക്ഷ നൽകാം; എന്നാൽ ഇത്തരത്തിൽ നൽകുന്ന അപേക്ഷ പൂർണ്ണമായിരിക്കണം, രേഖകൾ ഉണ്ടാവണം. ഗ്രാമസഭ അംഗീകരിച്ചതിനുശേഷം അർഹതയില്ലാത്ത ഒരാൾ കടന്നുകൂടിയാൽ അടുത്ത ഗ്രാമസഭയിൽ അതു ബോധ്യപ്പെടുത്തി ആ ആളിനെ ഒഴിവാക്കണം.

**ഗ്രാമസഭാ റിപ്പോർട്ട്**

ഗ്രാമസഭയിൽ ചർച്ചചെയ്യുന്ന വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട് അതത് സമയങ്ങളിൽ തയ്യാറാക്കി നൽകണം. കൂടാതെ ഗ്രാമസഭയുടെ അധികാരങ്ങൾ, ചുമതലകൾ എന്നിവയുടെ വിനിയോഗം സംബന്ധിച്ച് കാലാകാലമുള്ള റിപ്പോർട്ട് കൃത്യമായി പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. ഇതിന് ഗ്രാമസഭാ കോർഡിനേറ്റർ മിനിറ്റ്സ് തയ്യാറാക്കി സഹായിക്കുന്നതാണ്. ഇന്ന് ഗ്രാമസഭയിൽ നടക്കുന്ന

പ്രവർത്തനം മാത്രമേ മിനിറ്റ്സിൽ രേഖപ്പെടുത്തുന്നുള്ളൂ. ഗ്രാമസഭയിൽവച്ചല്ലാതെ ഗ്രാമസഭയുടെ അധികാരപരിധിയിൽ വരുന്ന എല്ലാ പ്രവർത്തനങ്ങളുടെ റിപ്പോർട്ടും തയ്യാറാക്കി നൽകണം. അത് ഗ്രാമസഭാ മിനിറ്റ്സിൽ രേഖപ്പെടുത്തുകയും വേണം. വാർഡ് വികസനസമിതിക്കോ ഗ്രാമസഭാ സംഘാടകസമിതിക്കോ ഈ റിപ്പോർട്ട് തയ്യാറാക്കാവുന്നതാണ്. ഒരു ഗ്രാമസഭ മുതൽ അടുത്ത ഗ്രാമസഭവരെ ഗ്രാമസഭയുടെ നേതൃത്വത്തിൽ അധികാരത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും നിർവ്വഹണ റിപ്പോർട്ടാണ് തയ്യാറാക്കേണ്ടത്. അത് മിനിറ്റ്സിൽ ഉണ്ടാവുകയും വേണം. യഥാസമയം പഞ്ചായത്ത് സമിതിക്കു നൽകുകയും വേണം.

**ഗ്രാമസഭയിൽ ഉദ്യോഗസ്ഥ പങ്കാളിത്തം ഉറപ്പാക്കുക**

പദ്ധതി നിർദ്ദേശങ്ങൾ ചർച്ചചെയ്യുന്നതിനുള്ള ഗ്രാമസഭായോഗങ്ങളിൽ വിവിധ വികസനമേഖലകളിലെ വർക്കിങ് ഗ്രൂപ്പ് അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും പങ്കാളിത്തം ഉറപ്പാക്കണം. കരട് പദ്ധതി നിർദ്ദേശങ്ങളെ സംബന്ധിച്ചും അവയുടെ ലക്ഷ്യങ്ങളെ സംബന്ധിച്ചും വ്യക്തമായി ഗ്രൂപ്പ് യോഗത്തിൽ അവതരിപ്പിക്കുന്നതിനും ജനങ്ങളുടെ മുൻഗണനാ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ചർച്ച നയിക്കുന്നതിനും ഇവരുടെ സാന്നിധ്യം വളരെ പ്രധാനമാണ്. കൂടാതെ പദ്ധതികളുടെ ഫലപ്രദമായ സംയോജനത്തിനും പദ്ധതിനടത്തിപ്പിൽ വരാവുന്ന നിയമപരമായ ബുദ്ധിമുട്ടുകൾ, പണത്തിന്റെ കുറവ്, മറ്റു തടസ്സങ്ങൾ, സാങ്കേതിക വൈദഗ്ധ്യം എന്നിവ ആളുകളെ ബോധ്യപ്പെടുത്തി അവരുടെ സഹകരണം ഉറപ്പാക്കുന്നതിനും അധികവിഭവസമാഹരണം സാധ്യമാക്കാനും പൊതുജനത്തിന്റെ പ്രായോഗികപരിജ്ഞാനം പങ്കുവയ്ക്കുന്നതിൽക്കൂടി പദ്ധതിനടത്തിപ്പ് കൂടുതൽ സുഗമവും ഫലവത്തും ആക്കിത്തീർക്കാനും സാധിക്കുന്നു. അതിലുപരി നടത്താൻ പോകുന്ന പരിപാടികളെക്കുറിച്ച് ഗ്രാമസഭാ മെമ്പർമാരെ കൂടുതലായി ബോധ്യപ്പെടുത്തുന്നതിനും, ജനങ്ങളുമായി തെറ്റിദ്ധാരണകൾക്ക് ഇടയില്ലാത്ത വിധം നല്ല ബന്ധം സ്ഥാപിക്കാനും സാധിക്കുന്നു. ഉദ്യോഗസ്ഥരുടെ പങ്കാളിത്തം ഉറപ്പാക്കാനായി പഞ്ചായത്തിൽ ഗ്രാമസഭാ സംഘാടനത്തിന്റെ പൊതു ചുമതലയുള്ള മെമ്പർമാരുടെ സബ്കമ്മിറ്റി ഉദ്യോഗസ്ഥരുടെയും വർക്കിങ്ങ് ഗ്രൂപ്പിന്റെയും യോഗം വിവിധ ഘട്ടങ്ങളിൽ വിളിക്കുകയും വേണ്ട പ്ലാനിങ്ങും അവലോകനവും നടത്തുകയും അതു സംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് ഭരണസമിതിയിലും ഗ്രാമസഭയിലും അവതരിപ്പിക്കുകയും വേണം.



*ചെറു പ്രോജക്ടുകൾക്ക് പ്രാദേശിക തലത്തിൽ ചെറു കൂട്ടായ്മകളിലൂടെ രൂപം നൽകാൻ കഴിയണമെങ്കിൽ പഞ്ചായത്തുതല വർക്കിങ്ഗ്രൂപ്പ് പഞ്ചായത്തിന്റെ ആസൂത്രണസമിതി എന്ന തലത്തിലേക്ക് ഉയരണം.*

*സന്നദ്ധപ്രവർത്തനം, സംഭാവന, ഗുണഭോക്തൃവിഹിതം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്നതിനും അതിനു സഹായകമായ രീതിയിൽ പഞ്ചായത്തു വിഹിതം വിനിയോഗിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.*



### ഗ്രാമസഭ/വാർഡ്സഭയുടെ ഫെസിലിറ്റേറ്റർമാർ

ഗ്രാമസഭയിലെ/വാർഡ്സഭയിലെ ആസൂത്രണ ചർച്ചകൾ ഫലപ്രദമാക്കുന്നതിനും ആവശ്യമായ അക്കാദമിക് തയ്യാറെടുപ്പ് നടത്തുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ഓരോ ഗ്രാമസഭ/വാർഡ്സഭയ്ക്കും രണ്ടു ഫെസിലിറ്റേറ്റർമാരെ നിശ്ചയിക്കേണ്ടതാണ്. ഫെസിലിറ്റേറ്റർമാരെ ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും വർക്കിങ് ഗ്രൂപ്പ് അംഗങ്ങളിൽ നിന്നും വാർഡ് വികസനസമിതിയിൽനിന്നും ഗ്രാമസഭാ സംഘാടകസമിതിയിൽ നിന്നും ഐകകണ്ഠ്യേന തെരഞ്ഞെടുക്കുന്നതാണു നല്ലത്. ഫെസിലിറ്റേറ്റർമാരിൽ ഒരാൾ സ്ത്രീയും മറ്റൊരാൾ പുരുഷനുമായിരിക്കണം. ഭരണസമിതിയിലെ എല്ലാ കക്ഷിയിലുംപെട്ട അംഗങ്ങൾ ചേർന്ന് ഫെസിലിറ്റേറ്റർമാരെ കണ്ടെത്തുന്നതിനായി പൊതുധാരണ ഉണ്ടാക്കണം. ഒരു വാർഡിൽനിന്നും രണ്ടു ഫെസിലിറ്റേറ്റർമാർ എന്ന കണക്കിനാണ് വേണ്ടത്.

ഗ്രാമസഭ/വാർഡുസഭകളിൽ പദ്ധതിയുടെ വികസനതന്ത്രം അവതരിപ്പിക്കലും സബ്ഗ്രൂപ്പ് ചർച്ച നയിക്കലും ഫെസിലിറ്റേറ്റർമാരുടെ ഉത്തരവാദിത്വമാണ്. വർക്കിങ് ഗ്രൂപ്പ് അംഗങ്ങളുടെയും ഫെസിലിറ്റേറ്റർമാരുടെയും സംയുക്ത




യോഗം വിളിച്ചുചേർത്ത് ഗ്രാമസഭ/വാർഡ്സഭയിലെ ചർച്ചകൾ സംപുഷ്ടമാക്കുന്നതിനാവശ്യമായ കർമ്മപരിപാടിക്ക് രൂപം നല്കണം. വിവിധ സബ്ഗ്രൂപ്പുകളിൽ ജനങ്ങൾ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് സമാപന യോഗത്തിൽ അവതരിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വവും ഫെസിലിറ്റേറ്റർമാർക്കാണ്. ചുരുക്കത്തിൽ ഗ്രാമസഭാ ചർച്ചകളുടെ അക്കാദമിക് നിലവാരം നിർണ്ണയിക്കുന്നതിൽ സുപ്രധാനമായ പങ്കാണ് ഫെസിലിറ്റേറ്റർമാർക്ക് വഹിക്കാനുള്ളത്. അതിനാൽ ഇവരെ തെരഞ്ഞെടുക്കുമ്പോൾ അവരുടെ ഉത്തരവാദിത്വം നിർവഹിക്കാൻ കഴിയുന്നവരെ വേണം പരിഗണിക്കാൻ.

### ഗ്രാമസഭ/വാർഡ്സഭയിലെ പദ്ധതിചർച്ച

പദ്ധതി രൂപവത്കരണത്തിലും അതിന്റെ മുൻഗണനാ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിലും ജനങ്ങൾക്കുള്ള പങ്ക് നിർവഹിക്കുന്നതിനുള്ള വേദിയും കൂടിയാണ് ഗ്രാമസഭകളും വാർഡ്സഭകളും. പൊതുജനാധിപത്യവേദി എന്ന നിലയിൽ പഞ്ചായത്തിരാജ് ഭരണസംവിധാനത്തിലും അതിപ്രധാനമായ പങ്കാണ് ഇവയ്ക്കുള്ളത്. ഇന്ത്യൻ ഭരണക്രമത്തെ സംബന്ധിച്ചിടത്തോളം നാലാമത്തെ തട്ട് ഭരണസംവിധാനം (കേന്ദ്ര, സംസ്ഥാന, പ്രാദേശിക ഗവൺമെന്റുകൾ കഴിഞ്ഞാൽ തൊട്ടടുത്ത്) എന്ന നിലയിൽ ഇവയുടെ പ്രാധാന്യം വളരെ വലുതാണ്. ഗ്രാമസഭയുടെ പദ്ധതി മുൻഗണനാ നിർദ്ദേശങ്ങൾ ഏകപക്ഷീയമായി മറികടക്കുന്നതിനുള്ള അധികാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭരണസമിതിക്ക് ഇല്ല എന്നാണ് സുപ്രധാനമായ വിധിപ്രസ്താവത്തിലൂടെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി തന്നെ ഇതിനകം വ്യക്തമാക്കിയിട്ടുള്ളത്.

*പദ്ധതി രൂപവത്കരണത്തിനായുള്ള ഗ്രാമസഭയിൽ/വാർഡ് സഭയിൽ അച്ചടിച്ച് വിതരണം ചെയ്യേണ്ട സുപ്രധാന രേഖകൾ ഇനിപ്പറയുന്നവയാണ്:*

1. വർക്കിങ് ഗ്രൂപ്പുകൾ തയ്യാറാക്കിയ പൊതുസ്ഥിതി അവലോകന റിപ്പോർട്ട്.
2. പദ്ധതിയുടെ ഭാഗമായുള്ള കരട് പ്രോജക്ട് നിർദ്ദേശങ്ങൾ, വിഭവസമാഹരണം, അതിന്റെ വിഭജനം, വികസനരേഖയിൽ നിന്നു മാറ്റം വരുത്തിയിട്ടുണ്ടോ, എങ്കിൽ അത് എന്തിന്?
3. മുൻവർഷത്തെ പ്രവർത്തനങ്ങളുടെ അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും.

ഈ രേഖകൾ ഓരോന്നും അവതരിപ്പിക്കുന്നതിനും സംശയനിവാരണത്തിനും കഴിയുന്നവരായിരിക്കണം ഗ്രാമസഭായോഗങ്ങളിലെ ചർച്ച നയിക്കുന്നതിന് ചുമതലപ്പെട്ടവർ. ഇവരെ മുൻകൂട്ടി കണ്ടെത്തി ആവശ്യമായ പരിശീലനം നല്കിയതിനുശേഷമായിരിക്കണം ഗ്രാമസഭായോഗങ്ങളിൽ പങ്കെടുപ്പിക്കേണ്ടത്. ഇവ ഓരോന്നും അവതരിപ്പിക്കാൻ വേണ്ടി പ്രത്യേകം തയ്യാറാക്കുകയും, അവതരണത്തിനു വിവിധ മാധ്യമങ്ങൾ ഉപയോഗിക്കുകയും വേണം. പൊതു അവതരണത്തിന് OHPയും ഗ്രൂപ്പ് അവതരണങ്ങൾക്ക് ആവശ്യമായ ചാർട്ട്പേപ്പറുകളും നേരത്തെ തയ്യാറാക്കി വയ്ക്കണം.

*നാട്ടിലെ പ്രശ്നങ്ങൾ, വിവിധ ഭരണതലങ്ങളിലെ പ്രശ്നങ്ങൾ, ഗ്രാമസഭയിൽ അവതരിപ്പിക്കപ്പെട്ട പ്രശ്നങ്ങൾ, സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, പുത്തൻ ആശയങ്ങൾ എന്നിവ ചർച്ച ചെയ്യപ്പെടാനും തുടർ നടപടികൾക്കായി എത്തിക്കാനും വാർഡുതലത്തിലെ പൊതുവേദികൾ വഴി സാധിക്കും.*



*ആഴ്ചയിൽ ഒരിക്കൽ ഒരു സ്ഥിരം സ്ഥലത്ത് സ്ഥിരം സമയത്ത് കൂടുന്ന ഒരു സംവിധാനമാക്കി പൊതുവേദികളെ മാറ്റാവുന്നതാണ്.*



**ഗ്രാമസഭാ ഓഫീസ്**

മുൻകാലങ്ങളിലേക്കാൾ വിപുലമായ പ്രവർത്തനങ്ങൾ പഞ്ചായത്തിലും വാർഡിലും നടക്കുന്നതിനാലും പഞ്ചായത്ത് മെമ്പറുടെ പങ്ക് നേരത്തേതിൽനിന്നും ഉയർന്നതിനാലും ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ പരിഹരിക്കാൻ കൈയെത്തുന്ന ദൂരത്തുതന്നെ അധികാരം എത്തിക്കുക എന്ന അധികാരവികേന്ദ്രീകരണത്തിന്റെ ദർശനത്തെ പ്രായോഗികതലത്തിൽ എത്തിക്കാൻ ഉതകുന്നതരത്തിലുള്ള പല സംവിധാനങ്ങളും ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. ഇത്തരം സംവിധാനത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഗ്രാമസഭാ ഓഫീസ്. കേരളത്തിൽ ജനകീയാസൂത്രണകാലം മുതൽതന്നെ ചില വാർഡുകളിലും പഞ്ചായത്തിലും ഇത് നടപ്പിലാക്കിയിട്ടുണ്ട്.

ഗ്രാമസഭാ ഓഫീസുകൊണ്ട് പ്രധാനമായും ലക്ഷ്യമാക്കുന്നതെന്താണ്?

1. വാർഡ് മെമ്പർക്ക് വാർഡിൽ ഒരു ഓഫീസ്. എതൊക്കെ ദിവസങ്ങളിൽ എത്ര മണി മുതൽ എത്രമണി വരെ മെമ്പർ ഈ ഓഫീസിലുണ്ടാവും എന്ന് ഉറപ്പുവരുത്താൻ കഴിയണം.
2. നികുതിപിരിക്കൽ, അപേക്ഷാ ഫോം വിതരണം എന്നിവയ്ക്കുള്ള കേന്ദ്രം, മാസത്തിൽ ഒരിക്കൽ പഞ്ചായത്തു പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും സന്ദർശനം (നിശ്ചിതദിവസം, സമയം) തുടങ്ങിയ പ്രവർത്തനങ്ങൾ ഇവിടെ ആസൂത്രണം ചെയ്യണം.
3. അഗ്രോ ക്ലിനിക് സെന്റർ ഓഫീസ് (കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് എന്ന്, എത്ര മണി മുതൽ എത്ര മണിവരെ ഉണ്ടാവും എന്നു രേഖപ്പെടുത്തണം), തുടർവിദ്യാകേന്ദ്രത്തിന്റെ ഓഫീസ്, എസ്.ടി./എസ്.സി. പ്രമോട്ടേഴ്സിന്റെ ഓഫീസ്, വാർഡ് വികസനസമിതിയുടെ/ഗ്രാമസഭാസംഘാടകസമിതിയുടെ ഓഫീസ്, കുടുംബശ്രീ എ.ഡി.എസിന്റെ ഓഫീസ്, വാർഡ് ജാഗ്രതാസമിതി ഓഫീസ് തുടങ്ങിയവയെല്ലാം പ്രവർത്തിക്കുന്ന ഒരു കേന്ദ്രമായി ഇതിനെ മാറ്റേണ്ടതാണ്.
4. ജനത്തിന് ഈ ഓഫീസ് അനിവാര്യമാണ് എന്നു ബോധ്യമാകുന്നതരത്തിൽ വളർത്തിയെടുക്കാൻ കഴിഞ്ഞാൽ ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ തുക ആ പ്രദേശത്തുനിന്നു തന്നെ കണ്ടെത്താനും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും സാധിക്കും.

5. ഗ്രാമസഭാ ഓഫീസിന്റെയും ഇതിൽ പ്രവർത്തിക്കുന്ന മറ്റ് ഓഫീസുകളുടെയും പേരുവിവരം കാണിക്കുന്ന ബോർഡുകൾ ഉണ്ടാകണം.
6. പഞ്ചായത്തിലും മറ്റു സ്ഥാപനങ്ങളിലും നൽകേണ്ട അപേക്ഷയുടെ മാതൃകകളോ കോപ്പികളോ ഇതുവഴി ലഭ്യമാക്കണം.
7. വാർഡിന്റെ എല്ലാവിധ വിവരങ്ങളും ശേഖരിച്ചുസൂക്ഷിക്കൽ, വാർഡിലെ ചെറുതും വലുതുമായ സംഘടനകളെ രജിസ്റ്റർ ചെയ്യിച്ച് സൂക്ഷിക്കൽ തുടങ്ങിയവയും ഇതുവഴി സാധ്യമാകും.
8. വാർഡിന്റെ വിവിധ മാപ്പുകൾ തയ്യാറാക്കി സൂക്ഷിക്കൽ.
9. ക്രമേണ വാർഡിലെ ഒരു ഇൻഫർമേഷൻ സെന്ററായി കൂടി ഇതു വളരണം.

**ചെറു പ്രോജക്ടുകൾ**

ഗ്രാമസഭ ക്രിയാത്മകമാക്കണമെങ്കിൽ നേരത്തേ സൂചിപ്പിച്ചതുപോലെ ഓരോരുത്തർക്കും ഉത്തരവാദിത്വങ്ങൾ ഉണ്ടാകണം. നടത്തുന്ന, ആലോചിക്കുന്ന പരിപാടികൾ അവരവരുടേതാണെന്ന തോന്നലുണ്ടാകണം. അതിനു സാധ്യമാകണമെങ്കിലോ അധികാരം മാത്രം താഴേക്കുവന്നാൽ പോരാ; ആസൂത്രണവും പരമാവധി താഴെത്തലത്തിലേക്കു വരണം.അപ്പോഴാണ് വിവിധവിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ പങ്ക് കൃത്യമായി വഹിക്കാൻ കഴിയുന്നത്. അതിനായി ഏറ്റവും നല്ല മാർഗ്ഗമായി സ്വീകരിക്കാവുന്നത് ചെറുപ്രോജക്ടുകൾക്കു രൂപം നൽകലാണ്.

ചെറു പ്രോജക്ടുകൾക്ക് പ്രാദേശികതലത്തിൽ ചെറുകൂട്ടായ്മകളിലൂടെ രൂപംനൽകാൻ കഴിയണമെങ്കിൽ പഞ്ചായത്തുതല വർക്കിങ്ഗ്രൂപ്പ് പഞ്ചായത്തിന്റെ ആസൂത്രണസമിതി എന്ന തലത്തിലേക്ക് ഉയരണം. ഓരോ വാർഡിലെയും വികസനസമിതി അംഗങ്ങളെ/ഗ്രാമസഭാ സംഘാടകസമിതിയെ പ്രോജക്ടുകൾ തയ്യാറാക്കാൻ പരിശീലിപ്പിക്കണം. ഏതൊക്കെ വിഷയങ്ങളിലാണ് പ്രാദേശികമായി പ്രോജക്ടുകൾ തയ്യാറാക്കേണ്ടത് എന്ന് വർക്കിങ് ഗ്രൂപ്പ് തീരുമാനിക്കണം– അതുകൂടിവച്ചാണ് താഴെത്തലത്തിൽ പരിശീലിപ്പിക്കേണ്ടത്. കമ്മ്യൂണിറ്റി കുടിവെള്ള പദ്ധതി, കുളങ്ങൾ സംരക്ഷിക്കൽ, തോടു വൃത്തിയാക്കൽ, തടയണനിർമാണം, മഴക്കുഴി ഉണ്ടാക്കൽ, മണ്ണുസംരക്ഷണ പരിപാടികൾ, കൃഷി, സമ്പൂർണ്ണശുചിത്വം, അനൗപചാരികവിദ്യാഭ്യാസ പരിപാടി, പരിശീലനങ്ങൾ, ചെറുകിടവ്യവസായം, വിപണനം, ചെറുകലു

*ഓരോ ഗ്രാമസഭ കഴിയുമ്പോഴും അടുത്ത ഗ്രാമസഭയ്ക്കായി രൂപവത്കരിക്കുന്ന സംഘാടക സമിതിയിൽ നിന്നും ചുമതല ഏൽപ്പിക്കുന്നവർ പൊതുവേദിക്കുടെ ഏകോപനം നിർവ്വഹിക്കണം.*






*പരമാവധി വിഭവസമാഹരണം സാധ്യമാകുന്ന തരത്തിലാവണം ചെറുപ്രോജക്റ്റുകൾ തയ്യാറാക്കാൻ*

ങ്കുനിർമാണം തുടങ്ങി ഒരു കൊച്ചുപ്രദേശത്തിന് ആവശ്യമായ കാര്യങ്ങൾ/പ്രശ്നപരിഹാരങ്ങൾ കൂട്ടായി ആലോചിച്ച് ചെറുപ്രോജക്ടുകൾ ഉണ്ടാക്കാവുന്നതാണ്. സമാനസ്വഭാവമുള്ളവ ചേർത്ത് വാർഡിന്റെ പ്രോജക്ടായും അവയുടെ സാങ്കേതികത്വവും പണത്തിന്റെ ലഭ്യതയും കണക്കിലെടുത്ത് പഞ്ചായത്തുതല പ്രോജക്ടുകളാക്കിയും മാറ്റാവുന്നതാണ്.

ഓരോ വർഷവും ഘട്ടംഘട്ടമായി ചെയ്യേണ്ടവ തീരുമാനിച്ച് ദീർഘകാല പ്രോജക്ട് ആക്കി മാറ്റാനും കഴിയും. നാട്ടിലെ ഏതൊരു പ്രശ്നത്തിന്റെയും കാരണം, പരിഹാരമാർഗ്ഗം എന്നിവ ചർച്ചചെയ്ത് എങ്ങനെ പരിഹരിക്കാമെന്ന് ആലോചിക്കുകയും, അതിന്റെ അവസാന ധനസ്രോതസ്സായി പഞ്ചായത്ത് വിഹിതത്തെ കണ്ടുകൊണ്ടും മാത്രമേ പ്രോജക്ട് തയ്യാറാക്കാവൂ. എങ്കിലേ നാട്ടിലെ വിഭവങ്ങൾ പരമാവധി വിനിയോഗിക്കാൻ കഴിയൂ. അതിനുതകുന്ന തരത്തിലുള്ള പരിശീലനങ്ങൾ താഴെത്തലങ്ങളിൽ നൽകാൻ വർക്കിങ്ങ് ഗ്രൂപ്പിനു കഴിയണം.

സന്നദ്ധപ്രവർത്തനം, സംഭാവന, ഗുണഭോക്തൃവിഹിതം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്നതിനും അതിനു സഹായകമായ രീതിയിൽ പഞ്ചായത്തുവിഹിതം വിനിയോഗിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം. പഞ്ചായത്തിനു മൊത്തത്തിൽ വികസനരേഖവഴിയുണ്ടാക്കുന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഓരോ വാർഡിനും അവിടത്തെ പ്രത്യേകത അനുസരിച്ച് മുൻതൂക്കം നൽകേണ്ട മേഖല തീരുമാനിക്കുകയും, ഈ വർഷം അതിനായി ഓരോ വാർഡിലും എത്രരൂപവച്ച് നീക്കിവയ്ക്കുന്നു എന്നു തീരുമാനിക്കുകയും അതിനായി

അവയും സന്നദ്ധപ്രവർത്തനവും സംഭാവനയും ചേർന്ന് ആ വാർഡിൽനിന്നും ചെറുപ്രോജക്ടുകൾ ശേഖരിക്കുകയും ചെയ്യാവുന്നതുമാണ്. ആ അവസരത്തിൽ മേഖലാവിഭജനം, വനിത, എസ്.സി/എസ്.ടി, ശിശുക്ഷേമം എന്നീ കണക്കുകളിൽ മാറ്റംവരാതെ ശ്രദ്ധിക്കേണ്ട ഉത്തരവാദിത്വം വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ആയതിനാൽ അതനുസരിച്ച് മേഖലാവിഭജനം നടത്തി വേണം ഇവയ്ക്കായി താഴെ തലത്തിൽ പരിശീലനം നൽകാൻ. ഉദാഹരണമായി കുറച്ചു വാർഡുകൾ നെൽക്കൃഷിക്കു യോജിച്ചതാണ്, കുറച്ച് വാർഡുകൾ സമഗ്ര കാർഷിക വിളവർദ്ധനയ്ക്ക് യോജിച്ചതാണ്, വേറൊരു വാർഡ് കുടിവെള്ളപ്രശ്നം പരിഹരിക്കാൻ, കുറച്ചുവാർഡുകളിൽ മരാമത്ത് പണികൾ- ഇത്തരത്തിൽ വരുന്ന അഞ്ചുവർഷം കൊണ്ട് പഞ്ചായത്തിനെ മൊത്തത്തിൽ ഉൾക്കൊള്ളുന്ന തരത്തിലുള്ള സമീപനമായിരിക്കണം ഉണ്ടാകേണ്ടത്. പരിപാടികളിലെ ആവർത്തനം ഒഴിവാക്കാനും അതുവഴി അനാവശ്യചെലവുകൾ ഇല്ലാതാക്കാനും ഓരോ വാർഡിന്റെയും പ്രത്യേക പ്രശ്നങ്ങൾക്കു കൂടുതൽ ശ്രദ്ധകൊടുക്കുന്നതുവഴി കഴിയും.

ഇത്തരത്തിൽ തയ്യാറാക്കുന്ന പ്രോജക്ട് വർക്കിങ്ഗ്രൂപ്പ് പരിശോധിച്ച് ആവശ്യമായ ഭേദഗതിയോടെ പ്ലാനിൽ ഉൾപ്പെടുത്താവുന്നതാണ്. ഈ പ്രോജക്ടുകളുടെ നിർവഹണം താഴെത്തലത്തിൽതന്നെ നിർവഹിക്കണം വേണ്ട രീതിയിൽ വിലയിരുത്തപ്പെടൽ നടത്താനും ഇതു സഹായകമാണ്. ഏകദേശം ജനുവരിയിൽത്തന്നെ വികസന സ്റ്റാന്റിംഗ്കമ്മിറ്റിയുടെ കീഴിൽ ഈ പ്രക്രിയ നടത്തിയാലേ ഉദ്ദേശിച്ച രീതിയിൽ പ്രവർത്തനങ്ങൾ നടത്താനാകൂ. ഇങ്ങനെ ആസൂത്രണം ചെയ്താൽ മാർച്ചിൽ പദ്ധതിക്ക് രൂപം നൽകാനും ഏപ്രിലിൽ ശരിയായ ഫണ്ട് അലോക്കേഷൻ നടത്തി ഗ്രാമസഭകളിൽ കരടുരേഖ അവതരിപ്പിക്കാനും കഴിയും. അപ്പോൾ വോട്ടർമാർക്ക് ഗ്രാമസഭയിൽ പങ്കെടുക്കാനും ക്രിയാത്മകമായി ചർച്ചയിൽ ഇടപെടാനും സഹായകമാകും.

**നയരൂപവത്കരണത്തിന് ഗ്രാമസഭകൾ**

തദ്ദേശസ്വയംഭരണ സർക്കാരുകൾ ജനങ്ങളുമായി ഏറ്റവും അടുത്തു പ്രവർത്തിക്കുന്ന ഒരു സംവിധാനം എന്നനിലയിൽ ഇടപെടുന്ന മേഖലകളിൽ വളരെ വ്യക്തമായ നയം രൂപവത്കരിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ഇത്തരം നയം രൂപവത്കരിക്കുമ്പോൾ അതിന് പൊതുജനത്തിന്റെകൂടി പങ്കാളിത്തം ഉണ്ടായി

*പൊതുവേദികളിൽ രൂപപ്പെട്ടുവരുന്ന ചർച്ചയുടെ സംക്ഷിപ്തവും നിർദ്ദേശങ്ങളും ഗ്രാമസഭാ ഓഫീസിന്റെ നോട്ടീസ് ബോർഡ്, വാർത്താബോർഡ് എന്നിവയിൽ പ്രദർശിപ്പിക്കുകയും അയൽക്കൂട്ടങ്ങളിൽ ചർച്ചചെയ്യുകയും വേണം.*



*പൊതുവേദികൾ വഴി ഭരണത്തെയും ഗ്രാമസഭയെയും അയൽക്കൂട്ട പ്രവർത്തനങ്ങളെയും കൂടുതൽ കരുത്തുറ്റതാക്കാൻ കഴിയും.*



ല്ലെങ്കിൽ കാര്യമായ പ്രസക്തി ഉണ്ടാകാതെപോകും. പലപ്പോഴും സുസ്ഥിരമായ ഒരു വികസനപരിപാടി ആലോചിക്കുമ്പോൾ, ഉദാഹരണമായി കുടിവെള്ളപ്രശ്നത്തിന് ശാശ്വതപരിഹാരം കാണേണ്ടിവരുമ്പോൾ, ആളുകളുടെ ജീവിതശൈലിയിൽ മാറ്റംവരുത്തേണ്ടത് അനിവാര്യമാണ്. വെള്ളത്തിന്റെ ദുർവ്യയം കുറയ്ക്കൽ, ജലസംഭരണപരിപാടികൾ, ഭൂഗർഭജലനിരപ്പ് ഉയർത്താൻ വേണ്ട നടപടികൾ, നിർമ്മാണപ്രവർത്തനങ്ങൾ, പരിസരമലിനീകരണ നിവാരണം തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ഇതുമായി പരസ്പരം ബന്ധപ്പെട്ടു നിലനിൽക്കുന്നു. ഇത്തരത്തിൽ പൊതുജനങ്ങളിൽ ഉണ്ടാകേണ്ട മാറ്റം അവരെ തിരിച്ചറിയാൻ സഹായിക്കും വിധമുള്ള പരിപാടിയുടെ അടിസ്ഥാനത്തിൽ വേണം പഞ്ചായത്തിന്റെ ജലനയത്തിനു രൂപം നൽകാൻ. അതിനായി അയൽക്കൂട്ടങ്ങളിലും NHG, SHGകളിലും CBOകളിലും നടത്തുന്ന പ്രാഥമികചർച്ചയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ കരടുരേഖ ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമരൂപം നൽകണം. ഇതേ രീതിയിൽ വനിതാനയത്തിനും ആരോഗ്യനയത്തിനും കാർഷികനയത്തിനും ദാരിദ്ര്യനിർമ്മാർജ്ജനനയത്തിനും ഒക്കെ ഓരോ പഞ്ചായത്തിനും അവിടത്തെ സാഹചര്യങ്ങൾക്ക് അനുസരിച്ചു രൂപം നൽകാവുന്നതാണ്.

**പൊതുവേദികൾ/പ്ലാറ്റ്ഫോമുകൾ**

വാർഡ്, പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലങ്ങളിൽ പൊതുവേദികൾക്കു രൂപം നൽകാവുന്നതാണ്. വാർഡുതലത്തിൽ കൂടേണ്ട പൊതുവേദികളെ സംബന്ധിച്ചാണ് ഇവിടെ ചർച്ചചെയ്യുന്നത്. വിവിധമേഖലയിൽ വൈദഗ്ധ്യമുള്ളവർ, ഉദ്യോഗസ്ഥർ, റിട്ടയേഡായവർ, വികേന്ദ്രീകൃതാസൂത്രണത്തിലും പൊതുപ്രവർത്തനത്തിലും താൽപ്പര്യമുള്ളവർ, വിവിധ തലത്തിലെ ജനപ്രതിനിധികൾ, വാർഡ് വികസനസമിതി അംഗങ്ങൾ, എ.ഡി.എസ്. ഭാരവാഹികൾ, ഗ്രാമസഭാ സംഘാടകസമിതി അംഗങ്ങൾ, വിവിധ സംഘടനകളുടെയും രാഷ്ട്രീയ ട്രേഡ് യൂണിയനുകളുടെയും പ്രവർത്തകർ തുടങ്ങി വാർഡിലെ താൽപ്പര്യമുള്ള ഏവർക്കും പങ്കെടുക്കാവുന്നതാണ്. ഇത് മാസത്തിൽ ഒന്നോ രണ്ടോ മൂന്നോ തവണ (ആവശ്യാനുസരണം) ചേരാവുന്നതാണ്.

നാട്ടിലെ പ്രശ്നങ്ങൾ, വിവിധ ഭരണതലങ്ങളിലെ പ്രശ്നങ്ങൾ, ഗ്രാമസഭയിൽ അവതരിപ്പിക്കാനുള്ളവ, ഗ്രാമസഭയിൽ അവതരിപ്പിക്കപ്പെട്ട പ്രശ്നങ്ങൾ, സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, പുത്തൻ ആശയങ്ങൾ എന്നിവ ചർച്ച

ചെയ്യപ്പെടാനും ഗ്രാമസഭ, വിവിധ ഭരണതലങ്ങൾ, സ്ഥാപനങ്ങൾ, സംഘടനകൾ, രാഷ്ട്രീയപാർട്ടികൾ എന്നിവിടങ്ങളിൽ ഈ പ്രശ്നങ്ങൾ അവതരിപ്പിച്ച് അവരുടെ നിർദ്ദേശങ്ങൾ ചർച്ചയ്ക്കും തുടർനടപടികൾക്കുമായി എത്തിക്കാനും വാർഡുതലത്തിലെ പൊതുവേദികൾ വഴി സാധിക്കും. ആഴ്ചയിൽ ഒരിക്കൽ ഒരു സ്ഥിരംസ്ഥലത്ത് സ്ഥിരംസമയത്ത് കൂടുന്ന ഒരു സംവിധാനമാക്കി ഇതിനെ മാറ്റാവുന്നതാണ്.

*എന്താണ് ഇതിന്റെ പ്രാധാന്യം?* പുതുതായി വരുന്ന നിയമങ്ങൾ വിശകലനം നടത്താൻ, തീരുമാനങ്ങളിലെ അപാകത ചൂണ്ടിക്കാണിക്കാൻ, അപ്പപ്പോൾ ഉയർന്നുവരുന്ന പ്രശ്നങ്ങൾ എത്തിക്കേണ്ട സ്ഥലങ്ങളിൽ എത്തിക്കാൻ, വേണ്ടിടത്ത് ആവശ്യമായ പിന്തുണ നൽകാൻ, എല്ലാ മേഖലയിലുമുള്ളവരെ കൂട്ടിയിണക്കാൻ, നാട്ടിലെ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ, പരിഹാരമാർഗ്ഗം കണ്ടെത്താൻ, ആശയങ്ങൾ പങ്കുവയ്ക്കാൻ തുടങ്ങിയവയ്ക്ക് ഒരു തലം കിട്ടുന്നു എന്നതു വളരെ പ്രധാനമാണ്.

*ആരാണ് ഇത് ഏകോപിപ്പിക്കേണ്ടത്?* ഓരോ ഗ്രാമസഭ കഴിയുമ്പോഴും അടുത്ത ഗ്രാമസഭയ്ക്കായി രൂപവത്കരിക്കുന്ന സംഘാടകസമിതിയിൽ നിന്നും ചുമതല ഏൽപ്പിക്കുന്നവർ നിർവ്വഹിക്കണം.

*അജണ്ട എന്തായിരിക്കണം, അധ്യക്ഷൻ ആരായിരിക്കണം?* യോഗം തുടങ്ങിയശേഷം എല്ലാവരുടെയും നിർദ്ദേശപ്രകാരം അജണ്ടയ്ക്ക് രൂപംനൽകാവുന്നതാണ്. ഓരോ പ്രാവശ്യം കൂടുമ്പോഴും ഓരോരുത്തരെ അധ്യക്ഷനായി തെരഞ്ഞെടുക്കാവുന്നതാണ്.

ഇവിടെ രൂപപ്പെട്ടുവരുന്ന ചർച്ചയുടെ സംക്ഷിപ്തവും നിർദ്ദേശങ്ങളും ഗ്രാമസഭാ ഓഫീസിന്റെ നോട്ടീസ് ബോർഡ്, വാർത്താ ബോർഡ് എന്നിവയിൽ പ്രദർശിപ്പിക്കുകയും അയൽക്കൂട്ടങ്ങളിൽ ചർച്ചചെയ്യുകയും വേണം. കൂടാതെ പങ്കെടുക്കുന്നവർ അവരവരുടെ തലങ്ങളിൽ ഇതു കൂടുതൽ ചർച്ചയ്ക്കു വിധേയമാക്കാക്കേണ്ടതും പ്രയോഗത്തിൽ കൊണ്ടുവരേണ്ടതുമാണ്. ഇതുവഴി ഭരണത്തെയും ഗ്രാമസഭയെയും അയൽക്കൂട്ടപ്രവർത്തനങ്ങളെയും കൂടുതൽ കരുത്തുറ്റതാക്കാൻ കഴിയും.

*ഗ്രാമസഭയിൽ പങ്കെടുക്കാതിരിക്കുന്നത് കേമത്തമല്ല, അറിവില്ലായ്മയാണ്.*



**ചെറുപ്രോജക്ടുകൾ രൂപപ്പെടുന്ന വിവിധ ഘട്ടങ്ങൾ**



5

# പൊതു അയൽക്കൂട്ടങ്ങളും ഗ്രാമസഭയും

**ഗ്രാമ**സഭകളുടെ ശാക്തീകരണത്തിലൂടെ പൊതുഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിൽ വലിയ പങ്കാണ് അയൽക്കൂട്ടങ്ങൾക്കുള്ളത്. ജനകീയാസൂത്രണത്തിന്റെ കാലത്ത് നിരവധി പഞ്ചായത്തുകൾ അതിന്റെ കരുത്തു തെളിയിക്കപ്പെട്ടതാണ്. എന്നാൽ അതു നിലനിർത്തുന്നതിനാവശ്യമായ തുടർപ്രവർത്തനങ്ങൾ ഉണ്ടായില്ല എന്നതു ഖേദകരമാണ്. അതിനു ചില പ്രധാന കാരണങ്ങൾ കാണാവുന്നതാണ്:

- ഗ്രാമസഭയ്ക്കു താഴെയുള്ള ഒരു പ്രധാന തലമായി ഭരണസമിതികൾ ഇവയെ കണ്ടില്ല.
- ഗ്രാമസഭാ സംഘാടനത്തിനു മാത്രമായി ഇവയെ ചുരുക്കി.
- അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ എന്താവണമെന്നു വ്യക്തമായി വിവക്ഷിച്ചില്ല.
- പൊതുഭരണത്തിൽ ഇവർക്കുള്ള പങ്കു വ്യക്തമല്ലായിരുന്നു.
- പദ്ധതി ആസൂത്രണം, നിർവ്വഹണം, വിഷയഗ്രൂപ്പിലെ പ്രവർത്തനം എന്നിവയുമായി സ്വാഭാവികമായ ബന്ധം സ്ഥാപിക്കാൻ/ ബന്ധിപ്പിക്കാൻ കഴിഞ്ഞില്ല.
- ഇവയുടെ സ്വതന്ത്രമായ പ്രവർത്തനത്തിന് അവസരമുണ്ടായില്ല.
- ഇവയെ ഒരു ഭരണതലമായി അംഗീകരിച്ച് നിലനിർത്താനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഉണ്ടായില്ല.
- അധികാരം വികേന്ദ്രീകരിക്കുന്നതിലുള്ള വിമുഖത.
- ഉത്തരവാദിത്വങ്ങൾ വിഭജിച്ച് നൽകുന്നതിലുള്ള അജ്ഞത.
- ഏതെങ്കിലും ഒന്നുരണ്ടു വ്യക്തികളുടെ മാത്രം ശ്രമമായി മാറുന്നു/രൂപംകൊണ്ട് പ്രവർത്തിച്ചവയായിപ്പോയി.
- പഞ്ചായത്തിരാജിൽ ഇത് സ്ഥായിയായ സംവിധാനമായി കാണാൻ കഴിയാത്തതിനാൽ മാറിമാറിവരുന്ന ഭരണസമിതികൾ അവരുടെ ഇഷ്ടാനുസരണം ഉപയോഗിക്കാനും, ഉപേക്ഷിക്കാനും തയ്യാറായത് ഇതിന്റെ നിലനില്പിനെ ബാധിച്ചു.

ഇങ്ങനെ നിരവധി കാരണങ്ങൾ കാണാവുന്നതാണ്.

*ജനകീയാസൂത്രണത്തിന്റെ കാലയളവിൽ നിരവധി പഞ്ചായത്തുകൾ അയൽക്കൂട്ടങ്ങളുടെ കരുത്തു തെളിയിച്ചതാണ്. എന്നാൽ അതു നിലനിർത്തുന്നതിനാവശ്യമായ തുടർപ്രവർത്തനങ്ങൾ ഉണ്ടായില്ല എന്നതു ഖേദകരമാണ്.*





*ഭൂപ്രകൃതി അനുസരിച്ച് തൊട്ടടുത്തടുത്തുള്ള ശരാശരി 50 വീടുകളുടെ കൂട്ടത്തെ പൊതു അയൽക്കൂട്ടങ്ങൾ എന്നു വിളിക്കാം. ഇതിൽ എല്ലാവീട്ടിൽ നിന്നുള്ളവരും അംഗങ്ങളായിരിക്കും. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ അയൽക്കൂട്ടങ്ങൾ രൂപവത്കരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുണ്ട്.*

എന്താണ് പൊതു അയൽക്കൂട്ടം? ഭൂപ്രകൃതി അനുസരിച്ച് തൊട്ടടുത്തടുത്തുള്ള ശരാശരി 50 വീടുകളുടെ കൂട്ടത്തെ പൊതു അയൽക്കൂട്ടങ്ങൾ എന്നു വിളിക്കാം. ഇതിൽ എല്ലാവീട്ടിൽ നിന്നുള്ളവരും അംഗങ്ങളായിരിക്കും. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ അയൽക്കൂട്ടങ്ങൾ രൂപവത്കരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുണ്ട്:

- നിലവിലുള്ള സ്വയംസഹായ സംഘങ്ങൾ (കുടുംബശ്രീ യൂണിറ്റ്), പുരുഷസംഘങ്ങൾ എന്നിവ മുറിയാത്ത തരത്തിലാകണം; അയൽക്കൂട്ടരൂപവത്കരണം. ഇവർ അംഗങ്ങളായുള്ള കുടുംബങ്ങളോടൊപ്പം മറ്റുള്ളവരെ കൂട്ടിച്ചേർത്ത് അയൽക്കൂട്ടം രൂപവത്കരിക്കുന്നതാവും നല്ലത്.
- വീടിന്റെ നമ്പർ വച്ചല്ല തിരിക്കേണ്ടത്, പകരം മുകളിൽ സൂചിപ്പിച്ചതനുസരിച്ച് അടുത്തടുത്തുള്ള വീടുകൾ കൂട്ടിയോജിപ്പിച്ചു വേണം ഇതിനു രൂപം നൽകാൻ. അതിൽ വരുന്ന വീടുകളുടെ നമ്പർ രേഖപ്പെടുത്തി അയൽക്കൂട്ട രജിസ്റ്റർ ഉണ്ടാക്കാം.
- വാർഡിലെ എല്ലാ വീട്ടുകാരും ഇതിൽ ഉൾപ്പെടാൻ പ്രത്യേകം ശ്രദ്ധിക്കണം.
- അയൽക്കൂട്ട സംഘാടനത്തിന് വാർഡ്തലത്തിൽ ഒരു സംഘാടകസമിതിക്കു രൂപം നൽകാവുന്നതാണ്.

ഇവ വിളിച്ചുകൂട്ടി ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, കൺവീനർ, ജോയിന്റ് കൺവീനർ, ട്രഷറർ എന്നിങ്ങനെ ചുമതല നൽകുന്നതോടൊപ്പം പഞ്ചായത്തുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ വിഷയങ്ങളുടെ ചുമതലക്കാരെയും (വർക്കിങ്ങ് ഗ്രൂപ്പിന്റെ എണ്ണത്തിനനുസരിച്ച്, അതേപേരിൽ) തെരഞ്ഞെടുക്കാവുന്നതാണ്. അയൽക്കൂട്ടത്തിന്റെ കൺവീനർ, ചെയർപേഴ്സൺ എന്നിവരിൽ ഒരാൾ വനിതയായിരിക്കണം. ജോയിന്റ് കൺവീനർ, വൈസ് ചെയർപേഴ്സൺ ഇവരിലും ഒരാൾ വനിത ആയിരിക്കണം. വനിതാവിഷയത്തിൽ സ്വയംസഹായ സംഘ കൺവീനറെ/സെക്രട്ടറിയെത്തന്നെ ചുമതല ഏൽപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ എല്ലാ ചുമതലക്കാരെയും ചേർത്ത് അയൽക്കൂട്ട എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് രൂപം നൽകാവുന്നതാണ്. ഓരോ വിഷയ ഗ്രൂപ്പ് ചുമതലക്കാരനും അതത് വിഷയഗ്രൂപ്പിൽ അയൽക്കൂട്ടത്തിൽ താൽപ്പര്യമുള്ളവരെ ചേർത്ത് സബ്കമ്മിറ്റികൾ ഉണ്ടാക്കാവുന്നതാണ്. ഒരു അയൽക്കൂട്ടത്തിന്റെ ഉള്ളിൽവരുന്ന കുടുംബശ്രീ യൂണിറ്റ് (സ്വയം സഹായ സംഘം), പുരുഷസംഘം, ബാലസഭ എന്നിവ ഈ അയൽക്കൂട്ടത്തിന്റെ സബ്കമ്മിറ്റികളായി കാണാവുന്നതാണ്. അതിനാൽ ഇവയുടെ പ്രധാന ചുമതലക്കാരെക്കൂടി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതു നന്നായിരിക്കും.

**വാർഡ് വികസനസമിതി**

ഓരോ അയൽക്കൂട്ടത്തിലെയും എക്സി ക്യൂട്ടീവ് അംഗങ്ങളെല്ലാം കൂടിച്ചേരുമ്പോൾ വാർഡ് വികസനസമിതിയുടെ ജനറൽബോഡി യാകും. ഇതിലേക്ക് ആ വാർഡിലെ എല്ലാ രാഷ്ട്രീയപാർട്ടികളിൽനിന്നും സന്നദ്ധസംഘ ടനകളിൽനിന്നും രേഖാമൂലം നൽകുന്ന ഓരോ പ്രതിനിധികളെയും അംഗങ്ങളായി ഉൾപ്പെടു ത്തേണ്ടതാണ്. ഇവർ വാർഡ് എക്സിക്യൂട്ടീ വിലും അംഗങ്ങളായിരിക്കും. വാർഡ് എക്സി ക്യൂട്ടീവിലേക്ക് ഇവരെക്കൂടാതെ വാർഡിലെ അയൽക്കൂട്ടങ്ങളിലെ ചെയർപേഴ്സൺമാർ, കൺവീനർമാർ, എ.ഡി.എസ്.ചെയർപേഴ്സൺ, കൺവീനർ എന്നിവരും അംഗങ്ങളായിരിക്കും. വാർഡ് മെമ്പറായിരിക്കും വാർഡ് വികസനസ മിതിയുടെ കൺവീനർ. ചെയർമാൻ, വൈസ് ചെയർമാൻ, ജോയിന്റ് കൺവീനർ, വിഷയ ഗ്രൂപ്പ് ചുമതലക്കാർ എന്നിവരെ തെരഞ്ഞെടു ക്കേണ്ടതാണ്. ഈ വിഷയഗ്രൂപ്പ് ചുമതല ക്കാരും അയൽക്കൂട്ടങ്ങളിലെ വിഷയഗ്രൂപ്പ് ചുമ തലക്കാരും ചേരുമ്പോൾ വാർഡിലെ ഓരോ വിഷയഗ്രൂപ്പിന്റെയും കമ്മിറ്റികളാവും.

**പഞ്ചായത്ത് വികസനസമിതി**

ഇത്തരത്തിൽ പഞ്ചായത്തുതലത്തിൽ ഇവരെ കൂട്ടി പഞ്ചായത്ത് ജനറൽബോ ഡിക്കും എക്സിക്യൂട്ടീവ് കമ്മിറ്റിക്കും വിഷയ ഗ്രൂപ്പുകൾക്കും രൂപം നൽകാം. പഞ്ചായത്തിൽ വിഷയഗ്രൂപ്പിനു രൂപംനൽകുമ്പോൾ ഓരോ വിഷയഗ്രൂപ്പിലെയും വർക്കിങ് ഗ്രൂപ്പ് ചെയർമാനും കൺവീനറുമായിരിക്കണം ഈ വിഷയഗ്രൂപ്പിന്റെയും ചെയർമാനും കൺവീ നറും. വാർഡ് വിഷയഗ്രൂപ്പിന്റെ ജോ. കൺവീ നർ, കൺവീനർ, ചെയർമാൻ എന്നിവർ ഇതിൽ അംഗങ്ങളായിരിക്കും. പഞ്ചായത്ത് വികസനസമിതിയുടെ ചെയർമാൻ പഞ്ചാ യത്ത് പ്രസിഡന്റും, കൺവീനർ സെക്രട്ടറിയു മാകുന്നതാണ് നല്ലത്. കൂടാതെ പഞ്ചായത്തു തല വിഷയഗ്രൂപ്പിന്റെ ചെയർമാൻ, കൺവീനർ, പഞ്ചായത്തുതലത്തിലെ വിവിധ രാഷ്ട്രീയ പാർട്ടികളുടെയും സന്നദ്ധസംഘടനകളുടെയും പ്രതിനിധികൾ, വാർഡ് ചെയർപേഴ്സൺ, കൺവീനർ, എല്ലാ അയൽക്കൂട്ടങ്ങളിലെയും കൺവീനർമാരുടെ പ്രതിനിധിയായി മൂന്നുപേർ, സി.ഡി.എസ്. ചെയർപേഴ്സൺ എന്നിവർ എക്സിക്യൂട്ടീവ് കമ്മറ്റിയായി പ്രവർത്തിക്കു ന്നതു നന്നായിരിക്കും.

ഒരു പ്രോജക്ട് നടപ്പിലാക്കുമ്പോഴും രൂപ വത്കരിക്കുമ്പോഴും വർക്കിങ്ഗ്രൂപ്പിന് കൂടുത ലായി ചർച്ച വേണ്ടിവരുമ്പോഴുമൊക്കെ



*ഒരു അയൽക്കൂട്ട ത്തിന്റെ ഉള്ളിൽവരുന്ന കുടുംബശ്രീ യൂണിറ്റ് (സ്വയം സഹായ സംഘം), പുരുഷ സംഘം, ബാലസഭ എന്നിവ ഈ അയൽക്കൂട്ടത്തിന്റെ സബ്കമ്മിറ്റികളായി കാണാവുന്നതാണ്. അതിനാൽ ഇവയുടെ പ്രധാന ചുമതലക്കാരെ ക്കൂടി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതു നന്നായിരിക്കും.*

*ഒരു പ്രോജക്ട് നടപ്പിലാക്കുമ്പോഴും രൂപവത്കരിക്കുമ്പോഴും വർക്കിങ്ഗ്രൂപ്പിന് കൂടുതലായി ചർച്ച വേണ്ടിവരുമ്പോഴുമൊക്കെ അതത് വിഷയഗ്രൂപ്പിന്റെ യോഗം പഞ്ചായത്തുതലം മുതൽ അയൽക്കൂട്ട വിഷയ സബ്കമ്മിറ്റിയിൽ ഉൾപ്പെട്ടവരെ വരെ വിളിച്ചുചേർത്ത് പ്രവർത്തനം കൂടുതൽ കാര്യക്ഷമമവും സുഗമവും ആക്കാവുന്നതാണ്.*



അതാത് വിഷയഗ്രൂപ്പിന്റെ യോഗം പഞ്ചായത്തു തലം മുതൽ അയൽക്കൂട്ട വിഷയസബ്കമ്മിറ്റി യിൽ ഉൾപ്പെട്ടവരെ വരെ വിളിച്ചുചേർത്ത് പ്രവർത്തനം കൂടുതൽ കാര്യക്ഷമമവും സുഗമവും ആക്കാവുന്നതാണ്.

എന്തൊക്കെ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ അയൽക്കൂട്ടങ്ങൾക്ക് വഹിക്കാം എന്നു നോക്കാം.

- ഗ്രാമസഭയുടെ സംഘാടനത്തിനും, ഗുണപരമായും എണ്ണംകൊണ്ടും ഗ്രാമസഭയിൽ പങ്കാളിത്തം വർധിപ്പിക്കുന്നതിനും വേണ്ടി അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കണം.
- * ഗ്രാമസഭയുടെ അജണ്ട (വിഷയവിവരം) നേരത്തെ മനസ്സിലാക്കി അയൽക്കൂട്ടം ചേർന്നു ചർച്ചചെയ്യുകയും, ഗ്രാമസഭയിലെ ഓരോ വിഷയഗ്രൂപ്പിലുമായി പങ്കെടുത്ത് എന്തൊക്കെ കാര്യങ്ങളാണ് ചർച്ചയിൽ ഉന്നയിക്കേണ്ടത് എന്നു വ്യക്തമായി ധാരണ ഉണ്ടാക്കുകയും വേണം.
- * അയൽക്കൂട്ടത്തിൽനിന്നും മുഴുവൻ ആളുകളേയും ഗ്രാമസഭയിൽ പങ്കെടുപ്പിക്കാൻ വേണ്ട പരിപാടി തയ്യാറാക്കണം. ആരൊക്കെ ഏതൊക്കെ ഗ്രൂപ്പിൽ ഇരിക്കുമെന്നു തീരുമാനിക്കണം.
- * പ്രമേയരൂപത്തിൽ അവതരിപ്പിക്കേണ്ട പൊതു പ്രശ്നങ്ങൾ ചർച്ചചെയ്തു തയ്യാറാക്കി ഗ്രാമസഭയിൽ പങ്കെടുക്കണം.
- * അയൽക്കൂട്ടം നടത്തിയ/നടത്താൻപോകുന്ന ശ്രദ്ധേയമായ തനതു പരിപാടികൾ ഗ്രാമസഭയിൽ അവതരിപ്പിക്കണം.
- പ്രാഥമികമായി ഗുണഭോക്തൃലിസ്റ്റിന്റെ കരട് ഉണ്ടാക്കാനുള്ള ഉത്തരവാദിത്വം അയൽക്കൂട്ടങ്ങൾക്കായിരിക്കണം.
- * ഗുണഭോക്താക്കളുടെ മുൻഗണനാലിസ്റ്റ് അയൽക്കൂട്ടങ്ങൾക്കു നേരത്തെ തയ്യാറാക്കിവയ്ക്കാം. ഉദാ: വീടില്ലാത്തവർ, കക്കൂസില്ലാത്തവർ, കൃഷി ആവശ്യക്കാർ തുടങ്ങി.
- * പഞ്ചായത്തു നൽകുന്ന മാനദണ്ഡം അയൽക്കൂട്ടത്തിൽ ചർച്ചചെയ്യാം.
- * അയൽക്കൂട്ടം വഴി അപേക്ഷാഫാറം വിതരണം ചെയ്യാം.
- * അപേക്ഷാഫോറം അയൽക്കൂട്ടയോഗത്തിൽ വച്ചുതന്നെ ബന്ധപ്പെട്ടവർക്കു പരിശോധിക്കാം. അനർഹർ കടന്നുകൂടാതിരിക്കാൻ ഇതു സഹായകമാകും.
- ഓരോ അയൽക്കൂട്ടവും അവരുടെ പരിധിയിൽ വരുന്ന വിഭവങ്ങൾ, ആവശ്യങ്ങൾ, നിർദ്ദേശങ്ങൾ, ഭൂപടം, പൊതുസ്ഥാപനങ്ങൾ, പൊതുവകകൾ, ഭൂമി എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കിവയ്ക്കണം.


1
ചേച്ചീ, അടുത്ത ഗ്രാമസഭയിലെങ്കിലും നമുക്ക് കുറെക്കൂടി ഉഷാറായി ചർച്ചയിൽ പങ്കെടുക്കണം. അതിനിപ്പൊ എന്താ ഒരു വഴി? എന്തെങ്കിലും പറഞ്ഞാൽ മതിയോ?
വെറുതെ വാചകമടിച്ചതുകൊണ്ടൊന്നും കാര്യമില്ല. ഗ്രാമസഭ കൂടുന്നതിനുമുമ്പ് അവിടെ അവതരിപ്പിക്കേണ്ട പ്രശ്നങ്ങളെന്താണെന്ന് നമ്മുടെ യൂണിറ്റ് കൂടി ആലോചിക്കണം.
അങ്ങനെ ആലോചിക്കണമെങ്കിൽ നമ്മുടെ പ്രശ്നങ്ങളെന്താണെന്ന് നാം തിരിച്ചറിയണം.
2
നമ്മൾ കൂടിയിരുന്ന് നമ്മുടെ പ്രശ്നങ്ങളെന്തൊക്കെയെന്നു ചർച്ച ചെയ്യണം.
പ്രശ്നങ്ങൾ എങ്ങിനെ തിരിച്ചറിയും?
അതെ. നമ്മുടെ കുടുംബത്തിനകത്തെ പ്രശ്നങ്ങൾ, ഏൽക്കേണ്ടിവരുന്ന പീഡനങ്ങൾ, ആരോഗ്യപ്രശ്നം, തൊഴിലില്ലായ്മ, പരിസ്ഥിതിപ്രശ്നങ്ങൾ, കാർഷികപ്രശ്നങ്ങൾ തുടങ്ങി നമ്മെ ബാധിക്കുന്ന ഏതു കാര്യവും ചർച്ചയിൽ വരണം.
3
വെറുതെ ചർച്ചചെയ്തിട്ടു കാര്യമെന്ത്?
നമ്മുടെ സംഘം മാത്രം ഇങ്ങനെ ചർച്ച ചെയ്താൽ മതിയോ ചേച്ചീ?
എല്ലാ സംഘവും ചർച്ച ചെയ്യണം മാത്രമല്ല, എ.ഡി.എസിൽ ചർച്ച ചെയ്ത് അവരുടേതായ ചില പരിപാടികളും ഉണ്ടാക്കണം.
പരിഹാരത്തിനുവേണ്ടി നമുക്കെന്തു ചെയ്യാൻ കഴിയും. എ.ഡി.എസ്. എന്തു ചെയ്യണം. സി.ഡി.എസ്. എന്തു ചെയ്യണം. ബാങ്കുകളും മറ്റു സംഘടനകളും ഗ്രാമസഭയും എന്തു ചെയ്യണം എന്നൊക്കെ ചർച്ച ചെയ്ത് ഗ്രാമസഭയിൽ അവതരിപ്പിക്കാൻ തയ്യാറാറെടുക്കണം.
4
വനിതകളുടെ പ്രശ്നങ്ങൾ മാത്രം സംഘം ചർച്ചചെയ്താൽ മതിയോ?
പോരാ... എല്ലാ പ്രശ്നങ്ങളും ചർച്ചയിൽ വരണം. കാരണം അവയെല്ലാം നമ്മെയും ബാധിക്കുന്നതുതന്നെയാണ്.
പ്രശ്നങ്ങൾ കണ്ടെത്തിയാൽ മാത്രം പോരാ, അവ പരിഹരിക്കുന്നതിൽ നമ്മുടെ പങ്കും പ്രവർത്തനങ്ങളിലെ പങ്കാളിത്തവും ചർച്ച ചെയ്യണം. ഏതെങ്കിലും പരിഹാരങ്ങൾ സ്ത്രീയെ ദോഷകരമായി ബാധിക്കുമെങ്കിൽ അതൊഴിവാക്കാൻ എന്തുചെയ്യണമെന്നും ആലോചിക്കണം.
കിട്ടുന്ന ആനുകൂല്യങ്ങളെക്കുറിച്ചു മാത്രമല്ല നാമനുഭവിക്കുന്ന എല്ലാ പ്രശ്ങ്ങളും ചർച്ചയ്ക്കു വരണമെന്നർഥം. പണം കൊണ്ടു മാത്രം എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാനാവില്ലല്ലോ. പണമോ മറ്റെന്തെങ്കിലും ആനുകൂല്യമോ കിട്ടുമെന്നു പറഞ്ഞാൽ മാത്രം സംഘത്തിൽ വരുന്ന പരിപാടി ഇനി നമുക്കു വേണ്ട.

*അയൽക്കൂട്ടങ്ങൾക്ക് അവരുടെ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാന ത്തിൽ ചെറുപ്രോജക്റ്റു കൾ പഞ്ചായത്ത് നിർദ്ദേശത്തിനു വിധേയമായി തയ്യാറാക്കി നൽകാവുന്നതാണ്.*



- ഓരോ അയൽക്കൂട്ടവും അവരുടെ പ്രദേശത്തിന്റെ വികസനത്തിനാവശ്യമായ മാസ്റ്റർപ്ലാൻ തയ്യാറാക്കണം. അതിൽ അയൽക്കൂട്ടത്തിന് എന്തു ചെയ്യാം, അയൽക്കൂട്ടങ്ങൾ ചേർന്ന് എന്തു ചെയ്യണം, വാർഡ് വികസനസമിതി എന്തു ചെയ്യണം, പഞ്ചായത്തിൽനിന്നും എന്തു സഹായമാണ് വേണ്ടത് എന്നിവ ഉൾപ്പെടുത്തണം.
- അയൽക്കൂട്ടത്തിനകത്തു വരുന്ന പ്രശ്നങ്ങളും തർക്കങ്ങളും പരാതികളും അയൽക്കൂട്ടത്തിൽ വേണം ആദ്യം പരിഗണിക്കാൻ. അവിടെ പരിഹരിക്കാൻ കഴിയാത്തതുമാത്രമേ വാർഡു വികസനസമിതി, വാർഡു ജാഗ്രതാസമിതി, പഞ്ചായത്തു വികസന സമിതി, പഞ്ചായത്തു ജാഗ്രതാസമിതി, ഭരണസമിതി എന്നിവിടങ്ങളിൽ പരിഗണിക്കാവൂ എന്നു തീരുമാനിക്കണം.
- അയൽക്കൂട്ടത്തിന്റെ സബ്കമ്മിറ്റികളായ കുടുംബശ്രീ യൂണിറ്റ്, പുരുഷസംഘങ്ങൾ, ബാലസഭ എന്നിവയുടെ പ്രവർത്തനങ്ങളെ സഹായിക്കുക. അവരുടെ പ്രവർത്തനങ്ങൾ അയൽക്കൂട്ടയോഗത്തിൽ അവതരിപ്പിക്കുകയും ചർച്ചചെയ്ത് വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾ ആലോചിക്കുകയും വേണം.
- ഓരോ അയൽക്കൂട്ടത്തിലും വേണ്ട രജിസ്റ്ററുകൾ സൂക്ഷിക്കണം.
- വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം. അയൽക്കൂട്ടങ്ങൾ ചേർന്നു വേണമെങ്കിലും ആകാം.
- പ്രധാനപ്പെട്ട ദിനങ്ങൾ ആചരിക്കുക.
- വൃദ്ധർ, വിവിധ മേഖലയിൽ കഴിവു തെളിയിച്ചവർ എന്നിവരെ ആദരിക്കുക.
- കലാസ്വാദനം, കലാകായിക മത്സരങ്ങൾ (മുതിർന്നവർക്കും കുട്ടികൾക്കും) എന്നിവ സംഘടിപ്പിക്കൽ. കേരളോത്സവം പോലുള്ള പരിപാടികൾ അയൽക്കൂട്ടതലം മുതൽ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്.
- ഓരോ അയൽക്കൂട്ടത്തിനകത്തും വരുന്ന പൊതുസ്ഥാപനങ്ങൾ (ഓഫീസുകൾ, സ്കൂളുകൾ, കൃഷിഭവൻ, ആശുപത്രി തുടങ്ങിയവ), പൊതുവകകൾ (റോഡ്, പാലം, ഇലക്ട്രിസിറ്റി ബോർഡിന്റെ സഹായത്തോടെ വൈദ്യുതിലൈൻ, തെരുവുവിളക്ക്, വെയിറ്റിങ്ങ് ഷെഡ്, ചന്ത തുടങ്ങിയവ) എന്നിവയുടെ സംരക്ഷണം, നടത്തിപ്പ്, പ്രവർത്തന വിലയിരുത്തൽ എന്നിവ അയൽക്കൂട്ടങ്ങൾ ഏറ്റെടുക്കണം. അതു സംബന്ധിച്ച വിവരം ഗ്രാമസഭയിൽ

ചർച്ചയ്ക്ക് വയ്ക്കേണ്ടതാണ്.

- അയൽക്കൂട്ടങ്ങൾക്ക് അവരുടെ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ ചെറുപ്രോജക്റ്റുകൾ പഞ്ചായത്ത് നിർദ്ദേശത്തിനു വിധേയമായി തയ്യാറാക്കി നൽകാവുന്നതാണ്.
- അയൽക്കൂട്ടത്തിനകത്തു ലഭിക്കുന്ന ആനുകൂല്യങ്ങൾ, പൊതുപ്രവർത്തനങ്ങൾ എന്നിവയുടെ വിനിയോഗം ഫലപ്രദമാക്കാൻ സഹായിക്കലും നിരന്തരമായ മോണിറ്ററിങ്ങും വിലയിരുത്തലും നടത്തി അതു ഗ്രാമസഭയിൽ അവതരിപ്പിക്കലും.
- പൊതുമുതൽ നശിപ്പിക്കൽ, സാമൂഹികവിരുദ്ധപ്രവർത്തനങ്ങൾ എന്നിവയെ ശക്തമായി എതിർക്കാനും അതു ഗ്രാമസഭയുടെ പൊതുചർച്ചയ്ക്കായി കൊണ്ടുവരാനും കഴിയണം.
- നിർമാണപ്രവർത്തനങ്ങൾ ഏറ്റെടുത്തു ചെയ്യുക.
- ഗ്രാമസഭയ്ക്ക്, ഗ്രാമപഞ്ചായത്തിന് ആവശ്യമായ വൈദഗ്ധ്യമുള്ളവരെ ഓരോ അയൽക്കൂട്ടത്തിൽ നിന്നും ലഭ്യമാക്കാനുള്ള സംവിധാനവും ഇടപെടലും ഉണ്ടാക്കുക.
- സന്നദ്ധപ്രവർത്തനം, സംഭാവന എന്നിവ സാധ്യമാക്കുക.
- അയൽക്കൂട്ടത്തിന്റെ നടത്തിപ്പ്, പ്രശ്നപരിഹാരങ്ങൾ, ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ, ഉദ്പാദനം, തൊഴിൽ എന്നിവ മുൻനിർത്തി ചെറുപ്രോജക്ടുകൾ തയ്യാറാക്കുക.
- അയൽക്കൂട്ടങ്ങളിലെ സ്ഥായിയായ പ്രശ്നപരിഹാരത്തിന് ഓരോ പൗരനും വാർഡുമൊത്തമായും പഞ്ചായത്തുതലത്തിലും എന്തൊക്കെ ചെയ്യണം, ജീവിതശൈലിയിൽ എന്തു മാറ്റംവരുത്തണം, ഇതിനായി എന്തൊക്കെ നിർബന്ധമായും അനുഷ്ഠിക്കണം എന്നിവ ചർച്ചചെയ്ത് തയ്യാറാക്കണം. ഇത് ഗ്രാമസഭകളിൽ ചർച്ചചെയ്ത് അംഗീകാരം നേടി, ക്രോഡീകരിച്ച് പഞ്ചായത്തിനു നൽകണം. ഇതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് നയം രൂപവത്കരിക്കേണ്ടത്.

ഇത്തരത്തിൽ പ്രാദേശികമായി വിഭാവനം ചെയ്യാവുന്ന എന്തൊക്കെ പ്രവർത്തനങ്ങൾ വേണമെങ്കിലും നടപ്പിലാക്കാൻ അയൽക്കൂട്ടങ്ങൾക്കു സ്വാതന്ത്ര്യം ഉണ്ടാവണം. അയൽക്കൂട്ടത്തിനു വേണമെങ്കിൽ ചികിത്സാഫണ്ട്, അടിയന്തിരസഹായ ഫണ്ട് എന്നിങ്ങനെ ഫണ്ടുകൾ ശേഖരിക്കാവുന്നതാണ്. ഇവയെല്ലാം ചേർത്ത് വ്യക്തമായ ഒരു പ്രവർത്തന മാർഗ്ഗരേഖ പ്രാദേശികമായി ഉണ്ടാക്കുന്നതു നന്നായിരിക്കും.



*പ്രാദേശികമായി വിഭാവനം ചെയ്യാവുന്ന എന്തൊക്കെ പ്രവർത്തനങ്ങൾ വേണമെങ്കിലും നടപ്പിലാക്കാൻ അയൽക്കൂട്ടങ്ങൾക്കു സ്വാതന്ത്ര്യം ഉണ്ടാവണം.*

**അയൽക്കൂട്ട സംവിധാനം**



# 6
# ഗ്രാമസഭ എങ്ങനെയാവണം

**പൊ**തുജനത്തിന് ഭരണത്തിൽ പങ്കാളികളാകാനും, അധികാരം അവരുടെ കൈയെത്തുന്ന ദൂരത്തിൽ ഫലപ്രദമായി വിനിയോഗിക്കാനും കഴിയുന്ന ഇടമാണ് ഗ്രാമസഭ. അതിനാൽ നിലവിലുള്ള നിയമത്തിനുള്ളിൽ നിന്നുകൊണ്ടുതന്നെ, ആത്യന്തിക അധികാരികളായ വോട്ടർമാരുടെ സഭയായ ഗ്രാമസഭ അതിന്റെ സാധ്യതകൾ മുഴുവൻ തിരിച്ചറിഞ്ഞ് എങ്ങനെ പ്രവർത്തിക്കാമെന്ന് ആലോചിക്കേണ്ടത് അത്യാവശ്യമാണ്. പൗരന്റെ അധികാരവും അവകാശവും ഉത്തരവാദിത്വവും നിർവ്വഹിക്കാൻ കഴിയുന്ന ഒരിടമായും, അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ തരണംചെയ്യാൻ സഹായകമായ ഒരു പിന്തുണാസംവിധാനമായും മാറിയാലേ ഗ്രാമസഭ പങ്കാളിത്തം കൊണ്ടും കാര്യശേഷികൊണ്ടും ശക്തമാകൂ. അതിനായി നാം കൂട്ടായി ആലോചിച്ച് നടപ്പിലാക്കേണ്ട ചില കാര്യങ്ങൾ കൂടി ചുവടെ ചേർക്കുന്നു:

- ഗ്രാമസഭയുടെ അധികാരം, ചുമതല, ഉത്തരവാദിത്വം, നടപടിക്രമങ്ങൾ, തുടർനടപടികൾ എന്നിവ സംബന്ധിച്ച് പൊതുജനത്തെ ബോധ്യപ്പെടുത്തണം. അത് വാക്കുകളിൽക്കൂടി മാത്രം പോരാ, പ്രവൃത്തിയിൽക്കൂടി ആകണം എന്നതിനാൽ ഓരോ ഗ്രാമസഭാ പ്രദേശത്തും പത്തുപതിനഞ്ച് പേർക്ക് (പ്രധാനമായും അയൽക്കൂട്ടം ഭാരവാഹികൾ, വാർഡു വികസനസമിതി അംഗങ്ങൾ, ഗ്രാമസഭാ സംഘാടകസമിതി അംഗങ്ങൾ തുടങ്ങിയവർക്ക്) ഇവ സംബന്ധിച്ച് നല്ല അവബോധം ഉണ്ടാക്കുകയും ക്രിയാത്മകമായി ഇടപെടാനും മറ്റുള്ളവരെ ഇടപെടുത്താനും വേണ്ട പരിശീലനം നൽകുകയും വേണം. കൂടാതെ പഞ്ചായത്തിൽ നടത്തുന്ന ഏതൊരു പ്രവർത്തനവും ഈ സംവിധാനങ്ങളെ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുന്നതരത്തിലും, അവരെക്കൂടി ബന്ധിപ്പിക്കുന്ന തരത്തിലുമാവാൻ ഭരണനേതൃത്വം നൽകുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കൂടാതെ പഞ്ചായത്തിൽ ലഭിക്കുന്ന ഓർഡറുകൾ, നിയമപരമായ മാറ്റം

*നിലവിലുള്ള നിയമത്തിനുള്ളിൽ നിന്നുകൊണ്ടുതന്നെ, ആത്യന്തിക അധികാരികളായ വോട്ടർമാരുടെ സഭയായ ഗ്രാമസഭ അതിന്റെ സാധ്യതകൾ മുഴുവൻ തിരിച്ചറിഞ്ഞ് എങ്ങനെ പ്രവർത്തിക്കാമെന്ന് ആലോചിക്കേണ്ടത് അത്യാവശ്യമാണ്.*



*എല്ലാവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രശ്നങ്ങളും ചർച്ചചെയ്യാനും പരിഹാരം കാണാനുമുള്ള തുറന്ന വേദികളായി ഗ്രാമസഭ മാറണം.*



എന്നിവ യഥാസമയം ഇവരെക്കൂടി ബോധ്യപ്പെടുത്താനുള്ള സ്ഥിരം സംവിധാനമുണ്ടാക്കിയാൽ ഭരണം കൂടുതൽ ജനപിന്തുണയോടെ കരുത്തുറ്റതാകും.

- ഗ്രാമസഭാ ക്യാമ്പയിൻ നടത്തുകവഴി വിവിധമേഖലയിൽ വൈദഗ്ധ്യമുള്ളവർ, വിദ്യാസമ്പന്നർ, പരിചയസമ്പന്നർ എന്നിവരെ ഗ്രാമസഭയിൽ കൊണ്ടുവരാനും അവരുടെ കഴിവ് വിനിയോഗിക്കാൻ ഉതകുന്ന തരത്തിലുള്ള അവസരം ഉണ്ടാക്കാനും കഴിയണം. ക്രമേണ, ഗ്രാമസഭയിൽ പങ്കെടുക്കാതിരിക്കുന്നത് പൗരബോധമുള്ള ഏവർക്കും വലിയ നാണക്കേടാണെന്ന എന്ന ബോധം വ്യാപകമാക്കാൻ കഴിയണം.
- സംഘങ്ങൾക്ക്/സംഘടനകൾക്ക് ഗ്രാമസഭയിൽ ആളുകളെ പങ്കെടുപ്പിക്കുന്നതിലും ഗ്രാമസഭയ്ക്കു മുൻപുതന്നെ അതിലെ അജണ്ടകൾ ചർച്ചചെയ്ത് വ്യക്തത ഉണ്ടാക്കാൻ നാടിന്റെ വികസനത്തെക്കുറിച്ച് ചെറുപഠനങ്ങൾ, ചർച്ചകൾ എന്നിവയിലൂടെ ധാരണ ഉണ്ടാക്കുന്നതിലും മുഖ്യപങ്കു വഹിക്കാനുണ്ട്. വികസനത്തിൽ വ്യക്തികളുടെയും സംഘടനകളുടെയും ഔദ്യോഗികരംഗത്തിന്റെയും പങ്ക് വ്യക്തമാക്കൽ, സോഷ്യൽ ഓഡിറ്റിനുവേണ്ട സംവിധാനം ഒരുക്കൽ, ഗ്രാമസഭയെ ഭരണത്തെ നിയന്ത്രിക്കുന്ന സമ്മർദ്ദഗ്രൂപ്പാക്കി മാറ്റൽ, പൊതുപ്രശ്നങ്ങൾ ഗ്രാമസഭ മുൻപാകെ കൊണ്ടുവരൽ എന്നിവയിലൊക്കെ ഇത്തരം സംഘടനകൾക്ക് വളരെ വലിയ പങ്കു വഹിക്കാനാകും.
- ഗ്രാമസഭയും അധികാരവികേന്ദ്രീകരണവും പാഠ്യവിഷയമാക്കി മാറ്റണം. ഇത് പൊതുപാഠ്യവിഷയമായി വരുന്നതിനു മുൻപുതന്നെ ചെറുസംഘടനകളുടെ നേതൃത്വത്തിൽ (അയൽക്കൂട്ടങ്ങൾ വഴിയും) കുട്ടികളെക്കൊണ്ട് ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട് (ഗ്രാമസഭ, ഇന്നത്തെ സ്ഥിതി, സാധ്യത, വികസനകാഴ്ചപ്പാട്, നാട്ടിലെ പ്രശ്നങ്ങൾ തിരിച്ചറിയൽ, പരിഹരിക്കാനുള്ള മാർഗ്ഗം തേടൽ തുടങ്ങിയവയാകാം) ചെറുപഠനങ്ങൾ നടത്തൽ, ഗ്രാമസഭകളിൽ അത് അവതരിപ്പിക്കാനുള്ള അവസരമുണ്ടാക്കൽ, കുട്ടികൾ അവതരിപ്പിച്ചത് ഗ്രാമസഭ ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കൽ തുടങ്ങിയവ ചെയ്യുന്നത് വരുംതലമുറയെ ഇതിൽ കൂടുതൽ ഇടപെടാനും ചിന്തിക്കുവാനും അവസരമൊരുക്കും. കൂടാതെ അവർ പഠിക്കുന്ന വിഷയങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിലൂടെ നല്ല കാഴ്ചപ്പാട് ഉണ്ടാക്കാനും അവരുടെ ജീവിതത്തിൽ ലക്ഷ്യബോധമുണ്ടാ

ക്കാനും സാമൂഹിക പ്രതിബദ്ധത ഉണ്ടാക്കാനും സഹായകമാകും. അതിനായി കുടുംബശ്രീകളുടെ നേതൃത്വത്തിൽ തുടങ്ങിയ ബാലസഭകളെ ഉപയോഗിക്കാവുന്നതാണ്. ഇവർ നടത്തിയ പഠനങ്ങളും നിർദ്ദേശങ്ങളും ഗ്രാമസഭ ചർച്ചചെയ്ത്/വർക്കിങ്ങ് ഗ്രൂപ്പ് ചർച്ചചെയ്ത് പ്ലാനിന്റെ ഭാഗമാക്കാവുന്നത് അതിൽ ഉൾപ്പെടുത്തണം.

- എല്ലാവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രശ്നങ്ങളും ചർച്ചചെയ്യാനും പരിഹാരം കാണാനുമുള്ള തുറന്ന വേദികളായി ഗ്രാമസഭ മാറണം.
- ഓരോരുത്തരെയും ബാധിക്കുന്ന വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, ഭക്ഷണം, പാർപ്പിടം, ജീവിതസാഹചര്യം തുടങ്ങി എല്ലാ പ്രശ്നങ്ങളും ഗ്രാമസഭയിൽ തുറന്നു പറയാൻ കഴിയണം; അവയ്ക്ക് കൂട്ടായി പരിഹാരം കാണാനും കഴിയണം.
- ഗ്രാമസഭയിൽ അവതരിപ്പിക്കപ്പെടുന്ന പ്രശ്നത്തിന്റെയും വിഷയത്തിന്റെയും കാരണം, പരിഹാരം, അതിൽ ഓരോരുത്തരുടെയും പങ്ക് എന്ന രീതിയിൽ ചർച്ചയും ചിന്തയും നടന്നാൽ മാത്രമേ ഗ്രാമസഭ ഗൗരവമുള്ളതായി മാറുകയുള്ളൂ.
- കഴിഞ്ഞ മൂന്നുമാസം പഞ്ചായത്തിൽനിന്നും, പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽനിന്നും നൽകിയ മുഴുവൻ സേവനങ്ങളും (സേവനമായും വികസനമായും രേഖകൾ നൽകുന്നതിലും പ്രശ്നപരിഹാരമായുമൊക്കെ) ഈ ഗ്രാമസഭാപ്രദേശത്ത് ആർക്കൊക്കെ ലഭിച്ചുവെന്ന് ഗ്രാമസഭയിൽ അവതരിപ്പിക്കണം. പഞ്ചായത്തിലെ മുഴുവൻ ആളുകളും ഒരു തരത്തിലല്ലെങ്കിൽ വേറൊരുതരത്തിൽ പഞ്ചായത്തിന്റെ ഗുണം പറ്റുകയും എന്നാൽ ഇതൊന്നുംകൊണ്ട് യാതൊരു ഗുണവുമില്ല, അതിനാൽ ഗ്രാമസഭയിൽ പങ്കെടുക്കുന്നില്ല എന്നുപറഞ്ഞ് മാറിനിൽക്കുന്നവരുമാണ്.
- പഞ്ചായത്തിന് നേരിട്ട് ലഭിക്കുന്ന തർക്കങ്ങൾ, പരാതികൾ എന്നിവ (രഹസ്യസ്വഭാവം വേണ്ടാത്തതു മാത്രം) ഗ്രാമസഭ മുൻപാകെ കൊണ്ടുവരണം. കൂടാതെ ആ പ്രദേശത്തെ പൊലീസ് ഉദ്യോഗസ്ഥർക്ക് ഗ്രാമസഭയിൽ പങ്കെടുക്കാനുള്ള അവസരമൊരുക്കണം.
- കഴിഞ്ഞ ഗ്രാമസഭയുടെ തീരുമാനങ്ങൾ വായിക്കാനും അവയുടെ നടത്തിപ്പ് ചർച്ചചെയ്യാനും അവസരം ഗ്രാമസഭയിൽ ഉണ്ടാവണം.
- രണ്ടു വാർഡുകളെ സംബന്ധിക്കുന്ന കാര്യത്തിനായി സംയുക്ത സമിതികൾക്ക് രൂപംനൽകി പ്രവർത്തിപ്പിക്കണം.
- ഗുണഭോക്തൃപ്രദേശം, ഗുണഭോക്താക്കൾ

*ഗുണഭോക്തൃപ്രദേശം, ഗുണഭോക്താക്കൾ എന്നിവ നിശ്ചയിക്കുന്നതിനുള്ള അർഹതാമാനദണ്ഡവും മുൻഗണനാമാനദണ്ഡവും ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ചചെയ്ത് അന്തിമമാക്കണം. അതിനുമുമ്പ് അയൽക്കൂട്ടങ്ങളിൽ വിശദമായി ചർച്ചയ്ക്കു വയ്ക്കണം.*



എന്നിവ നിശ്ചയിക്കുന്നതിനുള്ള അർഹതാമാനദണ്ഡവും മുൻഗണനാമാനദണ്ഡവും ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ചചെയ്ത് അന്തിമമാക്കണം. അതിനുമുമ്പ് അയൽക്കൂട്ടങ്ങളിൽ വിശദമായി ചർച്ചയ്ക്കു വയ്ക്കണം.

- വരവുചെലവു കണക്ക് ചർച്ചചെയ്യാൻ പ്രത്യേകം ഗ്രാമസഭ വിളിക്കണം. അതിനു മുമ്പ് ഇതു സംബന്ധിച്ച് അയൽക്കൂട്ടം കൂടി ചർച്ചചെയ്യുന്നതു നന്നായിരിക്കും. ഇത്തരം ഗ്രാമസഭകളിലും ആസൂത്രണ ഗ്രാമസഭകളിലും ധനകാര്യസ്ഥാപനങ്ങളിലെ ജീവനക്കാർ, തെരഞ്ഞെടുക്കപ്പെട്ട സമിതി ഉള്ളിടത്ത് (ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ പോലെ) അവർക്കും പങ്കെടുക്കാൻ അവസരം ഉണ്ടാവണം.
- പഞ്ചായത്തിന്റെ അധികാരത്തെ ബാധിക്കുന്നതും പഞ്ചായത്ത് അഭിമുഖീകരിക്കേണ്ടിവരുന്നതുമായ തർക്കങ്ങൾ, പ്രശ്നങ്ങൾ, തടസ്സങ്ങൾ എന്നിവ (ഭരണരംഗത്ത്, വികസനരംഗത്ത്, നിയന്ത്രണാധികാരം വിനിയോഗിക്കുന്നതിൽ) ഗ്രാമസഭയിൽ അവതരിപ്പിച്ച് കൂട്ടായ ചർച്ച നടത്തണം. അതു പരിഹരിക്കാൻ കൂട്ടായി ഇടപെടുകയും വേണം.
- പഞ്ചായത്തിൽ രൂപവത്കരിക്കുന്ന വർക്കിങ്ഗ്രൂപ്പിന്റെ അംഗങ്ങളുടെ പേരും മറ്റു വിവരങ്ങളും ഏതൊക്കെ മേഖലയ്ക്ക് വേണ്ടിയാണെന്നുള്ള വിവരവും ആസൂത്രണഗ്രാമസഭയിൽ അവതരിപ്പിക്കണം. തുടർന്നുവരുന്ന ഗ്രാമസഭയിൽ അവരുടെ പ്രവർത്തനറിപ്പോർട്ട് വർക്കിങ്ഗ്രൂപ്പ് കൺവീനർ എന്ന നിലയിൽ പഞ്ചായത്ത് സെക്രട്ടറി അവതരിപ്പിക്കുന്നതിനും ഓരോ വർക്കിങ്ഗ്രൂപ്പും അവരുടെ മോണിറ്ററിങ് റിപ്പോർട്ട് ഓരോ ഗ്രാമസഭയിലും അവതരിപ്പിക്കുന്നതിനുമുള്ള സംവിധാനം ഉണ്ടാവണം.
- ഒരേസമയത്ത് പരമാവധി രണ്ട് ഗ്രാമസഭയ്ക്കപ്പുറം കൂടാതിരിക്കുക.
- അതത് ഗ്രാമസഭയുടെ പ്രദേശത്തുവരുന്ന സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ചും മറ്റു സ്ഥാപനങ്ങളുടെ പൊതുനടത്തിപ്പിനെക്കുറിച്ചും വിലയിരുത്താനുള്ള അവസരം ഗ്രാമസഭയ്ക്ക് ഉണ്ടാവണം. അതിനായുള്ള പരിശീലനവും നൽകണം.
- എല്ലാം ഉന്നയിച്ചുകഴിഞ്ഞാൽ നമ്മുടെ ജോലി അവസാനിച്ചു എന്നു വിചാരിക്കാതെ, എല്ലാം തരേണ്ട ജോലി പഞ്ചായത്തിനുള്ളതാണെന്നു കരുതാതെ അവരവരുടെ ഉത്തരവാദിത്വങ്ങളും കടമകളും നിർവഹിക്കേണ്ടതുണ്ടെന്നും കൂട്ടായി മാത്രമേ പ്രശ്ന



*അതത് ഗ്രാമസഭയുടെ പ്രദേശത്തുവരുന്ന സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ചും മറ്റു സ്ഥാപനങ്ങളുടെ പൊതുനടത്തിപ്പിനെക്കുറിച്ചും വിലയിരുത്താനുള്ള അവസരം ഗ്രാമസഭയ്ക്ക് ഉണ്ടാവണം.*

പരിഹാരം സാധ്യമാകൂ എന്നും ബോധ്യപ്പെടുത്തുന്നത് ഗ്രാമസഭയെ കാര്യക്ഷമമാക്കുന്നതിൽ വളരെ പ്രാധാനമാണ്.

- പഞ്ചായത്ത് ഓഫീസിൽനിന്നും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽനിന്നും എന്തൊക്കെ സേവനങ്ങൾ ലഭിക്കുന്നു, അവ എന്തിന്റെ അടിസ്ഥാനത്തിലാണ് ലഭിക്കുന്നത്, അതിന് എന്തൊക്കെയാണ് ചെയ്യേണ്ടത്, അതിന്റെ രീതി, കാലയളവ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ച് ആളുകളെ ബോധ്യപ്പെടുത്തി അതനുസരിച്ച് പ്രതികരിക്കാൻ ശീലിപ്പിക്കണം. എന്നുമാത്രമല്ല പൗരാവകാശരേഖയുടെ നടത്തിപ്പ് ഗ്രാമസഭ നിരന്തരം മോണിറ്റർ ചെയ്യണം.
- പൊതുസ്ഥാപനവും കെട്ടിടവും വസ്തുവും എല്ലാം പൊതുജനത്തിന്റേതാണെന്നും അതു സംരക്ഷിക്കപ്പെടേണ്ട ഉത്തരവാദിത്വം ജനത്തിനുണ്ടെന്നും ബോധ്യപ്പെടുത്തണം. കാലാകാലങ്ങളിൽ അതിന്റെ സംരക്ഷണത്തിന് അഥവാ അവിടത്തെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാൻ അതത് പ്രദേശത്തെ ആളുകളെ/അയൽക്കൂട്ടങ്ങളെ ഗ്രാമസഭ ചുമതലപ്പെടുത്തുകയും ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭകളിൽ അവയുടെ പ്രവർത്തനം വിലയിരുത്തുകയും വേണം. ഇവ സ്ഥാപനങ്ങളുടെ മാത്രം കാര്യമല്ല. ഒരു റോഡ് തന്നെ എടുക്കാം. റോഡുവക്കത്ത് മണൽ, മണ്ണ്, കല്ല്, തടി എന്നിവ ഇറക്കിയിട്ട് തടസ്സം സൃഷ്ടിക്കുക, ഓടകൾ മൂടുക, ചപ്പുചവറുകൾ റോഡിൽ കൊണ്ട് കൂട്ടുക എന്നിവയടക്കമുള്ള വിഷയങ്ങളും അയൽക്കൂട്ടങ്ങൾ ഗ്രാമസഭയിൽ ചർച്ചയ്ക്കുകൊണ്ടുവരണം. അതിനുവേണ്ട നിയമങ്ങൾ പ്രാദേശികമായി ഉണ്ടാക്കാൻ വേണ്ട നിർദ്ദേശം തയ്യാറാക്കി പഞ്ചായ



*പഞ്ചായത്ത്-വാർഡുതല പ്ലാറ്റ്ഫോമുകളിൽ ചർച്ചചെയ്ത വിഷയം, തീരുമാനം, ആസൂത്രണം ചെയ്ത പരിപാടികൾ എന്നിവ ഗ്രാമസഭയിൽ അവതരിപ്പിക്കണം. അതിനായി പഞ്ചായത്തുതലത്തിലും വാർഡുതലത്തിലും പൊതുവേദികൾ ഉണ്ടാക്കാവുന്നതാണ്.*



ത്തിനു നൽകാനും മോണിറ്ററിങ്ങ് ചുമതല ഏൽക്കാനും ഗ്രാമസഭയും അയൽക്കൂട്ടവും തയ്യാറാവണം.

- ഇത്തരത്തിൽ പൊതുവായതെല്ലാം പൊതുജനത്തിന് അവകാശപ്പെട്ടതും ഉത്തരവാദിത്വമുള്ളവയുമാണെന്ന തോന്നൽ ഉണ്ടാക്കാനാകണം. ഇവയുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ പ്രശ്നത്തിലും തങ്ങളും ഇടപെട്ട് പരിഹരിക്കേണ്ടതുണ്ടെന്നും, അവ യഥാസമയം മോണിറ്റർ ചെയ്യേണ്ടതുണ്ടെന്നും, ഇവയെല്ലാം ഗ്രാമസഭകളിൽ ചർച്ച ചെയ്ത് പരിഹരിക്കപ്പെടേണ്ടതാണെന്നും ഒരു തോന്നൽ ഉണ്ടാക്കാൻ കഴിയണം.
- പൊതുജനത്തിന് ഭരണത്തിൽ പങ്കാളികളാകാനുള്ള ഒരിടമാണ് ഗ്രാമസഭ എന്നു പറയുമ്പോൾ അത് ഗ്രാമപഞ്ചായത്തിന്റെ ഭരണം മാത്രമാണ് എന്നു ചുരുക്കിക്കാണരുത്. കേന്ദ്രഗവൺമെന്റ് മുതൽ താഴോട്ടുള്ള എല്ലാ ഭരണസംവിധാനത്തെയും വിലയിരുത്താൻ അവകാശമുള്ള/അധികാരമുള്ളവരുടെ കൂട്ടമായി ഗ്രാമസഭ മാറണം. കാരണം വോട്ടവകാശമുള്ള പൗരന്മാരുടെ കൂട്ടായ്മയാണ് ഗ്രാമസഭ.
- പഞ്ചായത്തിലുള്ള എല്ലാ കമ്മറ്റിക്കാരുടെയും പ്രവർത്തനം ഗ്രാമസഭയിൽ റിപ്പോർട്ടു ചെയ്യണം (ജാഗ്രതാസമിതി രഹസ്യമായി സൂക്ഷിക്കേണ്ട കേസുവിവരങ്ങൾ ഒഴികെ).
- പഞ്ചായത്ത്-വാർഡുതല പ്ലാറ്റ്ഫോമുകളിൽ ചർച്ചചെയ്ത വിഷയം, തീരുമാനം, ആസൂത്രണം ചെയ്ത പരിപാടികൾ എന്നിവ ഗ്രാമസഭയിൽ അവതരിപ്പിക്കണം. അതിനായി പഞ്ചായത്തുതലത്തിലും വാർഡുതലത്തിലും പൊതുവേദികൾ ഉണ്ടാക്കാവുന്നതാണ്.

ഇത്തരത്തിൽ ലഭ്യമായ അധികാരത്തിൽ നിന്നുകൊണ്ടുതന്നെ, ഓരോ വോട്ടറും പരമാധികാരികളാണ് എന്ന ആശയത്തിൽ ഊന്നി അവരുടെ കൂട്ടായ്മയായ ഗ്രാമസഭയ്ക്ക്, അവർക്കുവേണ്ടി ഭരണം നടത്തുന്ന ഏതൊരു ഭരണകൂടത്തിന്റെയും പൊതുജനസേവകരായ ഉദ്യോഗസ്ഥരുടെയും അവരവരുടെ തന്നെയും പ്രവർത്തനങ്ങൾ വിലയിരുത്താനും തിരുത്താനും ഇടപെടാനും സഹായിക്കാനും സ്വയം പ്രവർത്തിക്കാനും പൊതുനിയമം നടപ്പിലാക്കാൻ സഹായകമായ രീതിയിൽ പ്രാദേശികമായി ഉപനിയമങ്ങൾ ഉണ്ടാക്കാനും അതിനു പ്രേരിപ്പിക്കാനും നടപ്പിലാക്കാനും അനുസരിക്കാനും പരമാധികാരവും ഉത്തരവാദിത്വവുമുണ്ട് എന്നത് നാം വിസ്മരിച്ചുകൂടാ.